सत्यमेव जयते

# ഇന്ത്യയുടെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട്

# ഉജ്ജ്വൽ ഡിസ്കോം അഷ്വറൻസ് യോജനയ്ക്ക് മുൻപും ശേഷവും ഉള്ള കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രകടനം

भारतीय लेखापरीक्षा और लेखा विभाग ✦ INDIAN AUDIT AND ACCOUNTS DEPARTMENT

लोकहितार्थ सत्यनिष्ठा
Dedicated to Truth in Public Interest

## കേരള സർക്കാർ

2022 വർഷത്തെ റിപ്പോർട്ട് നമ്പർ 5

(പ്രവർത്തനക്ഷമതാ ഓഡിറ്റ്)

# ഇന്ത്യയുടെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട്

# ഉജ്ജ്വൽ ഡിസ്കോം അഷ്വറൻസ് യോജനയ്ക്ക് മുൻപും ശേഷവും ഉള്ള കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രകടനം

**കേരള സർക്കാർ**

**2022 വർഷത്തെ റിപ്പോർട്ട് നമ്പർ 5**

**(പ്രവർത്തനക്ഷമതാ ഓഡിറ്റ്)**

www.cag.gov.in

# ഉള്ളടക്കം


| വിവരങ്ങൾ | | ക്രമ. നമ്പർ |
|---|---|---|
| മുഖവുര | | iii |
| മുഖ്യ സംഗ്രഹം | | v-viii |
| അദ്ധ്യായം- I | ആമുഖം | 1-4 |
| അദ്ധ്യായം- II | ഓഡിറ്റ് കണ്ടെത്തലുകൾ | 5-35 |
| അദ്ധ്യായം- III | നിരീക്ഷണവും വിലയിരുത്തലുകളും | 37-40 |
| അദ്ധ്യായം- IV | ഉപസംഹാരവും ശുപാർശകളും | 41-43 |
| | അനുബന്ധങ്ങൾ | 45-46 |
| | പ്രധാന പദങ്ങളുടെയും നിർവ്വചനങ്ങളുടെയും സഞ്ചലനം | 47-50 |

# മുഖവുര

കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ 31 മാർച്ച് 2021 -ൽ അവസാനിച്ച വർഷത്തേക്കുള്ള ഈ റിപ്പോർട്ട് കേരള സർക്കാരിന് സമർപ്പിക്കുന്നതിനായി തയ്യാറാക്കിയത് കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ (കർത്തവ്യങ്ങളും അധികാരങ്ങളും സേവന വ്യവസ്ഥകളും) നിയമം 1971-ന്റെ സെക്ഷൻ 19-എ-യിലെ വ്യവസ്ഥകൾ പ്രകാരം ആണ്.

2015-16 മുതൽ 2020-21 വരെയുള്ള കാലയളവിലെ 'ഉജ്ജ്വൽ ഡിസ്കോം അഷ്വറൻസ് യോജനയ്ക്ക് മുൻപും ശേഷവും ഉള്ള കാലയളവിലെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രകടനം' സംബന്ധിച്ച പ്രവർത്തനക്ഷമതാ ഓഡിറ്റിന്റെ ഫലങ്ങൾ ഈ റിപ്പോർട്ടിൽ അടങ്ങിയിരിക്കുന്നു.

ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങൾക്ക് അനുസൃതമായി ആണ് ഓഡിറ്റിംഗ് നിർവ്വഹിക്കപ്പെട്ടത്.

ഓഡിറ്റ് പ്രക്രിയയുടെ ഓരോ ഘട്ടത്തിലും കേരള സർക്കാരിൽ നിന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിന്നും ലഭിച്ച സഹകരണത്തിന് ഓഡിറ്റ് കൃതജ്ഞത രേഖപ്പെടുത്തുന്നു.

പരിഭാഷപ്പെടുത്തിയ കാര്യങ്ങളിൽ സംശയം ഉളവായാൽ, ഇംഗ്ലീഷ് പതിപ്പിനെ ആധികാരികമായി കരുതേണ്ടതാണ്.

# മുഖ്യ സംഗ്രഹം

# മുഖ്യ സംഗ്രഹം

## ആമുഖം

സംസ്ഥാനങ്ങളുടെ ഉടമസ്ഥതയിലുള്ള ഡിസ്കോമുകളുടെ ആരോഗ്യം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ നവംബർ 2015-ൽ ഭാരത സർക്കാരിന്റെ ഊർജ്ജ മന്ത്രാലയം ഉജ്ജ്വൽ ഡിസ്കോം അഷ്വറൻസ് യോജന (ഉദയ്) പദ്ധതി ആരംഭിച്ചു. ഡിസ്കോമുകളുടെ സാമ്പത്തിക ഗതിമാറ്റത്തിലൂടെയും പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുന്നതിലൂടെയും എല്ലാവർക്കും പ്രാപ്യമായതും താങ്ങാനാവുന്നതും ആയ 24 x 7 വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള പരിഷ്കാരങ്ങൾ പദ്ധതി വിഭാവനം ചെയ്തു. മാർച്ച് 2017-ൽ, ഭാരത സർക്കാർ, കേരള സർക്കാർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് (കെഎസ്ഇബിഎൽ) എന്നിവർ തമ്മിൽ ഒരു ത്രികക്ഷി ധാരണാപത്രം (എം.ഒ.യു) ഒപ്പുവച്ചു. ഉദയ് പദ്ധതിക്ക് കീഴിൽ കൈവരിക്കേണ്ട സാമ്പത്തിക ഗതിമാറ്റം സംബന്ധിച്ച് പരാമർശിക്കാതെ, പദ്ധതി പ്രകാരമുള്ള പ്രവർത്തന ലക്ഷ്യങ്ങൾ കൈവരിക്കേണ്ടുന്നതിന് ഓരോ കക്ഷിയും നിർവ്വഹിക്കേണ്ട കടമകൾ മാത്രമാണ് ധാരണാപത്രത്തിൽ വ്യക്തമാക്കിയിരുന്നത്.

മെച്ചപ്പെട്ട സാമ്പത്തിക പ്രകടനം, ലക്ഷ്യമിട്ട പ്രവർത്തന മെച്ചപ്പെടൽ, പദ്ധതിയിലും ത്രികക്ഷി ധാരണാപത്രത്തിലും വിഭാവനംചെയ്ത ഉദ്ധിഷ്ട ഫലങ്ങൾ എന്നീ ഉദ്ദേശ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള കെ.എസ്.ഇ.ബി.എൽ-ന്റെ പ്രകടനം വിലയിരുത്തുന്നതിനാണ് ഈ പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്തിയത്. ഉദയ്-ക്കു കീഴിലെ ഒരു മുഖ്യ ക്ഷമതാ സൂചകം ആയ മൊത്തം സാങ്കേതിക-വാണിജ്യ നഷ്ടം (എ.ടി.&സി. നഷ്ടം) കുറയ്ക്കുന്നതിനുള്ള കെഎസ്ഇബിഎൽ-ന്റെ പ്രകടനം വിലയിരുത്തുന്നതിനായി ആകെയുള്ള 43 റീസ്ട്രക്ചേർഡ് ആക്സിലറേറ്റഡ് പവർ ഡെവലപ്മെന്റ് & റിഫോംസ് പ്രോഗ്രാം (ആർ.-എ.പി.ഡി.ആർ.പി.) പട്ടണങ്ങളിൽ 12 എണ്ണത്തെ സാമ്പിൾ ആയി ഓഡിറ്റ് തെരെഞ്ഞെടുത്തു.

## ആസൂത്രണം

ധാരണാപത്രം അനുസരിച്ച്, നടപ്പിലാക്കുന്നതിനായി ടാർഗെറ്റുചെയ്ത വിവിധ പ്രവർത്തനങ്ങൾക്കായി എ.ടി.&സി. നഷ്ടം കുറയ്ക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച് കെഎസ്ഇബിഎൽ വിശദമായ പ്രവർത്തന പദ്ധതി തയ്യാറാക്കേണ്ടതുണ്ട്. കെഎസ്ഇബിഎൽ ഊർജ്ജ മന്ത്രാലയത്തിന് കർമ്മപദ്ധതി തയ്യാറാക്കി സമർപ്പിച്ചെങ്കിലും, എച്ച്.ടി:എൽ.ടി അനുപാതം മെച്ചപ്പെടുത്തൽ, ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ കപ്പാസിറ്റി ഒപ്റ്റിമൈസ് ചെയ്യൽ, കൂടുതൽ ആളില്ലാ 33 കെ.വി. സബ് സ്റ്റേഷനുകൾ നിർമ്മിക്കൽ തുടങ്ങിയവയുമായി ബന്ധപ്പെട്ട ജോലികൾ പൂർത്തിയായിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

## സാമ്പത്തിക മാനേജ്മെന്റ്

ധാരണാപത്രം ഒപ്പുവച്ചപ്പോൾ, രാജ്യത്തെ മറ്റ് ഡിസ്കോമുകളെ അപേക്ഷിച്ച് തങ്ങളുടെ കടസ്ഥിതി, സാമ്പത്തിക നഷ്ടം, എ.ടി.&സി. നഷ്ടം എന്നിവ താരതമ്യേന കുറവാണെന്ന് പ്രസ്താവിച്ചുകൊണ്ട്, ഡിസ്കോമിന്റെ കടബാധ്യത കേരള സർക്കാർ ഏറ്റെടുക്കുന്നതിൽ നിന്ന് കെഎസ്ഇബിഎൽ വിട്ട് നിന്നു. എന്നിരുന്നാലും, കെഎസ്ഇബിഎൽ അതിന്റെ സാമ്പത്തിക പ്രകടനം മെച്ചപ്പെടുത്തുകയും 2017-18, 2018-19 വർഷങ്ങളിൽ ലാഭം രേഖപ്പെടുത്തുകയും ചെയ്യുമെന്ന് ധാരണാപത്രം വിഭാവനം ചെയ്തു. എന്നാൽ, കെഎസ്ഇബിഎൽ-ന്റെ പ്രവർത്തനങ്ങൾ സാമ്പത്തിക നഷ്ടത്തിൽ കലാശിക്കുകയും, നഷ്ടം 2015-16-ലെ ₹696.96 കോടിയിൽ നിന്ന് 161.47 ശതമാനം വർദ്ധിച്ച് 2020-21-ൽ ₹1,822.35 കോടിയായി. കെഎസ്ഇബിഎൽ-ന്റെ ദീർഘകാല കടം 318.72 ശതമാനം വർധിച്ചു 2015-16ലെ ₹3,753.51 കോടിയിൽ നിന്ന് 2020-21-ൽ ₹15,716.79 കോടിയായി. ഇതിന്റെ മുഖ്യകാരണം ജീവനക്കാരുടെ പെൻഷൻ ബാധ്യത ആയിരുന്നു. ധാരണാപത്രത്തിൽ സാമ്പത്തിക വഴിത്തിരിവിന്റെ

ഭാഗം ഉൾപ്പെടാതിരുന്നതിനാൽ പദ്ധതിക്ക് കീഴിൽ കേരള സർക്കാർ കെഎസ്ഇബിഎൽ-ന്റെ കടം ഏറ്റെടുത്തില്ല.

2015-21 കാലയളവിൽ ജീവനക്കാരുടെ ആനുകൂല്യങ്ങൾക്കും വൈദ്യുതി വാങ്ങലിനുമായി കെ.എസ്.ഇ.ബി.എൽ വരുത്തിയ ചെലവ് ഗണ്യമായി വർദ്ധിച്ചു. എന്നാൽ, തങ്ങളുടെ 6,367 ജീവനക്കാരുടെ ശമ്പളത്തിനും അലവൻസുകൾക്കുമായി കെഎസ്ഇബിഎൽ ഉന്നയിച്ച ആവശ്യം കുറവ് വരുത്തിയിട്ടാണ് കെ.എസ്.ഇ.ആർ.സി 2017-18-ലെ കണക്കുകളുടെ ട്രൂയിംഗ് അപ്പ് ഉത്തരവുകൾ പുറപ്പെടുവിച്ചത് എന്നതിനാൽ ഇത് പൂർണ്ണമായി തിരിച്ചുപിടിക്കാൻ സാധിച്ചില്ല. ഡിസ്കോമിന്റെ കടം ഏറ്റെടുക്കുന്നത് ധാരണാപത്രത്തിൽ വിഭാവനം ചെയ്യാതെ, പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുന്നതിന് മാത്രമായി ഉദയ് പദ്ധതിക്ക് കീഴിൽ ധാരണാപത്രം നടപ്പിലാക്കിയതിനാൽ കെ.എസ്.ഇ.ബി.എൽ-ന് പദ്ധതിയുടെ ഉദ്ദേശിച്ച പ്രയോജനം ലഭിച്ചില്ല. എച്ച്.ടി., എൽ.ടി. ഉപഭോക്താക്കളിൽ നിന്ന് ഈടാക്കാവുന്ന വൈദ്യുതി ചാർജ്ജിന്റെ മൊത്തം കുടിശ്ശികയും ഉദയ് അനന്തര കാലഘട്ടത്തിൽ 10.40 ശതമാനം വർധിച്ച് ₹2,121.70 കോടിയിൽ നിന്ന് (മാർച്ച് 2017) ₹2,342.36 കോടിയായി (മാർച്ച് 2021).

## നടപ്പിലാക്കൽ

പദ്ധതി അനുസരിച്ച്, 2018-19 ആകുമ്പോഴേക്കും ശരാശരി വിതരണച്ചെലവും (എ.സി.എസ്.) ലഭ്യമായ ശരാശരി വരുമാനവും (എ.ആർ.ആർ.) തമ്മിലുള്ള അന്തരം ഇല്ലാതാക്കണം. ലക്ഷ്യമിട്ട പ്രകാരം എ.സി.എസ്-നും എ.ആർ.ആർ-നും ഇടയിലുള്ള വിടവ് കുറയുന്നതിന് പകരം, 2015-16-ൽ യൂണിറ്റിന് ₹0.31-ൽ നിന്ന് 2020-21-ൽ യൂണിറ്റിന് ₹0.72 വർദ്ധിക്കുകയാണ് ഉണ്ടായത്.

ധാരണാപത്രം പ്രകാരം, വിഭാവനം ചെയ്ത താരിഫ് പരിഷ്കരണം സാധ്യമാക്കുന്നതിന് കൃത്യസമയത്ത് താരിഫ് പെറ്റീഷനുകൾ കെഎസ്ഇബിഎൽ ഫയൽ ചെയ്യേണ്ടിയിരുന്നു. എന്നിരുന്നാലും, 2015-18 കാലയളവിൽ വൈദ്യുതി വിതരണ ചെലവ് വീണ്ടെടുക്കുന്നതിനുള്ള വാർഷിക താരിഫ് പെറ്റീഷനുകൾ ഫയൽ ചെയ്യുന്നതിൽ കാലതാമസം നേരിട്ടു. ട്രൂയിംഗ് അപ്പ് പെറ്റീഷനുകൾ ഫയൽ ചെയ്യുന്നതിലും കാലവിളംബം സംഭവിച്ചത് ₹6,778.74 കോടിയുടെ നികത്താത്ത സഞ്ചിത വരുമാന വിടവിന് കാരണമായി.

ഉദയ് ധാരണാപത്രം അനുസരിച്ച്, 2018-19-ഓടെ കെഎസ്ഇബിഎൽ എടി&സി നഷ്ടം 11 ശതമാനമായും പ്രസരണ നഷ്ടം 4.40 ശതമാനമായും കുറയ്ക്കേണ്ടതുണ്ട്. കെഎസ്ഇബിഎൽ-ന്റെ 2016-17-ലെ മൊത്തത്തിലുള്ള എടി&സി നഷ്ടം 12.48 ശതമാനത്തിൽ നിന്ന് 2018-19, 2019-20 വർഷങ്ങളിൽ 11 ശതമാനത്തിൽ താഴെയായി കുറയുകയും 2020-21 കാലയളവിൽ എടി&സി നഷ്ടം 11.18 ശതമാനമായി വർധിക്കുകയും ചെയ്തു. പ്രസരണ നഷ്ടം 2016-17ൽ 4.27 ശതമാനത്തിൽ നിന്ന് 2020-21-ൽ 3.63 ശതമാനമായി കുറഞ്ഞു. ഡിവിഷനുകളുടെ റിംഗ് ഫെൻസിംഗ് പൂർത്തിയാകാത്തതിനാൽ ഇലക്ട്രിക്കൽ ഡിവിഷനുകളിൽ ലക്ഷ്യമിട്ട എടി&സി നഷ്ടം അളക്കാനോ, രേഖപ്പെടുത്താനോ സാധ്യമായിരുന്നില്ല. കൂടാതെ, ഡാറ്റാ ശേഖരണം/നെറ്റ്‌വർക്ക് കമ്മ്യൂണിക്കേഷൻ പ്രശ്നങ്ങൾ കാരണം ചില ആർ-എ.പി.ഡി.ആർ.പി. പട്ടണങ്ങൾക്ക് എടി&സി നഷ്ടത്തിൽ ലക്ഷ്യമിട്ട കുറവ് കൈവരിക്കാനായില്ല.

200 യൂണിറ്റിൽ കൂടുതൽ പ്രതിമാസ ഉപയോഗമുള്ള ഉപഭോക്താക്കൾക്കായി സ്മാർട്ട് മീറ്ററിംഗ് സൊല്യൂഷൻ നടപ്പിലാക്കാൻ ഉദയ് ധാരണാപത്രം വിഭാവനം ചെയ്തു. കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിന് എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് സംവിധാനം നടപ്പിലാക്കണമെന്നും അത് അനുശാസിച്ചു. ഇന്റഗ്രേറ്റഡ് പവർ ഡെവലപ്മെന്റ് സ്കീമിന് (ഐപിഡിഎസ്) കീഴിൽ ₹38.94 കോടിയുടെ ഭാരത സർക്കാർ ഗ്രാന്റ് ലഭ്യമായിരുന്നെങ്കിലും, കെപിഎംജിയെ പ്രോജക്ട് മാനേജ്മെന്റ് ഏജൻസിയായി തെരഞ്ഞെടുത്തിട്ടും; ബിഡ്ഡിംഗ് പ്രക്രിയയും നടപ്പാക്കേണ്ട സ്ഥലങ്ങളും തീരുമാനിക്കുന്നതിലെ കാലതാമസം കാരണം കെഎസ്ഇബിഎൽ ഉപഭോക്താക്കൾക്കായി

സ്മാർട്ട് മീറ്ററിംഗ് നടപ്പിലാക്കിയില്ല. സൗജന്യ-ഓപ്പൺ സോഴ്സ് അധിഷ്ഠിത ഇആർപി സോഫ്റ്റ്‌വെയർ നൽകാൻ ലേലക്കാർ തയ്യാറാകാതിരുന്നതിനാൽ ഐപിഡിഎസിനു കീഴിൽ ₹22.76 കോടിയുടെ ഭാരത സർക്കാർ ഗ്രാന്റോടെ എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ഇആർപി) സംവിധാനം നടപ്പിലാക്കുന്നതും വൈകി. കെഎസ്ഇബിഎൽ പിന്നീട് ഈ സംവിധാനം സ്വന്തമായി വികസിപ്പിക്കാൻ തീരുമാനിച്ചു.

ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഉദയ് ധാരണാപത്രത്തിൽ പരാമർശിച്ചിരിക്കുന്ന മേഖലകളിലൊന്നാണ് ഉപഭോഗ നിയന്ത്രണം, അഥവാ, ഡിമാൻഡ് സൈഡ് മാനേജ്മെന്റ് (ഡിഎസ്എം). ഭാരത സർക്കാരിന്റെ ഡൊമെസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പദ്ധതിക്കു കീഴിൽ കെഎസ്ഇബിഎൽ ഗാർഹിക ഉപഭോക്താക്കൾക്ക് മൂന്ന് ഗഡുക്കളായി 1.41 കോടി എൽഇഡി ബൾബുകൾ വിതരണം ചെയ്തു. എന്നിരുന്നാലും, 2016 ജനുവരി മുതൽ ഡിസംബർ വരെ വിതരണം ചെയ്ത ആദ്യ ഗഡുവിലെ ബൾബുകളുടെ വിൽപ്പന വില തെറ്റായി നിശ്ചയിച്ചതിനാൽ ഉപഭോക്താക്കളിൽ നിന്ന് ₹38.71 ലക്ഷം അധികമായി ഈടാക്കി. കെഎസ്ഇബിഎൽ ഡിഎസ്എം ഫണ്ട് വിഹിതമായി ₹7.77 കോടിയും അധിക മാർജിൻ ആയി ₹1.42 കോടിയും ഉപഭോക്താക്കളിൽ നിന്ന് ഈടാക്കി. പദ്ധതി ലാഭം നേടാൻ ഉദ്ദേശിച്ചുള്ളതായിരുന്നില്ല എന്നതിനാൽ അത് അനുചിതമായിരുന്നു. ഉദയ് ധാരണാ പത്രത്തിൽ വിഭാവനം ചെയ്ത പ്രകാരം കാര്യക്ഷമമല്ലാത്ത അഞ്ച് ലക്ഷം കാർഷിക പമ്പ് സെറ്റുകളിൽ 10 ശതമാനമെങ്കിലും മാറ്റിസ്ഥാപിക്കുന്നതിനുള്ള ഡിഎസ്എം പദ്ധതി കെഎസ്ഇബിഎൽ നടപ്പാക്കിയില്ല.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, റിന്യൂവബിൾ പർച്ചേസ് ഒബ്ലിഗേഷനുകൾക്ക് (ആർപിഒ) നിശ്ചയിച്ചിട്ടുള്ള ലക്ഷ്യങ്ങൾ കൈവരിക്കാൻ കെഎസ്ഇബിഎൽ ബാധ്യസ്ഥമായിരുന്നു. പുനരുപയോഗ ഊർജ്ജത്തിന്റെ വികസനത്തിനായി പരിശ്രമിച്ചെങ്കിലും, ആർപിഒ ലക്ഷ്യം കെഎസ്ഇബിഎൽ കൈവരിച്ചില്ല. 2021 മാർച്ച് വരെ ആർപിഒകൾ നേടുന്നതിലെ കുറവ് നികത്താൻ കെഎസ്ഇബിഎൽ വാങ്ങേണ്ട റിന്യൂവബിൾ എനർജി സർട്ടിഫിക്കറ്റുകളുടെ മൂല്യം ₹495.95 കോടിയായി കണക്കാക്കി.

## നിരീക്ഷണവും വിലയിരുത്തലും

പദ്ധതിയുടെ നടത്തിപ്പിന്റെ നിരീക്ഷണം അപര്യാപ്തമാണെന്ന് കണ്ടെത്തി. ധാരണാ പത്രം അനുസരിച്ച്, സംസ്ഥാന ധനകാര്യ വകുപ്പിന്റെ ഒരു പ്രതിനിധി ഉൾകൊള്ളുന്ന സംസ്ഥാനതല നിരീക്ഷണ സമിതി (എസ്എൽഎൽഎംസി) കെഎസ്ഇബിഎൽ-ന്റെ പ്രകടനം അവലോകനം ചെയ്യേണ്ടതായിരുന്നു. എന്നാൽ, എസ്.എൽ.എൽ.എം.സി യുടെ യോഗങ്ങളുടെ ഒരു രേഖയും ഉണ്ടായിരുന്നില്ല. എസ്.എൽ.എൽ.എം.സി രൂപീകരിച്ചത് ധനകാര്യ വകുപ്പിന്റെ പ്രതിനിധി ഇല്ലാതെ ആയിരുന്നു.

എ.ടി.&സി. നഷ്ടം, മീറ്ററിംഗ്/ ബില്ലിംഗ്/ കളക്ഷൻ എന്നിവയുടെ കാര്യക്ഷമത എന്നീ മേഖലകളിൽ, ഉദയ് ധാരണാപത്രത്തിൽ വിഭാവനം ചെയ്തിട്ടുള്ള പ്രകാരം പ്രധാന പ്രകടന സൂചകങ്ങൾ (കെ.പി.ഐ.) കെ.എസ്.ഇ.ബി.എൽ. രൂപപ്പെടുത്തിയില്ല. കെപിഐകൾ വികസിപ്പിച്ച മറ്റ് മേഖലകളിൽ, കാര്യക്ഷമത വിലയിരുത്തുന്നതിന് മാനദണ്ഡങ്ങളൊന്നും ഉണ്ടായിരുന്നില്ല.

## ഉപസംഹാരം

ജീവനക്കാരുടെയും വൈദ്യുതി വാങ്ങലിന്റെയും ചെലവുകൾ കുറയ്ക്കാൻ കഴിയാതെ വന്നതിനാൽ ഉദയ്, ഉദയ്-അനന്തര കാലഘട്ടങ്ങളിൽ കെഎസ്ഇബിഎല്ലിന് സാമ്പത്തിക പ്രകടനത്തിൽ പുരോഗതി കൈവരിക്കാനായില്ല. ഉദയ് ധാരണാ പത്രത്തിലെ സാമ്പത്തിക ലക്ഷ്യങ്ങൾ നിശ്ചയിച്ചപ്പോൾ, ദീർഘകാല കരാറുകൾക്ക് കീഴിലുള്ള വൈദ്യുതി വാങ്ങൽ, പെൻഷൻ നല്കൽ, ജീവനക്കാരുടെ ശമ്പള പരിഷ്കരണം എന്നിവയ്ക്കുള്ള ബാധ്യതകൾ കെ.എസ്.ഇ.ബി.എൽ. പരിഗണിച്ചില്ല. മാത്രമല്ല, സാമ്പത്തിക വഴിത്തിരിവ് പാക്കേജിൽ നിന്ന് ഒഴിവാകാൻ തീരുമാനിക്കുകയും പ്രവർത്തനപരമായ സൂചികകൾ മെച്ചപ്പെടുത്തുന്നതിനായി മാത്രം

കരാറിൽ ഏർപ്പെടുകയും ചെയ്തതിനാൽ കെ.എസ്.ഇ.ബി.എല്ലിന് പദ്ധതിയുടെ പൂർണ്ണമായ നേട്ടംകൊയ്യാൻ കഴിഞ്ഞില്ല. തൽഫലമായി, 2015-21 കാലയളവിലെ എല്ലാ സാമ്പത്തിക വർഷങ്ങളിലും കെ.എസ്.ഇ.ബി.എൽ-ന്റെ പ്രവർത്തനങ്ങൾ തുടർച്ചയായ നഷ്ടത്തിൽ കലാശിച്ചു.

പ്രവർത്തന സൂചികകളെ സംബന്ധിച്ചിടത്തോളം, എ.സി.എസ്.-എ.ആർ.ആർ. വിടവ് ഇല്ലാതാക്കാനും സ്മാർട്ട് മീറ്ററിംഗ്, ഇ.ആർ.പി. പദ്ധതികൾ നടപ്പിലാക്കാനും ആർ.പി.ഓ-കൾക്കായി നിശ്ചയിച്ചിട്ടുള്ള ലക്ഷ്യം കൈവരിക്കാനും കെ.എസ്.ഇ.ബി.എൽ-ന് കഴിഞ്ഞില്ല. രൂപപ്പെടുത്തിയ കെ.പി.ഐ.-കൾക്ക് ബെഞ്ച്മാർക്കുകൾ ഇല്ലായിരുന്നു. കൂടാതെ എ.ടി.&സി. നഷ്ടം കുറയ്ക്കൽ, മീറ്ററിംഗ്/ബില്ലിംഗ്/ശേഖരണ കാര്യക്ഷമത എന്നീ മേഖലകളിൽ കെ.പി.ഐ.-കൾ രൂപപ്പെടുത്തിയില്ല. എ.ടി.&സി. നഷ്ടം 11 ശതമാനത്തിൽ താഴെയായി കുറച്ചത് 2020-21 കാലയളവിൽ നിലനിർത്താൻ സാധിച്ചില്ല എന്നത് സാമ്പത്തിക പ്രകടനത്തെ ബാധിച്ചു.

## ശുപാർശകൾ

ഭാരത സർക്കാരിന്റെ പദ്ധതികളുടെ ഉദ്ദേശിച്ച പ്രയോജനം സംസ്ഥാന സർക്കാരിനും അതിന്റെ സംരംഭങ്ങൾക്കും/കമ്പനികൾക്കും സ്ഥാപനങ്ങൾക്കും പൂർണ്ണമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഭാവിയിൽ, സാമ്പത്തികവും പ്രവർത്തനപരവുമായ/മറ്റ് പ്രത്യാഘാതങ്ങളുള്ള പദ്ധതികളെ പൂർണ്ണമായി വിശകലനം ചെയ്യുകയും അവയുടെ എല്ലാ വിധത്തിലും ഉള്ള നേട്ടങ്ങൾ കൈവരിക്കുകയും ചെയ്യുന്നുവെന്ന് കേരള സർക്കാർ ഉറപ്പാക്കണം എന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. വിവിധ പദ്ധതി കൾക്ക്/ പരിപാടികൾക്ക് കീഴിൽ കെ.എസ്.ഇ.ബി.എൽ. ഏറ്റെടുക്കുന്ന പ്രധാന പ്രോജക്ടുകളുടെ /ജോലികളുടെ പുരോഗതി കേരള സർക്കാർ ആനുകാലികമായി നിരീക്ഷിക്കാനും ശുപാർശ ചെയ്യുന്നു.

ഭരണപരവും വൈദ്യുതി വാങ്ങലും ആയി ബന്ധപ്പെട്ടതുമായ ചെലവുകൾ വെട്ടിക്കുറയ്ക്കുന്നതിന് കേരള സർക്കാർ/കെ.എസ്.ഇ.ബി.എൽ. ഉചിതമായ നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. ഇലക്ട്രിക്കൽ ഡിവിഷനുകളുടെ റിംഗ് ഫെൻസിംഗ്, ഡാറ്റാ അക്വിസിഷനു വേണ്ടിയുള്ള ഐ.ടി മൊഡ്യൂളുകളുടെ വികസനം, എനർജി ഓഡിറ്റിംഗ് എന്നിവയുമായി ബന്ധപ്പെട്ട ജോലികൾ ത്വരിതപ്പെടുത്തുകയും എല്ലാ ആർ-ഏ.പി.ഡി.ആർ.പി. പട്ടണങ്ങളിലെയും എ.ടി.&സി. നഷ്ടം നിരീക്ഷിക്കാനും നിയന്ത്രിക്കാനും നടപടികൾ കൈക്കൊള്ളുകയും വേണം. കൂടാതെ, എച്ച്.ടി.:എൽ.ടി. അനുപാതം മെച്ചപ്പെടുത്താനും കൂടുതൽ സ്ഥലങ്ങളിൽ എച്ച്.വി.ഡി.എസ്. നടപ്പിലാക്കാനും ജി.ഐ.എസ്.മാപ്പിംഗും എല്ലാ ഉപഭോക്താക്കളുടെയും ഇൻഡെക്സിംഗും ഉറപ്പാക്കാനും കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനായി ബെഞ്ച്മാർക്കുകളോടെ കെ.പി.ഐ-കൾ രൂപപ്പെടുത്താനും കെ.എസ്.ഇ.ബി.എൽ. ശ്രമിക്കണം. കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിന് സ്മാർട്ട് മീറ്ററിംഗ് സൊല്യൂഷനുകൾ നടപ്പിലാക്കുന്നതും ഊർജ്ജ സംരക്ഷണത്തിൽ മികച്ച ഫലങ്ങൾ നേടുന്നതിന് ഊർജ്ജ കാര്യക്ഷമത പ്രോഗ്രാമുകൾ നടപ്പിലാക്കുന്നതിനായി ബി.ഇ.ഇ., ഇ.ഇ.ഇ.എസ്.എൽ. എന്നിവയുമായി സഹകരിച്ച് പ്രവർത്തിക്കുന്നതും കെ.എസ്.ഇ.ബി.എൽ.-നു പരിഗണിക്കാവുന്നതാണ്. നഷ്ടം വർധിക്കുന്നതിനുള്ള കാരണങ്ങൾ കെഎസ്ഇബിഎൽ വിശകലനം ചെയ്യാനും അവ നിയന്ത്രണാതീതം ആകുന്നതിന് മുൻപ് തടയിടാനും, മനുഷ്യവിഭവ ശക്തിയെ യുക്തിസഹമാക്കാനും ജീവനക്കാരുടെ ചെലവ് കാര്യക്ഷമവും സുസ്ഥിരവുമായ തലത്തിലേക്ക് കൊണ്ടുവരാനും ശുപാർശ ചെയ്യുന്നു.

# അദ്ധ്യായം I

## ആമുഖം

# അദ്ധ്യായം I

# ആമുഖം

**1.1** കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ പിൻഗാമിയാണ്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, മാർച്ച് 1957ൽ കേരള സർക്കാർ 1948-ലെ ഇലക്ട്രിസിറ്റി (സപ്ലൈ) നിയമം പ്രകാരം കേരളത്തിലെ വൈദ്യുതി ഉത്പാദനം, പ്രക്ഷേപണം, വിതരണം എന്നിവയുടെ ബിസിനസ്സ് നടത്തുന്നതിന് രൂപീകരിച്ചതാണ്. 2003-ലെ ഇലക്ട്രിസിറ്റി നിയമം 131-ാം വകുപ്പ് പ്രകാരം 2013 ഒക്ടോബർ 31-ന് കേരള സർകാർ പുറപ്പെടുവിച്ച ഒരു വിജ്ഞാപനത്തിലൂടെ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ എല്ലാ ആസ്തികളും ബാധ്യതകളും അവകാശങ്ങളും കൂടാതെ കടപ്പാടുകളും പുതിയ കമ്പനി, അതായത് കെഎസ്ഇബിഎല്ലിൽ, നിക്ഷിപ്തമാക്കി. കെ.എസ്.ഇ.ബി.എൽ 1956-ലെ കമ്പനി നിയമം പ്രകാരം 2011 ജനുവരി 14-ന് റജിസ്റ്റർ ചെയ്യപ്പെടുകയും 1 നവംബർ 2013 മുതൽ ഒരു സ്വതന്ത്ര കമ്പനിയായി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. കെഎസ്ഇബിഎൽ കേരളത്തിലെ സർക്കാർ ഉടമസ്ഥതയിലുള്ള ഏക വൈദ്യുതി വിതരണ സ്ഥാപനമാണ്. ഉത്പാദനം, പ്രസരണം, വിതരണം എന്നീ പ്രവർത്തനങ്ങൾ മൂന്ന് തന്ത്രപരമായ ബിസിനസ് യൂണിറ്റുകളിലൂടെ (എസ്.ബി.യു), അതായത്, എസ്.ബി.യു-ജനറേഷൻ, എസ്.ബി.യു-ട്രാൻസ്മിഷൻ എസ്.ബി.യു-ഡിസ്ട്രിബ്യൂഷൻ എന്നിവയിലൂടെയാണ് കെ.എസ്.ഇ.ബി.എൽ നിർവ്വഹിക്കുന്നന്നത്.

## സംഘടനാ സജ്ജീകരണം

**1.2** കെഎസ്.ഇ.ബി.എല്ലിന്റെ നടത്തിപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറും (സി.എം.ഡി) നേതൃത്വം നൽകുന്ന ബോർഡ് ഓഫ് ഡയറക്ടേഴ്സിൽ (ഡയറക്ടർ ബോർഡ്) നിക്ഷിപ്തമാണ്. ചീഫ് എഞ്ചിനീയർമാരുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും സഹായത്തോടെ കമ്പനിയുടെ ദൈനംദിന കാര്യങ്ങൾ കൈകാര്യംചെയ്യുന്ന ആറ് മുഴുവൻ സമയ ഡയറക്ടർമാരാണ് ബോർഡിൽ ഉൾപ്പെട്ടിരുന്നത്. കെഎസ്ഇബിഎല്ലിന്റെ സംഘടനാ സജ്ജീകരണം **ചാർട്ട് 1**-ൽ നൽകിയിരിക്കുന്നു.

### ചാർട്ട് 1: കെഎസ്ഇബിഎൽ-ന്റെ സംഘടനാ സജ്ജീകരണം




*(സ്രോതസ്സ്: കെഎസ്ഇബിഎൽ)*

## ഉദയ് പദ്ധതിയും അതിന്റെ പ്രധാന സവിശേഷതകളും

**1.3** സർക്കാർ ഉടമസ്ഥതയിലുള്ള വൈദ്യുതിവിതരണ കമ്പനികളുടെ (ഡിസ്കോമുകളുടെ)[1] ആരോഗ്യം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ, ഭാരതസർക്കാരിന്റെ ഊർജ്ജ മന്ത്രാലയം 'ഉജ്ജ്വൽ ഡിസ്കോം അഷ്വറൻസ് യോജന' (ഉദയ്) എന്ന പദ്ധതി നവംബർ 2015-ൽ ആരംഭിച്ചു. ഈ പദ്ധതി എല്ലാവർക്കും താങ്ങാനാവുന്നതും പ്രാപ്യമായതുമായ 24 x 7 വൈദ്യുതി സാക്ഷാത്കരിക്കുന്നതിന് ഇനിപ്പറയുന്ന പ്രധാന ലക്ഷ്യങ്ങളോടെ പരിഷ്കാരങ്ങൾ വിഭാവനം ചെയ്തു:

- ഡിസ്കോമുകളുടെ സാമ്പത്തിക വഴിത്തിരിവ്, കൂടാതെ
- ഡിസ്കോമുകളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തൽ.

പദ്ധതിയിൽ നിർദ്ദേശിച്ചിരിക്കുന്നതുപോലെ, സാമ്പത്തികവും പ്രവർത്തനപരവുമായ നാഴികക്കല്ലുകൾ കൈവരിക്കുന്നതിനുള്ള അതാത് കക്ഷികളുടെ ഉത്തരവാദിത്തങ്ങൾ വ്യക്തമാക്കുന്ന ഒരു ത്രികക്ഷി ധാരണാപത്രം/മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് (എം.ഓ.യു) 2 മാർച്ച് 2017-ന് ഭാരതസർക്കാരും, കേരള സർക്കാരും, കെഎസ്.ഇ.ബി.എല്ലും ചേർന്ന് ഒപ്പുവച്ചു. പദ്ധതിയുടെ/എം.ഓ.യു-വിന്റെ പ്രധാന സവിശേഷതകളിൽ ഇവയും ഉൾപ്പെട്ടിരുന്നു:

- 2018-19-ഓടെ ശരാശരി വിതരണച്ചെലവും (ആവറേജ് കോസ്റ്റ് ഓഫ് സപ്ലൈ അതായത് എ.സി.എസ്) ശരാശരി വരുമാനവും (ആവറേജ് റവന്യൂ റിയലൈസ്ഡ് അതായത് എ.ആർ.ആർ) തമ്മിലുള്ള വിടവ് ഇല്ലാതാക്കൽ.
- ഡിസ്കോമുകളുടെ മൊത്തം സാങ്കേതികവും വാണിജ്യപരവുമായ (അഗ്രിഗേറ്റ് ടെക്നിക്കൽ & കമേഴ്ഷ്യൽ ലോസ്സ് അതായത് എ ടി & സി) നഷ്ടം, 2019 സാമ്പത്തിക വർഷത്തോടെ 15 ശതമാനമായി കുറയ്ക്കുക എന്ന അഖിലേന്ത്യാ തലത്തിലുള്ള ലക്ഷ്യത്തിനെതിരെ, 2018-19-ഓടെ 11 ശതമാനം ആക്കുക.
- പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുന്നതിനായി, ഫീഡറുകളുടെയും വിതരണ ട്രാൻസ്ഫോമറുകളുടെയും (ഡി.ടി) മീറ്ററിംഗ്, ഫീഡർ വേർതിരിക്കലും മെച്ചപ്പെടുത്തലും, സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കൽ മുതലായ ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ.

കെ.എസ്.ഇ.ബി.എല്ലിന്റെ കടം കുറവാണെന്നും (2015 സെപ്തംബർ വരെ ₹5,800 കോടി) നഷ്ടം ഏറ്റവും താഴ്ന്നത് ആണെന്നും (2015-16-ൽ ₹313 കോടി) കൂടാതെ എ ടി & സി നഷ്ടം (16 ശതമാനം) രാജ്യത്തെ ഏറ്റവും മികച്ചവയിൽ ഒന്നായിരുന്നു എന്നും പറഞ്ഞുകൊണ്ട് കേരള സർക്കാരും കെഎസ്.ഇബി.എല്ലും ഉദയ് സ്കീമിലെ സാമ്പത്തിക വഴിത്തിരിവുമായി ബന്ധപ്പെട്ട ഭാഗം ഒഴിവാക്കി, പ്രവർത്തനക്ഷമതയുമായി ബന്ധപ്പെട്ട ഭാഗത്തിൽ മാത്രമാണ് ചേർന്നത്.

## ഓഡിറ്റ് ലക്ഷ്യങ്ങൾ

**1.4** താഴെപ്പറയുന്ന രണ്ട് വശങ്ങൾക്ക് കീഴിൽ ഉദ്ദേശിച്ച ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് കെഎസ്ഇബിഎല്ലിന്റെ പ്രകടനം വിലയിരുത്തുക എന്നതായിരുന്നു ഈ പെർഫോമൻസ് ഓഡിറ്റിന്റെ ലക്ഷ്യം:

1. ത്രികക്ഷി ധാരണാപത്രത്തിലും പദ്ധതിയിലും വിഭാവനം ചെയ്തിട്ടുള്ള പ്രവർത്തന കാര്യക്ഷമത നടപ്പിലാക്കുന്നതിൽ ലക്ഷ്യമിട്ട ഫലങ്ങൾ കൈവരിച്ചോ?

[1] ഉദയ് പ്രകാരം ഉത്പാദനം, പ്രസരണം, വിതരണം എന്നിവ ഒരുമിച്ച് ചെയ്യുന്ന സ്ഥാപനങ്ങളും ഡിസ്കോമുകളിൽ ഉൾപ്പെടുന്നു.

2. പദ്ധതിയുടെ സാമ്പത്തിക വഴിത്തിരിവ് പാക്കേജിൽ നിന്ന് സ്വമേധയാ ഒഴിവാകാനുള്ള തീരുമാനമുണ്ടായിട്ടും കെഎസ്ഇബിഎല്ലിന്റെ പ്രവർത്തന ക്ഷമതയിലെ പുരോഗതി മെച്ചപ്പെട്ട സാമ്പത്തിക പ്രകടനത്തിന് കാരണമായോ?

## ഓഡിറ്റ് വ്യാപ്തിയും ഓഡിറ്റ് രീതിയും

**1.5** ഉദയ് പദ്ധതി/എം.ഒ.യു സാമ്പത്തിക വഴിത്തിരിവും പ്രവർത്തന മെച്ചപ്പെടുത്തലുകളും വിഭാവനം ചെയ്തിരുന്നു, അതായത്, 2018-19-ഓടെ എ.സി.എസ്-നും എ.ആർ.ആർ-നും ഇടയിലുള്ള വിടവ് പൂജ്യമായി കുറയ്ക്കുക, കൂടാതെ 2018-19-ഓടെ എ ടി & സി നഷ്ടം 11 ശതമാനമായി കുറയ്ക്കുക. പദ്ധതിയുടെ മൊത്തത്തിലുള്ള ലക്ഷ്യങ്ങൾക്ക് അനുസൃതമായി, 2018-19 വരെയുള്ള വർഷത്തേക്കുള്ള ധാരണാപത്രത്തിൽ പ്രവർത്തനപരമായ വിവിധ നാഴികകല്ലുകളെ കുറിച്ചുള്ള വർഷാടിസ്ഥാനത്തിലുള്ള പ്രവർത്തന പദ്ധതി/ലക്ഷ്യം വ്യക്തമാക്കിയിട്ടുണ്ട്. സാമ്പത്തിക വർഷം 2015-16 അടിസ്ഥാന വർഷവും സാമ്പത്തിക വർഷം 2016-17 ധാരണാപത്രം നടപ്പിലാക്കിയ വർഷവുമായതിനാൽ പ്രസ്തുത വർഷങ്ങൾ ഉദയ്ക്കു മുമ്പുള്ള കാലയളവ് എന്നു നിശ്ചയിച്ചു. പ്രധാന പ്രവർത്തനങ്ങൾ നടത്തിയ 2017-18, 2018-19 സാമ്പത്തിക വർഷങ്ങൾ ഉദയ് കാലയളവായും; 2019-20, 2020-21 സാമ്പത്തിക വർഷങ്ങൾ ഉദയ്-ക്കു ശേഷമുള്ള കാലയളവായും ആണ് കണക്കാക്കിയിരിക്കുന്നത്. അതനുസരിച്ച്, 2015-16 മുതൽ 2020-21 വരെയുള്ള കാലയളവിൽ (ഉദയ്ക്കു മുമ്പും ശേഷവും), കെഎസ്ഇബിഎൽ-ന്റെ/ഡിസ്കോമിന്റെ പ്രകടനവും പദ്ധതി നടപ്പിലാക്കുന്നതിലെ ഫലപ്രാപ്തിയും കാര്യക്ഷമതയും വിശകലനം ചെയ്യുന്നതിനായി ജനുവരി 2021 മുതൽ സെപ്തംബർ 2021 വരെ പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്തി. ധാരണാപത്രത്തിൽ വിഭാവനം ചെയ്തിരിക്കുന്ന ബാധ്യതകൾ നിറവേറ്റുന്നതിനുള്ള ഡിസ്കോമിന്റെയും കേരള സർക്കാരിന്റെയും ശ്രമങ്ങൾ വിലയിരുത്തുന്നതിനായി സംസ്ഥാന ഊർജ്ജ വകുപ്പിലും കെ.എസ്.ഇ.ബി.എൽ. ആസ്ഥാനത്തും ഉള്ള രേഖകൾ പരിശോധിച്ചു. കൂടാതെ, ഫീൽഡ് തലത്തിലെ പ്രവർത്തന ലക്ഷ്യങ്ങൾ കൈവരിച്ചതിലെ പ്രവർത്തന നേട്ടങ്ങൾ പരിശോധിക്കുന്നതിനായി, 43 റീസ്ട്രക്ചർഡ് ആക്സിലറേറ്റഡ് പവർ ഡെവലപ്മെന്റ് ആൻഡ് റിഫോംസ് പ്രോഗ്രാം (ആർ-എ.പി.ഡി.ആർ.പി) നഗരങ്ങളിൽ 12 എണ്ണം എ ടി & സി നഷ്ടം കുറയ്ക്കുന്നതിനായി നിശ്ചയിച്ചിരിക്കുന്ന ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്തു. ഈ ആർ-എ.പി.ഡി.ആർ.പി നഗരങ്ങളുടെയും രേഖകൾ ഓഡിറ്റിൽ പരിശോധിച്ചു.

ഓഡിറ്റ് ആരംഭിക്കുന്നതിന് മുമ്പ്, 19 ഫെബ്രുവരി 2021-ന്, സെക്രട്ടറി, ഊർജ്ജവകുപ്പ്, കേരള സർക്കാർ, കെ.എസ്.ഇ.ബി.എൽ. ചെയർമാനും മാനേജിംഗ് ഡയറക്ടറും, എന്നിവരുമായി എൻട്രി കോൺഫറൻസിൽ പ്രവർത്തനക്ഷമതാ ഓഡിറ്റിന്റെ ഓഡിറ്റ് ലക്ഷ്യങ്ങളും, വ്യാപ്തിയും രീതിശാസ്ത്രവും ചർച്ച ചെയ്തു. ഓഡിറ്റ് കണ്ടെത്തലുകൾ ഡിസംബർ 2021-ൽ കേരള സർക്കാരിനു റിപ്പോർട്ട് ചെയ്യപ്പെട്ടു. കൂടാതെ, ഓഡിറ്റ് കണ്ടെത്തലുകൾ 21 ജനുവരി 2022-ന് നടത്തിയ എക്സിറ്റ് കോൺഫറൻസിൽ സംസ്ഥാന ഊർജ്ജവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, കെഎസ്ഇബിഎൽ-ന്റെ സീനിയർ മാനേജ്മെന്റ് എന്നിവരുമായി ചർച്ച ചെയ്തു. എക്സിറ്റ് കോൺഫറൻസിൽ പ്രകടിപ്പിച്ച അഭിപ്രായങ്ങളും കേരള സർക്കാരിൽ നിന്ന് ലഭിച്ച (ഫെബ്രുവരി 2022) മറുപടിയും പരിഗണിക്കുകയും റിപ്പോർട്ടിന് അന്തിമരൂപം നൽകുമ്പോൾ ഉചിതമെന്ന് കണ്ട ഇടങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്തു.

## ഓഡിറ്റ് മാനദണ്ഡങ്ങൾ

**1.6** ഉദയ് നടപ്പിലാക്കുന്നതിൽ കെഎസ്ഇബിഎൽ-ന്റെ പ്രകടനം അളക്കുന്നതിന് ഇനിപ്പറയുന്ന മാനദണ്ഡങ്ങൾ സ്വീകരിച്ചു:

- ഊർജ്ജ മന്ത്രാലയം, ഭാരത സർക്കാർ പുറപ്പെടുവിച്ച ഉദയ് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ;
- ഊർജ്ജ മന്ത്രാലയം, ഭാരത സർക്കാർ, കേരള സർക്കാർ, കെഎസ്ഇബിഎൽ എന്നിവയ്ക്കിടയിൽ ഉദയ്ക്കായി ഒപ്പുവെച്ച ത്രികക്ഷി ധാരണാപത്രം;
- കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (കെഎസ്ഇആർസി) പുറപ്പെടുവിച്ച താരിഫ് നിയന്ത്രണങ്ങളും ഉത്തരവുകളും; കൂടാതെ
- ഊർജ്ജ മന്ത്രാലയം, ഭാരത സർക്കാർ, കേരള സർക്കാർ എന്നിവ കാലാകാലങ്ങളിൽ നൽകിയ നിർദ്ദേശങ്ങൾ.

## കൃതജ്ഞത

**1.7** ഓഡിറ്റ് നടത്തിയ വിവിധ ഘട്ടങ്ങളിൽ സംസ്ഥാന ഊർജ്ജവകുപ്പും കെഎസ്ഇബിഎൽ മാനേജ്മെന്റും നൽകിയ സഹകരണത്തിനും സഹായത്തിനും ഓഡിറ്റ് കൃതജ്ഞത രേഖപ്പെടുത്തുന്നു.

## ഓഡിറ്റ് കണ്ടെത്തലുകൾ

**1.8** ഓഡിറ്റ് കണ്ടെത്തലുകൾ റിപ്പോർട്ടിന്റെ തുടർന്നുള്ള ഭാഗത്ത് മൂന്ന് അദ്ധ്യായങ്ങളായി ക്രമീകരിച്ചിട്ടുണ്ട്, അതായത്,

അദ്ധ്യായം II - ഓഡിറ്റ് കണ്ടെത്തലുകൾ

അദ്ധ്യായം III - നിരീക്ഷണവും വിലയിരുത്തലും

അദ്ധ്യായം IV - ഉപസംഹാരവും ശുപാർശകളും.

# അദ്ധ്യായം II

# ഓഡിറ്റ് കണ്ടെത്തലുകൾ

# അദ്ധ്യായം II

# ഓഡിറ്റ് കണ്ടെത്തലുകൾ

## ഉദയ് പദ്ധതി ലക്ഷ്യങ്ങൾ കൈവരിക്കാത്തത്

**2.1** ഉദയ് പദ്ധതി/എം.ഒ.യു വിഭാവനം ചെയ്ത ഇരട്ട ലക്ഷ്യങ്ങൾ എ.സി.എസ്-എ.ആർ.ആർ വിടവ് ഇല്ലാതാക്കുക, കൂടാതെ 2018-19-ഓടെ എ ടി & സി നഷ്ടം 11 ശതമാനമായി കുറയ്ക്കുക എന്നിവയായിരുന്നു. എ ടി & സി നഷ്ടം കുറയ്ക്കുന്നതിൽ കെഎസ്ഇബിഎൽ ആഗ്രഹിച്ച ലക്ഷ്യം നേടിയപ്പോൾ, എ.സി.എസ്-എ.ആർ.ആർ വിടവ് ഇല്ലാതാക്കുന്നതിൽ പരാജയപ്പെട്ടു. 2015-16 മുതൽ 2020-21 വരെയുള്ള പ്രധാന സാമ്പത്തിക, പ്രവർത്തന സൂചകങ്ങളുടെ നേട്ടത്തിന്റെ സ്ഥിതി **ചാർട്ട് 2**-ൽ ചിത്രീകരിച്ചിരിക്കുന്നു.

**ചാർട്ട് 2: പ്രധാന സാമ്പത്തിക, പ്രവർത്തന സൂചകങ്ങളുടെ നില**




*(സ്രോതസ്സ്: ഉദയ് ധാരണാപത്രവും കെഎസ്ഇബിഎൽ നൽകിയ വിശദാംശങ്ങളും)*

2015-16 കാലയളവിൽ, എ.സി.എസ്-എ.ആർ.ആർ വിടവ് യൂണിറ്റിന് ₹0.31 ആയിരുന്നുവെന്ന് മുകളിലുള്ള ചാർട്ടിൽ നിന്ന് കാണാൻ കഴിയും. ഉദയ് ധാരണാപത്രം അനുസരിച്ച് കെഎസ്ഇബിഎൽ എ.സി.എസ്-എ.ആർ.ആർ വിടവ് 2018-19-ഓടെ ഇല്ലാതാക്കുകയും ഒരു യൂണിറ്റിന് ₹0.06 പ്രവർത്തന ലാഭം നേടേണ്ടതുമായിരുന്നു. വിഭാവനം ചെയ്ത ലക്ഷ്യത്തിന് എതിരിൽ, കെഎസ്ഇബിഎല്ലിന്റെ പ്രകടനം താഴെ വിവരിച്ചിരിക്കുന്നത് പോലെ മെച്ചപ്പെട്ടില്ല:

- എ.സി.എസ്-എ.ആർ.ആർ തമ്മിലുള്ള അന്തരം 2015–16–ൽ യൂണിറ്റിന് ₹0.31–ൽ നിന്ന് 2020–21–ൽ യൂണിറ്റിന് ₹0.72 ആയി ഉയർന്നു (414 ശതമാനം).
- 2018–19 കാലയളവിൽ ലാഭത്തോടൊപ്പം സാമ്പത്തിക വഴിത്തിരിവ് കൈവരിക്കാൻ ഉദ്ദേശിച്ചിരുന്നെങ്കിലും ആ വർഷം കെഎസ്ഇബിഎൽ ₹134.68 കോടിയുടെ നഷ്ടം രേഖപ്പെടുത്തി.

ആഗ്രഹിച്ച പ്രധാന സാമ്പത്തികവും പ്രവർത്തനപരവുമായ സൂചകങ്ങൾ യാഥാർത്ഥ്യമാകാത്തതിനാൽ, കെഎസ്ഇബിഎല്ലിന്റെ സാമ്പത്തിക വഴിത്തിരിവ് എന്ന വിഭാവനം ചെയ്ത ലക്ഷ്യം കൈവരിക്കാനായില്ല. ഉദയ്, ഉദയ് അനന്തര കാലയളവിലെ കെഎസ്ഇബിഎല്ലിന്റെ മോശം സാമ്പത്തിക പ്രകടനത്തിന് കാരണമായ ഉയർന്ന കടബാധ്യത, ഉയർന്ന വൈദ്യുതിച്ചെലവ്, ജീവനക്കാരുടെ ആനുകൂല്യങ്ങൾ മുതലായവയുടെ പ്രശ്നങ്ങൾ ചുവടെ ചർച്ച ചെയ്യുന്നു.

## ആസൂത്രണം

**2.2** സംസ്ഥാന ഡിസ്കോമുകളുടെ പ്രവർത്തനപരവും സാമ്പത്തികവുമായ കാര്യക്ഷമത മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഭാരത സർക്കാർ ഉദയ് പദ്ധതിക്ക് അംഗീകാരം നൽകിയത്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള ആസൂത്രണത്തിലെ പോരായ്മകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ടു, ഇത് കെഎസ്ഇബിഎല്ലിന് ഉദ്ദേശിച്ച നേട്ടങ്ങൾ കൈവരിക്കാത്തതിന് കാരണമായി:

### എ ടി & സി നഷ്ടം കുറയ്ക്കുന്നതിനുള്ള പ്രവർത്തന പദ്ധതി

**2.2.1** ഉദയ്ക്കു മുമ്പ്, സംസ്ഥാനങ്ങളെ/ഡിസ്കോമുകളെ അവരുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സഹായിക്കുന്നതിന് ഭാരത സർക്കാർ/സംസ്ഥാന സർക്കാരുകൾ വിവിധ സ്കീമുകൾ/പ്രോഗ്രാമുകൾ അവതരിപ്പിച്ചിരുന്നു. കെഎസ്ഇബിഎൽ (ജൂലൈ 2014/ ഓഗസ്റ്റ് 2016) എ ടി & സി നഷ്ടം 2011–12–ലെ 16.15 ശതമാനത്തിൽ നിന്ന് 2018–19–ഓടെ 11 ശതമാനമായും, 2021–22–ഓടെ 10.38 ശതമാനമായും കുറയ്ക്കുന്നതിനുള്ള 10 വർഷത്തെ ട്രാജക്റ്ററി അടങ്ങുന്ന വിശദമായ പ്രവർത്തന പദ്ധതി (ഡി.എ.പി) സമർപ്പിച്ചു. നഷ്ടം കുറയ്ക്കുന്നതിനുള്ള എളുപ്പമുള്ള മാർഗ്ഗങ്ങൾ ഇതിനകം തീർന്നുപോയതിനാൽ ഭാവിയിലേക്കുള്ള ഉയർന്ന തലത്തിലുള്ള നിക്ഷേപം ഉൾപ്പെടെയുള്ള കൂടുതൽ കർശനമായ പ്രവർത്തനത്തിന്റെ ആവശ്യകത പ്രവർത്തന പദ്ധതി ഊന്നിപ്പറഞ്ഞു. എ ടി & സി നഷ്ടം കുറയ്ക്കുന്നതിനും മറ്റ് പ്രവർത്തന സൂചകങ്ങൾ[2] കൈവരിക്കുന്നതിനുമായി ഒരു കർമ്മ പദ്ധതി തയ്യാറാക്കാൻ ഉദയ്ക്കായി ഒപ്പുവച്ച ധാരണാപത്രവും [ക്ലോസ് 1.3 (സി)] കെഎസ്ഇബിഎല്ലിനോട് നിർദ്ദേശിച്ചു.

ഡി.എ.പിയിൽ നിർദ്ദേശിച്ചിട്ടുള്ള നടപടികളും അവ നടപ്പിലാക്കുന്നതിൽ കെഎസ്ഇബിഎൽ കൈവരിച്ച പുരോഗതിയും ചുവടെ സൂചിപ്പിച്ചിരിക്കുന്നു:

- **എച്ച്.ടി:എൽ.ടി അനുപാതം മെച്ചപ്പെടുത്തൽ–** സംസ്ഥാനത്തിന്റെ ജനസംഖ്യാശാസ്ത്രം (നഗര-ഗ്രാമ വിഭജനത്തിന്റെ അഭാവവും പ്രദേശങ്ങളിലുടനീളമുള്ള ജനസംഖ്യാ വിതരണത്തിലെ വ്യതിയാനവും) കണക്കിലെടുത്ത് 1:1 എന്ന അനുയോജ്യമായ എച്ച്ടി:എൽടി അനുപാതം കൈവരിക്കുന്നതിലെ ബുദ്ധിമുട്ട് മനസ്സിലാക്കിക്കൊണ്ട് കെഎസ്ഇബിഎൽ നിലവിലുള്ള 1:4.88 ൽ നിന്ന് 1:3.88 ആയി അനുപാതം മെച്ചപ്പെടുത്താൻ നിർദ്ദേശിച്ചു (ഓഗസ്റ്റ് 2016). ഇതിനായി എൽ.ടി ലൈനുകളിലേക്കുള്ള ഓരോ കൂട്ടിച്ചേർക്കലിനും തുല്യ നീളമുള്ള എച്ച്.ടി

[2] ബില്ല് ചെയ്യുന്നതിന്റെയും പിരിച്ചെടുക്കുന്നതിന്റെയും ക്ഷമത മെച്ചപ്പെടുത്തുക, 11 കെ.വി. ഫീഡറുകളും ഡി.ടി. മീറ്ററുകളും സ്ഥാപിക്കുന്നത് പൂർത്തിയാക്കുക, ഇ.ആർ.പി സംവിധാനം നടപ്പിലാക്കുക, ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബുകൾ നല്കുക തുടങ്ങിയവ.

ലൈനിന്റെ നിർമ്മാണം, സാധ്യമായ പരമാവധി സന്ദർഭങ്ങളിൽ ഹൈവോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (എച്ച്.വി.ഡി.എസ്) നടപ്പിലാക്കൽ തുടങ്ങിയ നടപടികൾ ഏറ്റെടുക്കുന്നതിന് ദൃഢമായ ശ്രമം ആവശ്യമാണ്. എന്നിരുന്നാലും, എൽ.ടി ലൈനുകളുടെ ഡിമാൻഡ് വർദ്ധനയോടെ[3] എച്ച്.ടി:എൽ.ടി അനുപാതത്തിൽ (2020-21-ൽ അനുപാതം 1:4.44 ആയി) കാര്യമായ പുരോഗതി ഉണ്ടായില്ല, കൂടാതെ എച്ച്.വി.ഡി.എസ് മൂന്ന് സ്ഥലങ്ങളിൽ മാത്രമാണ് അവതരിപ്പിച്ചത്.

- **ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ (ഡി.ടി) ശേഷി ഒപ്റ്റിമൈസ് ചെയ്യൽ-** ഡി.ടി നെറ്റ്‌വർക്കിൽ സ്ഥാപിച്ചിട്ടുള്ള മിക്ക ട്രാൻസ്ഫോർമറുകൾക്കും 100 കിലോ വോൾട്ട് ആമ്പിയർ (കെ.വി.എ) അല്ലെങ്കിൽ അതിനു മുകളിലുള്ള ശേഷി ഉള്ളതിനാൽ, കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിന് ലോഡ് ആവശ്യകതയെ അടിസ്ഥാനമാക്കി ഗ്രാമീണമേഖലയിൽ നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ വലിപ്പം ഒപ്റ്റിമൈസ് ചെയ്യേണ്ടത് ആവശ്യമാണ്. ചെറിയ കപ്പാസിറ്റിയുള്ള (25-50 കെ.വി.എ) കൂടുതൽ ട്രാൻസ്ഫോർമറുകൾ എച്ച്ടി ഫീഡറുകളിൽ സ്ഥാപിക്കാൻ കെഎസ്ഇബിഎൽ ഡി.എ.പി-യിൽ നിർദ്ദേശിച്ചു. ഇത് ഉപഭോക്താക്കളുടെ ചെറിയ ഗ്രൂപ്പുകൾക്ക് വിതരണം ചെയ്യുന്നതിനായി കൂടുതൽ എൽ.ടി ലൈനുകൾ വലിക്കേണ്ടതിന്റെ ആവശ്യകത കുറയ്ക്കുന്നു. 2015-21 കാലയളവിൽ, കെഎസ്ഇബിഎൽ 39 (71-ൽ) ഇലക്ട്രിക്കൽ ഡിവിഷനുകൾക്കുള്ളിൽ 25-50 കെ.വി.എ ശേഷിയുള്ള 176 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു. ബാക്കിയുള്ള ഡിവിഷനുകളുടെ ജോലികൾ ഇനിയും നടന്നിട്ടില്ല.
- **ഡി.ടി-കളിൽ നിന്ന് എൽ.ടി ലൈനുകളുടെ ദൈർഘ്യം പരിമിതപ്പെടുത്തൽ-** ഭൂപ്രദേശവും ലോഡിന്റെ ആവശ്യകതയും അനുസരിച്ച് ഡി.ടി-കളിൽ നിന്ന് അനുവദനീയമായ പരമാവധി എൽ.ടി ഫീഡർ ദൈർഘ്യം പട്ടണങ്ങളിൽ/നഗരങ്ങളിൽ 0.5 കിലോമീറ്ററായി (മറ്റ് സ്ഥലങ്ങളിൽ ഒരു കിലോമീറ്റർ) ഡി.എ.പി.യിൽ പദ്ധതിയിട്ടു. 2016-21 കാലയളവിൽ കെഎസ്ഇബിഎൽ 11,197 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും എൽ.ടി ലൈനുകൾ പുനഃക്രമീകരിക്കുകയും ചെയ്തു. ഇത് വ്യക്തിഗത എൽ.ടി ഫീഡറുകളുടെ നീളം കുറയ്ക്കാൻ സഹായിച്ചു.
- **റീ-കണ്ടക്ടറിംഗും ഡി.ടി.കളുടെ മൊത്തത്തിലുള്ള മീറ്ററിംഗും -** വിതരണ ശൃംഖലയിൽ നിന്ന് ജീർണ്ണിച്ചതും ഉയർന്ന നഷ്ടവുമുള്ള എല്ലാ ലൈനുകളും നീക്കംചെയ്യുന്നതിനും സമയബന്ധിതമായി ഡി.ടി-കളുടെ മീറ്ററിംഗ് പൂർത്തിയാക്കുന്നതിനും ഡി.എ.പി ഊന്നൽ നൽകി. 2015-21 കാലയളവിൽ കെഎസ്ഇബിഎൽ എല്ലാ ഇലക്ട്രിക്കൽ ഡിവിഷനുകളിലും 5,678 സർക്യൂട്ട്-കിലോമീറ്റർ എച്ച്ടി ലൈനുകളുടെയും 96,440 സർക്യൂട്ട് - കിലോമീറ്റർ എൽ.ടി ലൈനുകളുടെയും റീ-കണ്ടക്ടറിംഗ് ഏറ്റെടുത്തു. 2018 മാർച്ചോടെ നഗരപ്രദേശത്ത് 14,999 ഡി.ടി-കളുടെയും ഗ്രാമങ്ങളിൽ 33,021 ഡി.ടികളുടെയും മീറ്ററിങ് ലക്ഷ്യമിട്ടിരുന്നത് 2020-21 കാലയളവിൽ മാത്രമാണ് കെഎസ്ഇബിഎൽ നേടിയത്.

[3] 2015-16-ൽ എച്ച്.ടി ലൈനുകളുടെ നീളം 59,465.06 കിലോമീറ്ററും എൽ.ടി ലൈനുകളുടേത് 2,78,496.20 കിലോമീറ്ററും ആയിരുന്നു, ഇത് 2020-21-ൽ യഥാക്രമം 66,663.50 കിലോമീറ്ററായും 2,95,697 കിലോമീറ്ററായും വർദ്ധിച്ചു.

- **കൂടുതൽ ആളില്ലാ 33 കെ.വി സബ്സ്റ്റേഷനുകൾ നിർമ്മിക്കൽ –** കാര്യക്ഷമത വർധിപ്പിക്കുന്നതിനും നഷ്ടം കുറയ്ക്കുന്നതിനും ഗ്രാമ പ്രദേശങ്ങളിലെ ട്രാൻസ്ഫോർമറുകൾ മാറ്റിസ്ഥാപിക്കുകയോ ലോഡ് സെന്ററുകൾക്ക് സമീപം പുതിയ ട്രാൻസ്ഫോർമറുകൾ/നിലവിലുള്ള ഫീഡറുകൾ സ്ഥാപിക്കുകയോ (ആളില്ലാത്ത 33 കെവി സബ്സ്റ്റേഷനുകൾ പോലെ) ചെയ്യണമെന്ന് ഡി.എ.പി-യിൽ നിർദ്ദേശിച്ചു. കെഎസ്ഇബിഎൽ 2015-21 കാലയളവിൽ 13 ട്രാൻസ്മിഷൻ സർക്കിളുകൾക്കുള്ളിൽ 27 പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിച്ചു. ബാക്കിയുള്ള സർക്കിളുകളിൽ സബ്സ്റ്റേഷനുകൾ നിർമ്മിക്കൽ ഇനിയും തുടങ്ങിയിട്ടില്ല.

ബില്ലിംഗ്, കളക്ഷൻ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും എ.സി.എസ്-എ.ആർ.ആർ വിടവ് ഇല്ലാതാക്കുന്നതിനും/ കുറക്കുന്നതിനുമായി ഡിസ്കോമുകളുടെ പ്രവർത്തന പദ്ധതികൾ അന്തിമമാക്കുന്നതിനുള്ള ഒരു സ്റ്റാൻഡേർഡ് ടെംപ്ലേറ്റ് ആർ.ഇ.സി ലിമിറ്റഡ് മെയ് 2017-ൽ പ്രചരിപ്പിച്ചു. ഓരോ പ്രവർത്തന സൂചകങ്ങൾക്കും 'കാരണവും പ്രഭാവവും' വിശകലനം നടത്തുവാനും, പ്രവർത്തന പോയിന്റുകൾ തയ്യാറാക്കാനും, പ്രവർത്തന പോയിന്റുകളുടെ നടപ്പാക്കൽ നിരീക്ഷിക്കാനും അവലോകനം ചെയ്യാനും, അവർ നേരിടുന്ന വെല്ലുവിളികൾ പട്ടികപ്പെടുത്താനും ഇത് ഡിസ്കോമുകളെ നയിക്കും. എന്നിരുന്നാലും, ഡിസ്കോം തലത്തിലും അതിന്റെ യൂണിറ്റ് തലത്തിലും ഓരോ പ്രവർത്തന സൂചകങ്ങൾക്കുമായി കെഎസ്ഇബിഎൽ അത്തരം വിശദവും വ്യത്യസ്തവുമായ പ്രവർത്തന പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിയിട്ടില്ല.

ഊർജ്ജ മന്ത്രാലയം പുതുതായി (ജൂലൈ 2021) പ്രഖ്യാപിച്ച 'നവീകരിച്ച വിതരണമേഖല പദ്ധതി'-ക്ക് കീഴിൽ ഉയർന്ന നഷ്ടമുള്ള പ്രദേശങ്ങളിൽ ഏരിയൽ ബഞ്ച്ഡ് കേബിളുകൾ വലിച്ച്, പഴയ/പൊട്ടിപ്പോയ കണ്ടക്ടറുകൾ മാറ്റി, വിതരണത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി അധിക എച്ച്.ടി ലൈനുകൾ വലിച്ച്, മറ്റ് വിതരണജോലികൾ എന്നിവയിലൂടെ സാങ്കേതിക നഷ്ടം കുറയ്ക്കുന്നതിനും സിസ്റ്റം ശക്തിപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ കെഎസ്ഇബിഎൽ ഏറ്റെടുക്കുമെന്നും (ഇത് എച്ച്.ടി:എൽ.ടി അനുപാതം മെച്ചപ്പെടുത്താൻ സഹായിക്കുമെന്നും) കേരള സർക്കാർ ഫെബ്രുവരി 2022-ൽ മറുപടി നൽകി.

## സാമ്പത്തിക മാനേജ്മെന്റ്

### സാമ്പത്തിക നഷ്ടത്തിലും കടം വാങ്ങുന്നതിലും വർദ്ധനവ്

**2.3** ഉദയ് ധാരണാപത്രം ക്ലോസ് 1.3 (ബി) കൂടാതെ എം.ഓ.യു-യുടെ അനുബന്ധം-ബി പ്രകാരം, കെഎസ്ഇബിഎല്ലിന്റെ പ്രവർത്തനങ്ങൾ 2016-17-ൽ ₹267.02 കോടിയും, 2017-18-ൽ ₹97.49 കോടിയും, 2018-19-ൽ ₹148.36 കോടിയും അറ്റാദായം/ലാഭം പ്രതീക്ഷിച്ചിരുന്നു. എന്നാൽ, കെഎസ്ഇബിഎല്ലിന് അതിന്റെ പ്രവർത്തനത്തിന്റെ ഫലമായി 2016-17, 2017-18, 2018-19 വർഷങ്ങളിൽ യഥാക്രമം ₹1,494.63 കോടിയുടെയും, ₹784.09 കോടിയുടെയും, ₹134.68 കോടിയുടെയും അറ്റ നഷ്ട മുണ്ടായി. 2019-20-ൽ ₹269.55 കോടിയുടെയും 2020-21-ൽ ₹1,822.35 കോടിയുടെയും അറ്റനഷ്ടം തുടർന്നു. 2015-21-ലെ കെഎസ്ഇബിഎല്ലിന്റെ സാമ്പത്തിക പ്രകടനം **അനുബന്ധം 1**-ൽ കാണിച്ചിരിക്കുന്നു.

കെഎസ്ഇബിഎല്ലിന്റെ പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം 2015-16 മുതൽ 2020-21 വരെ 32.12 ശതമാനം വർദ്ധിച്ചു. ഈ കാലയളവിൽ വൈദ്യുതി ഉത്പാദന ചെലവ് 95.40 ശതമാനം കുറഞ്ഞു (2015-16-ൽ ₹104.26 കോടിയായിരുന്നത് 2020-21-ൽ ₹4.80 കോടി ആയി). ഇതിന് കാരണം താപവൈദ്യുതി ഉത്പാദനം കുറഞ്ഞതും (2015-16-ൽ 145.52 മില്യൺ യൂണിറ്റ് നിന്ന് 2020-21-ൽ 6.77 മില്യൺ യൂണിറ്റായി) അതിന്റെ ഫലമായി ഇന്ധന/എണ്ണ ഉപഭോഗത്തിന്റെ ചെലവിൽ (2015-16-ലെ മൊത്തം ഉത്പാദനച്ചെലവിന്റെ 92.59 ശതമാനമാണ് ഇന്ധനച്ചെലവ്) വന്ന ലാഭവു മാണ്. ജലവൈദ്യുതിയുടെയും സൗരോർജ്ജത്തിന്റെയും ഉത്പാദനം വർധിപ്പിച്ചാണ്

താപവൈദ്യുതി ഉത്പാദനത്തിന്റെ കുറവു നികത്തിയത്. ജീവനക്കാരുടെ ചെലവും വൈദ്യുതിവാങ്ങലും യഥാക്രമം, 65.99 ശതമാനവും (അതായത്, 2015-16-ലെ ₹3,104.55 കോടിയിൽ നിന്ന് 2020-21-ൽ ₹5,153.17 കോടിയായി), 24.07 ശതമാനവുമായി (അതായത്, ₹6,494.41 കോടിയിൽ നിന്ന് ₹8,057.93 കോടിയായി) വർദ്ധിച്ചു. മുൻകാലങ്ങളിൽ നടപ്പിലാക്കിയ ദീർഘകാല കരാറുകൾക്ക് കീഴിലുള്ള താപവൈദ്യുതി വാങ്ങൽ, പെൻഷൻ പേയ്മെന്റുകൾക്കായി നൽകേണ്ട ബോണ്ടുകളുടെ ചെലവ്, ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കൽ എന്നിവയുടെ ബാധ്യതയിൽ ഉണ്ടായേക്കാവുന്ന വർദ്ധന. കെഎസ്ഇബിഎല്ലിന് അറിയാമായിരുന്നു; എന്നിരുന്നാലും, ഉദയ് ധാരണാ പത്രത്തിൽ സാമ്പത്തിക പ്രകടനത്തിനുള്ള വാർഷിക ലക്ഷ്യങ്ങൾ നിശ്ചയിക്കുമ്പോൾ അവ കണക്കിലെടുക്കപ്പെട്ടില്ല.

ഉദയ്-ക്കു മുമ്പും ശേഷവുമുള്ള കാലയളവിൽ വിവിധ പദ്ധതികൾക്കും പ്രവർത്തനങ്ങൾക്കും ബാധ്യതകൾക്കും ധനസഹായം നൽകുന്നതിനായി ബാങ്കുകൾ/ ധനകാര്യസ്ഥാപനങ്ങൾ, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് കെഎസ്ഇബിഎൽ എടുത്ത വായ്പകളിൽ (ദീർഘകാല/ഹ്രസ്വകാലവായ്പകളും ഓവർഡ്രാഫ്റ്റ്/ ക്യാഷ് ക്രെഡിറ്റുകളും) ₹12,177.29 കോടി വർധിച്ചതായി (2015-16-ലെ ₹5,925.45 കോടിയിൽ നിന്ന് 2020-21-ൽ ₹18,102.74 കോടിയായി അതായത്, 205.51 ശതമാനം വർദ്ധനവ്) ഓഡിറ്റ് വിശകലനം സൂചിപ്പിച്ചു. ഇത് **പട്ടിക 1**-ൽ കാണിച്ചിരിക്കുന്നു.

### പട്ടിക 1 : 2015-21 കാലയളവിൽ കെഎസ്ഇബിഎല്ലിന്റെ കടബാധ്യത

(₹കോടി)

| കാലം | സാമ്പത്തിക വർഷം | ദീർഘകാല വായ്പകൾ (സഞ്ചിത) | ഹ്രസ്വകാല/ നിലവിലെ വായ്പകൾ* (സഞ്ചിത) | മൊത്തം വായ്പകൾ (സഞ്ചിത) |
|---|---|---|---|---|
| ഉദയ്-ക്കു മുമ്പ് | 2015-16 | 3,753.51 | 2,171.94 | **5,925.45** |
| | 2016-17 | 4,266.57 | 2,767.46 | **7,034.03** |
| ഉദയ്കാലം | 2017-18 | 15,934.54 | 2,737.59 | **18,672.13** |
| | 2018-19 | 14,525.15 | 3,829.02 | **18,354.17** |
| ഉദയ്-ക്കു ശേഷം | 2019-20 | 15,836.58 | 2,912.44 | **18,749.02** |
| | 2020-21 | 15,716.79 | 2,385.95 | **18,102.74** |

*ദീർഘകാല കടത്തിന്റെ നിലവിലെ മെച്യൂരിറ്റികൾ ഉൾപ്പെടെ

*(സ്രോതസ്സ്: കെഎസ്ഇബിഎല്ലിന്റെ വാർഷിക സാമ്പത്തിക കണക്കുകൾ)*

കെഎസ്ഇബിഎൽ ഒരു കമ്പനി ആയതിന് ശേഷം, പഴയകാല കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലെ ജീവനക്കാർക്ക് പെൻഷൻ വിതരണം ചെയ്യുന്നതിനായി ഫെബ്രുവരി 2015-ൽ രൂപീകരിച്ച/രജിസ്റ്റർ ചെയ്ത ഒരു മാസ്റ്റർ ട്രസ്റ്റിന് ധനസഹായം നൽകുന്നതിനായി, കെഎസ്ഇബിഎൽ അൺസെക്യൂർഡ് ബോണ്ടുകൾ ഇഷ്യൂ ചെയ്തതിനാൽ (ഏപ്രിൽ 2017-ൽ), ഉദയ്, ഉദയ്-ക്കു ശേഷമുള്ള കാലഘട്ടങ്ങളിൽ ദീർഘകാല/കറന്റല്ലാത്ത വായ്പകൾ വർദ്ധിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു. ആക്ചറിയൽ മൂല്യനിർണ്ണയം അനുസരിച്ച്, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്ന് കെഎസ്ഇബിഎല്ലിന് കൈമാറിയ നിലവിലുള്ള പെൻഷൻകാരുടെയും ജീവനക്കാരുടെയും ആനുകൂല്യങ്ങളും പെൻഷൻ ബാധ്യതയും കണക്കാക്കി ₹12,419 കോടിയുടെ മാസ്റ്റർ ട്രസ്റ്റിന്റെ കോർപ്പസ് രൂപീകരിച്ചു. ഇതിന് ധനസഹായം നൽകുന്നതിനായി, കെഎസ്ഇബിഎൽ ഏപ്രിൽ 2017-ൽ ₹8,144 കോടിയുടെ (20 വർഷത്തെ കാലാവധിയുള്ള) അൺസെക്യൂർഡ് ബോണ്ടുകളും ₹3,751 കോടിയുടെ (10 വർഷത്തെ കാലാവധിയുള്ള) ബോണ്ടിന്റെ മറ്റൊരു ഗഡുവും നൽകി. ഇത് സംബന്ധിച്ച് കേരള സർക്കാർ പുറപ്പെടുവിച്ച (ജനുവരി 2015) വിജ്ഞാപനം അനുസരിച്ച്, കേരള സർക്കാരിന് നല്കേണ്ട ഇലക്ട്രിസിറ്റി ഡ്യൂട്ടി കൈവശം വയ്ക്കാൻ കെഎസ്ഇബിഎല്ലിനെ അനുവദിക്കുന്നതിലൂടെ, കെഎസ്ഇബി (ബോർഡ്)-യുടെ ആസ്തികളും ബാധ്യത

കളും കെഎസ്ബിഎൽ (കമ്പനി) -ന് കൈമാറുന്ന തീയതി മുതലുള്ള 10 വർഷ ക്കാലയളവ് കൊണ്ട് ₹5,861 കോടി കേരള സർക്കാർ നല്കും. കൂടാതെ 2012-13 സാമ്പത്തിക വർഷം മുതൽ 10 വർഷക്കാലയളവ് കൊണ്ട് ₹524 കോടി ബജറ്റിലൂടെ കേരള സർക്കാർ നല്കും. 1 ഏപ്രിൽ 2008 മുതൽ 31 മാർച്ച് 2012 വരെയുള്ള കാലയളവിൽ പിരിച്ചെടുത്ത ഇലക്ട്രിസിറ്റി ഡ്യൂട്ടി തുകയായ ₹1,522.53 കോടി കൈവശം വയ്ക്കാനും കേരള സർക്കാർ കെഎസ്ബിഎൽ-നെ അനുവദിച്ചു.

ഹ്രസ്വകാല/നിലവിലെ വായ്പകൾ ഉദയ് കാലയളവിൽ വർധന രേഖപ്പെടുത്തി, എന്നാൽ, ഉദയ്ക്കുശേഷമുള്ള കാലയളവിൽ ഇത് കുറഞ്ഞു. വായ്പകൾ/മാറ്റിവെച്ച ക്രെഡിറ്റുകൾ, പ്രവർത്തന മൂലധന വായ്പകൾ എന്നിവയുടെ പലിശ ഭാരം 2015-16-ലെ ₹632.76 കോടിയിൽ നിന്ന് 149.27 ശതമാനം ഉയർന്നു 2020-21-ൽ ₹1,577.29 കോടിയായി. 2020-21 കാലയളവിൽ, ബാങ്കുകളിൽ നിന്നുള്ള ടേം ലോണുകളുടെ പലിശ നിരക്ക് 8.62 ശതമാനം (സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ) മുതൽ 10.00 ശതമാനം (സൗത്ത് ഇന്ത്യൻ ബാങ്ക്) വരെയും, മറ്റ് ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പ യെടുക്കുന്നതിന് 6.25 ശതമാനം (നാഷണൽ ബാങ്ക് ഫോർ അഗ്രികൾച്ചറൽ ആൻഡ് റൂറൽ ഡെവലപ്മെന്റ്) മുതൽ 11.50 ശതമാനം (ആർ.ഇ.സി ലിമിറ്റഡ്) വരെയും ആയിരുന്നു. ചെലവുകൾ വെട്ടിക്കുറയ്ക്കേണ്ടതിന്റെയും സംസ്ഥാന സർക്കാർ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും ഉൾപ്പെടെയുള്ള ഉപഭോക്താക്കളിൽ നിന്ന് കുടിശ്ശിക വീണ്ടെടുക്കേണ്ടതിന്റെയും ആവശ്യകതയെ വർധിച്ചുവരുന്ന കടം ഊന്നിപ്പറയുന്നു. ചെലവ് കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിന് പ്രവർത്തന ചെലവ് കുറയ്ക്കേണ്ടതിന്റെ ആവശ്യകതയും കെഎസ്ഇബിഎല്ലിന്റെ പ്രകടന ത്തെക്കുറിച്ചുള്ള അവലോകനത്തിൽ ഭാരത സർക്കാർ ഊർജ്ജ മന്ത്രാലയത്തിന്റെ ജൂലൈ 2021-ലെ റിപ്പോർട്ടിൽ പ്രതിധ്വനിച്ചു.

കെഎസ്ഇആർസി അംഗീകരിച്ച ₹6,863 കോടിയുടെ വരുമാന വിടവ് (2017-18 വരെയുള്ള കാലയളവിൽ) നിരക്ക് മുഖേന ഉപഭോക്താക്കളിൽ നിന്ന് തിരിച്ചുപിടിക്കാത്തതാണ് സാമ്പത്തിക നഷ്ടം വർദ്ധിക്കുന്നതിനുള്ള പ്രധാന കാരണമെന്ന് കേരള സർക്കാർ മറുപടിയിൽ പറഞ്ഞു (ഫെബ്രുവരി 2022). പെൻഷൻ ബാധ്യതയുടെ മൂല്യനിർണ്ണയം വർദ്ധിച്ചതാണ് ജീവനക്കാരുടെ ചെലവ് വർദ്ധിക്കാൻ കാരണം. കെഎസ്ഇബിഎൽ ഉദയ് സ്കീമിൽ ചേർന്നത് പ്രവർത്തനക്ഷമത മെച്ചപ്പെടുത്താൻ മാത്രമാണെന്നും സാമ്പത്തിക പുരോഗതിക്ക് വേണ്ടിയല്ലെന്നും മറുപടിയിൽ സർക്കാർ വാദിച്ചു.

പ്രവർത്തനച്ചെലവ് കുറയ്ക്കുന്നതിനുള്ള ഒരു കർമ്മപദ്ധതിയെക്കുറിച്ച് പറയാത്തതി നാൽ മറുപടി സ്വീകാര്യമല്ല. കാലാകാലങ്ങളിൽ കെഎസ്ഇആർസിയുടെ അംഗീകാര ത്തിനായി താരിഫ് പരിഷ്കരണം നിർദ്ദേശിക്കുന്നതിൽ കെഎസ്ഇബിഎൽ പരാജയ പ്പെട്ടതാണ് അംഗീകൃത റവന്യൂ വിടവ് വീണ്ടെടുക്കാത്തതിന് കാരണം. സ്കീമിന്റെ സാമ്പത്തിക പുരോഗതി ഒഴിവാക്കി ഉദയ്-യുടെ കീഴിൽ കെഎസ്ഇബിഎല്ലിന്റെ പങ്കാളിത്തം കേരളസർക്കാരിന്റെയും കെഎസ്ഇബിഎല്ലിന്റെ അറിഞ്ഞുകൊണ്ടുള്ള തീരുമാനമായിരുന്നെങ്കിലും, ഡിസ്കോമുകളെ സാമ്പത്തികനേട്ടം കൈവരിക്കാൻ പ്രാപ്തമാക്കുക എന്ന പ്രാഥമികലക്ഷ്യത്തോടെയാണ് ഉദയ് ആരംഭിച്ചത് എന്ന വസ്തുത പരിഗണിക്കുന്നതിൽ പരാജയപ്പെട്ടു. ധാരണാപത്രം ഒപ്പുവെച്ച സമയത്ത് പെൻഷൻ ബാധ്യതയുടെ പേരിൽ കടബാധ്യത വർദ്ധിക്കുന്നത് കെഎസ്ഇബിഎല്ലിന് അറിയാമായിരുന്നതിനാൽ, പ്രവർത്തനക്ഷമതാ ഭാഗത്തിനായി മാത്രം ഉദയ്-ൽ ചേർന്നത് കെഎസ്ഇബിഎല്ലിന് ഗുണകരമായിരുന്നില്ല. അങ്ങനെ, ജീവനക്കാരുടെ ചെലവ് കുറയ്ക്കുന്നതിലെ പരാജയവും വൈദ്യുതി വാങ്ങുന്നതിനുള്ള ഉയർന്ന വിലയും കെഎസ്ഇബിഎല്ലിനെ കൂടുതൽ പ്രതിസന്ധിയിലാക്കുകയും, നഷ്ടം 2015-16-ൽ ₹696.96 കോടിയിൽ നിന്ന് 2020-21-ൽ ₹1,822.35 കോടിയായി വർദ്ധിക്കുകയും ചെയ്തു. പ്രവർത്തനക്ഷമത മെച്ചപ്പെടുത്താനുള്ള ശ്രമങ്ങൾ കെഎസ്ഇബിഎല്ലിന്റെ സാമ്പത്തിക നിലയെ നല്ല രീതിയിൽ സ്വാധീനിച്ചില്ല. കെഎസ്ഇബിഎൽ ഉദയ്-യുടെ സാമ്പത്തിക വഴിത്തിരിവ് പാക്കേജും തിരഞ്ഞെടുത്തിരുന്നുവെങ്കിൽ, കാര്യക്ഷമമല്ലാത്ത ചെലവുകൾ വെട്ടിക്കുറയ്ക്കാനും സാമ്പത്തിക ആരോഗ്യം മെച്ചപ്പെടുത്താനുമുള്ള സാധ്യത വർദ്ധിക്കുമായിരുന്നു.

**വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശികയിൽ വർദ്ധനവ്**

**2.4** ഉദയ് ധാരണാപത്രത്തിന്റെ ക്ലോസ് 1.2(സി) പ്രകാരം, 2019 മാർച്ച് 31-നകം വിവിധ സംസ്ഥാന സർക്കാർ വകുപ്പുകളിൽ നിന്ന് വീണ്ടെടുക്കാവുന്ന വൈദ്യുതി കുടിശ്ശിക കെഎസ്ഇബിഎൽ-ന് അടയ്ക്കാൻ കേരള സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

ഉദയ്-ക്കു മുമ്പും ശേഷവുമുള്ള കാലയളവിലെ പ്രധാന വിഭാഗങ്ങളായ എച്ച്.ടി, എൽ.ടി ഉപഭോക്താക്കളുടെ വൈദ്യുതി കുടിശ്ശികയുടെ വീണ്ടെടുക്കൽ ചുവടെയുള്ള **പട്ടിക 2**-ൽ കാണിച്ചിരിക്കുന്നു:

**പട്ടിക 2: എച്ച്.ടി, എൽ.ടി ഉപഭോക്താക്കളിൽ നിന്ന് വീണ്ടെടുക്കാവുന്ന മൊത്തംകുടിശ്ശിക**

(₹കോടി)

| ഉപഭോക്തൃവിഭാഗം | വീണ്ടെടുക്കാവുന്ന വൈദ്യുതി കുടിശ്ശിക | | കുടിശ്ശികയിലെ വർദ്ധനവ്/ കുറവ് (ശതമാനത്തിൽ) |
|---|---|---|---|
| | 2017 മാർച്ച് വരെ (ഉദയ്-ക്കു മുമ്പുള്ള) | 2021 മാർച്ച് വരെ (ഉദയ്-ക്കുശേഷം) | |
| സ്വകാര്യമേഖല (ക്യാപ്റ്റീവ് പവർ പ്ലാന്റുകൾ ഉൾപ്പെടെ) | 587.11 | 943.82 | 356.71 (60.76%) |
| കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ | 42.24 | 67.11 | 24.87 (58.88%) |
| സംസ്ഥാന സർക്കാർ വകുപ്പുകൾ | 136.34 | 90.35 | -45.99 (33.73%) |
| സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങൾ (കേരള വാട്ടർ അതോറിറ്റി ഉൾപ്പെടെ) | 1,263.27 | 736.90 | -526.37 (41.67%) |
| കേന്ദ്ര സർക്കാർ വകുപ്പുകൾ | 0.26 | 3.15 | 2.89 (*) |
| തദ്ദേശ സ്ഥാപനങ്ങൾ | 5.35 | 6.68 | 1.33 (24.86%) |
| അന്തർ സംസ്ഥാന ഉപഭോക്താക്കൾ | 4.04 | 2.22 | -1.82 (45.05%) |
| ലൈസൻസികൾ | 14.25 | 11.18 | -3.07 (21.54%) |
| ഗാർഹിക ഉപഭോക്താക്കൾ | 68.81 | 436.17 | 367.36 (*) |
| മറ്റുള്ളവ (സ്വയംഭരണ സ്ഥാപനങ്ങളും പൊതു സ്ഥാപനങ്ങളും) | 0.03 | 44.78 | 44.75 (*) |
| **ആകെ** | **2,121.70** | **2,342.36** | **220.66 (10.40%)** |

*മൂന്ന് വിഭാഗങ്ങളുടെ കാര്യത്തിൽ 100 ശതമാനത്തിലധികം കുടിശ്ശിക വർദ്ധനയുണ്ടായി, അതായത്, കേന്ദ്ര സർക്കാർ വകുപ്പുകൾക്കു 1,111.54 ശതമാനം, ഗാർഹിക ഉപഭോക്താക്കൾക്ക് 533.88 ശതമാനം. മറ്റുള്ളവർക്ക് (സ്വയംഭരണ സ്ഥാപനങ്ങളും പൊതുസ്ഥാപനങ്ങളും) 1,49,166.67 ശതമാനം.

*(സ്രോതസ്സ്: കെഎസ്ഇബിഎൽ നൽകിയ വിവരങ്ങൾ)*

മുകളിലെ പട്ടികയിൽ നിന്ന് കാണാൻ കഴിയുന്നത്:

- ഉദയ് കാലയളവിനു ശേഷമുള്ള വിവിധ വിഭാഗങ്ങളിലെ എച്ച്.ടി, എൽ.ടി ഉപഭോക്താക്കളിൽ നിന്ന് ഈടാക്കാവുന്ന വൈദ്യുതി ചാർജുകളുടെ മൊത്തം കുടിശ്ശിക മാർച്ച് 2017-ലെ ₹2,121.70 കോടിയിൽ നിന്ന് ₹220.66

കോടി (അതായത്, 10.40 ശതമാനം) വർദ്ധിച്ച് മാർച്ച് 2021-ൽ ₹2,342.36 കോടിയായി.

- മേൽപ്പറഞ്ഞ കുടിശ്ശികകൾ യഥാക്രമം 2017 മാർച്ചിലെയും 2021 മാർച്ചിലെയും പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനത്തിന്റെ 18.91 ശതമാനവും 16.24 ശതമാനവുമാണ്.

- 2021 മാർച്ച് 31-ലെ കണക്കനുസരിച്ച് തിരിച്ചെടുക്കാനാകുന്ന ₹2,342.36 കോടിയിൽ, ₹527.68 കോടി, അതായത് 22.53 ശതമാനം, വ്യവഹാരത്തിൽ കുടുങ്ങി.

- വ്യവഹാരത്തിൻ കീഴിലുള്ള എച്ച്.ടി/എൽ.ടി കുടിശ്ശിക മാർച്ച് 2017-ൽ 15.05 ശതമാനമാണ് (₹319.23 കോടി), ഇത് 2021 മാർച്ചിൽ 22.53 ശതമാനമായി ഉയർന്ന് ₹527.68 കോടിയായി. 2021 മാർച്ചിലെ മൊത്തം കുടിശ്ശികയിൽ ₹268.53 കോടി (11.46 ശതമാനം) കുടിശ്ശികയും, 15 വർഷത്തിലേറെയായി ₹116.25 കോടി (4.96 ശതമാനം) 10-നും 15 വർഷത്തിനും ഇടയിലും കുടിശ്ശികയും, അഞ്ചിനും 10 വർഷത്തിനും ഇടയിലും ₹117.78 കോടി (5.03 ശതമാനം) കുടിശ്ശികയായി തിരിച്ചെടുക്കാനുണ്ട്.

- കുടിശ്ശിക തിരിച്ചുപിടിക്കാനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വൈദ്യുതി അദാലത്തുകൾ തുടങ്ങിയ നടപടികൾക്കു മൊത്തം കുടിശ്ശികയിൽ കാര്യമായ കുറവ് വരുത്താനായില്ല. കൂടാതെ, കേരള വാട്ടർ അതോറിറ്റി (കെ.ഡബ്ല്യു.എ) ഒഴികെയുള്ള സംസ്ഥാന സർക്കാർ വകുപ്പുകളുടെ കുടിശ്ശിക നൽകാനുള്ള ഉദയ് ധാരണാപത്രത്തിലെ പ്രതിജ്ഞാബദ്ധത കേരള സർക്കാർ പാലിച്ചില്ല. ശേഖരണ കാര്യക്ഷമത കൂടുതൽ മെച്ചപ്പെടുത്തുന്നതിനും എ ടി & സി നഷ്ടം കുറയ്ക്കുന്നതിനും കുടിശ്ശിക തിരിച്ചു പിടിക്കുന്നതിനുള്ള അടിയന്തര നടപടികൾ കൈക്കൊള്ളേണ്ടതിന്റെ ആവശ്യകത ഇത് അടിവരയിടുന്നു.

2016, 2018, 2019, 2021 വർഷങ്ങളിൽ കെഎസ്ഇബിഎൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പോലുള്ള പ്രത്യേക നടപടികൾ സ്വീകരിച്ചതായും ഉപഭോക്താക്കളിൽ നിന്ന് അതുവഴി ₹192.18 കോടി (കെ.ഡബ്ല്യു.എ കുടിശ്ശിക ഒഴികെ) പിരിച്ചെടുത്തതായും കേരളസർക്കാർ മറുപടി നൽകി (ഫെബ്രുവരി 2022). കുടിശ്ശിക വരുത്തുന്നവരുടെ വിതരണം വിച്ഛേദിക്കുന്നതുൾപ്പെടെയുള്ള കർശന നടപടികൾ നടപ്പാക്കി കുടിശ്ശിക പിരിച്ചെടുക്കാൻ കെഎസ്ഇബിഎൽ നടപടി സ്വീകരിച്ചു വരികയാണെന്നും മറുപടിയിൽ വ്യക്തമാക്കി.

എന്നിരുന്നാലും, കെഎസ്ഇബിഎൽ ഏറ്റെടുത്തിട്ടുള്ള നടപടികൾ അതിന്റെ കുടിശ്ശിക വീണ്ടെടുക്കൽ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും എ ടി & സി നഷ്ടം കുറയ്ക്കുന്നതിനും പര്യാപ്തമല്ലെന്നതാണ് വസ്തുത. കൂടാതെ, കേരള നിയമസഭയുടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സമിതി (കമ്മിറ്റീ ഓൺ പബ്ലിക് അണ്ടർടേക്കിങ്സ്, 2019-21) അതിന്റെ 91-ാം റിപ്പോർട്ടിൽ (ജൂൺ 2019) എല്ലാ സംസ്ഥാന/കേന്ദ്ര സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും കുടിശ്ശിക ഈടാക്കുന്നതിനുള്ള അടിയന്തര നടപടികൾ മൂന്ന് മാസത്തിനുള്ളിൽ സ്വീകരിക്കുന്നതിന് ശുപാർശ (പാരാ നമ്പർ 2-ലേക്കുള്ള ശുപാർശ) ചെയ്തിരുന്നു. എന്നിട്ടും, സമിതി ശുപാർശയ്ക്ക് രണ്ട് വർഷത്തിന് ശേഷവും, **പട്ടിക 2**-ൽ സൂചിപ്പിച്ചത് പോലെ, കേന്ദ്ര സർക്കാർ വകുപ്പുകൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, പൊതു സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള കുടിശ്ശിക തിരിച്ചു പിടിക്കുന്നതിൽ കാര്യമായ പുരോഗതി ഉണ്ടായില്ല.

## പദ്ധതി നടപ്പിലാക്കൽ

**2.5** ഡിസ്കോമുകളുടെ പ്രവർത്തനപരവും സാമ്പത്തികപരവുമായ വഴിത്തിരിവ് കൈവരിക്കുന്നതിന് സംസ്ഥാനങ്ങൾ പദ്ധതി വിഭാവനം ചെയ്യണമെന്ന് ഉദയ്-ൽ പ്രഖ്യാപിച്ചിരുന്നു. ഉദയ് സ്കീമിന്റെ വിവിധ സൂചകങ്ങൾ സംബന്ധിച്ച കെഎസ്ഇബിഎല്ലിന്റെ പ്രകടനം ചുവടെ ചർച്ചചെയ്യുന്നു.

### എ.സി.എസ് എ.ആർ.ആർ വിടവ് കുറയ്ക്കുന്നതിൽ പരാജയം

**2.5.1** ഉദയ് ധാരണാപത്രത്തിന്റെ ക്ലോസ് 1.3(ബി) പ്രകാരം 2018-19-ഓടെ എ.സി.എസ്എ.ആർ.ആർ വിടവ് ഇല്ലാതാക്കാൻ കെഎസ്ഇബിഎൽ സമ്മതിച്ചിരുന്നു. കെഎസ്ഇബിഎല്ലിന്റെ എ.സി.എസ്-എ.ആർ.ആർ വിടവ് 2015-16-ൽ യൂണിറ്റിന് ₹0.31-ഉം 2016-17-ൽ യൂണിറ്റിന് ₹0.64-ഉം ആയിരുന്നു (ഉദയ്-ക്കു മുമ്പുള്ള കാലയളവിൽ). ഇത് 2018-19-ൽ യൂണിറ്റിന് ₹0.05 ആയും 2019-20-ൽ യൂണിറ്റിന് ₹0.10 ആയി കുറഞ്ഞതായി ഓഡിറ്റ് നിരീക്ഷിച്ചു. എന്നാൽ, 2020-21-ൽ (ഉദയ്-ക്കുശേഷം) ഇത് യൂണിറ്റിന് ₹0.72 ആയി വർദ്ധിച്ചു. **പട്ടിക** 3-ൽ കാണിച്ചിരിക്കുന്നതു പോലെ, എ.സി.എസ്എ.ആർ.ആർ വിടവ് ഇല്ലാതാക്കുന്നതിൽ കെഎസ്ഇബിഎൽ പരാജയപ്പെട്ടു.

### പട്ടിക 3: 2015-21 കാലയളവിൽ കെ.എസ്.ഇ.ബി.എല്ലിന്റെ എ.സി.എസ്എ.ആർ.ആർ വിടവ്

| ക്രമ നം. | വിവരണം | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 |
|---|---|---|---|---|---|---|---|
| | | ഉദയ്-ക്കു മുമ്പുള്ള കാലയളവ് | | ഉദയ് കാലയളവ് | | ഉദയ്-ക്കു ശേഷമുള്ള കാലയളവ് | |
| 1 | മൊത്തം വരുമാനം (കോടി രൂപ) | 11,230.47 | 11,619.60 | 12,665.45 | 13,989.88 | 14,854.60 | 15,169.39 |
| 2 | മൊത്തം ചെലവ് (കോടി രൂപ) | 11,927.43 | 13,114.23 | 13,449.54 | 14,108.61 | 15,095.55 | 16,973.13 |
| 3 | കമ്മി (കോടി രൂപ) | **696.96** | **1,494.63** | **784.09** | **118.73** | **240.95** | **1,803.74** |
| 4 | സഞ്ചിത നഷ്ടം (കോടി രൂപ) | **2,184.91** | **7,407.88** | **9,776.60** | **5,336.26** | **5,605.81** | **7,428.16** |
| 5 | ഇൻപുട്ട് യൂണിറ്റുകൾ (മില്യൺ യൂണിറ്റുകൾ) | 22,727.33 | 23,763.57 | 24,340.80 | 24,849.15 | 26,226.08 | 25,132.93 |
| 6 | എ.സി.എസ്. (ഒരു യൂണിറ്റിന് രൂപ) (2)/(5) | 5.25 | 5.52 | 5.52 | 5.67 | 5.76 | 6.75 |
| 7 | എ.ആർ.ആർ (ഒരു യൂണിറ്റിന് രൂപ) (1)/(5) | 4.94 | 4.88 | 5.20 | 5.62 | 5.66 | 6.03 |
| 8 | **അക്കൗണ്ട്സ് അനുസരിച്ച് എ.സി.എസ്.-എ.ആർ.ആർ. വിടവ് (ഒരു യൂണിറ്റിന് രൂപ) (6)/(7)** | **0.31** | **0.64** | **0.32** | **0.05** | **0.10** | **0.72** |

*(സ്രോതസ്സ്: കെഎസ്ഇബിഎല്ലിന്റെ വാർഷിക റിപ്പോർട്ടുകൾ)*

മുകളിലുള്ള പട്ടികയിൽ കാണുന്നത് പോലെ, യഥാർത്ഥ എ.സി.എസ്-എ.ആർ.ആർ വിടവ് 2018-19-ൽ കുറഞ്ഞു. എന്നിരുന്നാലും, ഇത് 2019-20 മുതൽ വർദ്ധിച്ചു തുടങ്ങി.

വൈദ്യുതിവാങ്ങൽ ചെലവും, സ്ഥാപനം, ഓപ്പറേഷൻ & മെയിന്റനൻസ് എന്നിവയ്ക്കുള്ള ചെലവുകളും എ.സി.എസ്-ന്റെ പ്രധാന ഘടകങ്ങളാണ്. വൈദ്യുതി സംഭരണച്ചെലവ് 2015-16-ലെ ₹6,494.91 കോടിയിൽ നിന്ന് 24.07 ശതമാനം വർധിച്ച് 2020-21-ൽ ₹8.057.93 കോടിയായി ഉയർന്നു. ഈ കാലയളവിൽ അറ്റകുറ്റപ്പണികൾക്കും, ജീവനക്കാരുടെ ആനുകൂല്യങ്ങൾക്കും, കമ്പനി നടത്തിപ്പിനുമുള്ള മൊത്തം ചെലവുകൾ 62.60 ശതമാനം ഉയർന്ന് ₹3,694.63 കോടിയിൽ നിന്ന് ₹6,007.61 കോടിയായി. അറ്റകുറ്റപ്പണികൾക്കുള്ള ചെലവുകൾ 2015-16-ലും 2020-21-ലും ഏകദേശം ₹260.50 കോടിയായി തുടർന്നു. എന്നാൽ, ജീവനക്കാരുടെ ആനുകൂല്യ

ചെലവുകൾ 2015-16-ലെ ₹3,104.55 കോടിയിൽ നിന്ന് 2020-21-ൽ ₹5,153.17 കോടിയായി ഉയർന്നു. ഇക്കാലയളവിൽ കമ്പനി നടത്തിപ്പ് ചെലവ് ₹329.58 കോടിയിൽ നിന്ന് ₹593.86 കോടിയായി വർദ്ധിച്ചു. താരിഫ് പെറ്റീഷനുകൾ കൃത്യനിഷ്ഠയോടെ സമർപ്പിച്ചിരുന്നു എങ്കിൽ ഇത്തരം ചെലവുകൾ വീണ്ടെടുക്കാൻ സാധിക്കുമായിരുന്നു. എന്നാൽ, ഈ റിപ്പോർട്ടിന്റെ **ഖണ്ഡിക 2.5.2**-ൽ ചർച്ച ചെയ്തിരിക്കുന്നത് പോലെ കെഎസ്ബിഎൽ താരിഫ് പെറ്റീഷനുകൾ സമർപ്പിക്കുന്നതിൽ കാര്യമായ കാലതാമസം ഉണ്ടായി. 2015-21 കാലയളവിൽ ഈ ഘടകങ്ങളിൽ ഉണ്ടായ വർദ്ധന എ.സി.എസ്-എ.ആർ.ആർ വിടവ് വർദ്ധിക്കുന്നതിന് കാരണമായി.

കണക്കുകളുടെ ട്രൂയിംഗ് അപ്പ്[4] സംബന്ധിച്ച കെഎസ്ഇആർസിയുടെ 25 ജൂൺ 2021-ലെ ഉത്തരവിൽ, യാഥാർത്ഥ്യത്തിൽ അധിഷ്ഠിതമായ ന്യായീകരണം നല്കാൻ കെഎസ്ഇബിഎല്ലിന് കഴിയാതിരുന്നതിനാൽ, ജീവനക്കാരുടെ ശമ്പളത്തിന്റെയും അലവൻസുകളുടെയും ഇനത്തിൽ ₹232.76 കോടി കെഎസ്ഇബിഎല്ലിന്റെ ക്ലെയിമിൽ നിന്ന് കെഎസ്ഇആർസി കുറച്ചിരുന്നു. കെഎസ്ഇബിഎൽ നൽകിയ രേഖകളിൽ ഓരോ 1,000 ഉപഭോക്താക്കൾക്കുമുള്ള ജീവനക്കാരുടെ എണ്ണത്തിൽ, കെഎസ്ഇബിഎല്ലിൽ ജോലി ചെയ്യുന്ന താൽക്കാലിക/കരാർ ജീവനക്കാരെ ഉൾപ്പെടുത്തിയിട്ടില്ലെന്നും, ഓരോ സർക്യൂട്ട്-കിലോമീറ്ററിനും ഉള്ള ജീവന ക്കാരുടെ അനുപാതം ഉയർന്നതാണെന്നും സമാനമായ സ്ഥാനത്തുള്ള മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്താനാവില്ലെന്നും കെഎസ്ഇആർസി നിരീക്ഷിച്ചു. 2018-22-ലെ താരിഫ് നിർണ്ണയിക്കുമ്പോൾ, ഇതേ കാരണത്താൽ ജീവനക്കാരുടെ ചെലവുകൾക്കായി കെഎസ്ഇബിഎൽ ക്ലെയിം ചെയ്ത ₹403.78 കോടി കെഎസ്ഇആർസി കിഴിച്ചു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് കോഴിക്കോട് (ഐ.ഐ.എം.കെ)-ന്റെ ശുപാർശകളുടെ (2015/2017) അടിസ്ഥാനത്തിൽ ജീവനക്കാരുടെ ചെലവ് ഒപ്റ്റിമൈസ് ചെയ്യാൻ കെഎസ്ഇആർസി, കെഎസ്ഇബിഎൽ-ന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു (ഏപ്രിൽ 2017). കൂടാതെ, അധികമുള്ള / ഉപയോഗിക്കാത്ത ജീവനക്കാരെ പുനർവിന്യസിക്കൽ പ്രധാന പ്രവർത്തനങ്ങളുടെ കമ്പ്യൂട്ടർവത്കരണം, ജീവനക്കാരുടെ പരിശീലനം/പുനർ നൈപുണ്യം, ജോലി സമ്പുഷ്ടമാക്കൽ, ജോലി ഉള്ളടക്കത്തിന്റെ പുനർരൂപകൽപ്പന, സാങ്കേതിക കൺസൾട്ടൻസി ഏറ്റെടുക്കൽ തുടങ്ങിയവ കൂടി കെഎസ്ഇആർസി നിർദേശിച്ചിരുന്നു. ₹29.00 കോടി ചെലവ് പ്രതീക്ഷിക്കുന്ന 27 പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ സൃഷ്ടിക്കുന്നതിൽ സംസ്ഥാന സർക്കാരിന്റെ അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം) പ്രകടി പ്പിച്ച ആശങ്കകൾ പരിഹരിക്കാൻ കെഎസ്ഇബിഎല്ലിനോട് കെഎസ്ഇആർസി ആവശ്യപ്പെട്ടു. കെഎസ്ഇബിഎല്ലിന്റെ സാമ്പത്തികവും പ്രവർത്തനപരവുമായ പ്രകടനം അവലോകനം ചെയ്യുന്നതിൽ ജീവനക്കാരുടെ ഉയർന്ന ചെലവും മെയിന്റനൻസ് ചെലവുകളും പ്രധാന ആശങ്കയായി ഭാരത സർക്കാരിന്റെ ഊർജ്ജ മന്ത്രാലയവും ഉദ്ധരിച്ചിരുന്നു (മെയ് 2017/ജൂലൈ 2018/ഒക്ടോബർ 2019/ജൂലൈ 2021). എന്നിരുന്നാലും, ഐ.ഐ.എം.കെയുടെ ശുപാർശകൾ കെഎസ്ഇബിഎൽ ഇതുവരെ നടപ്പാക്കിയിട്ടില്ല.

കോവിഡ്-19 മഹാമാരി സാഹചര്യം കാരണം ഐ.ഐ.എം.കെയുടെ ശുപാർശ കൾ നടപ്പിലാക്കുന്നത് വൈകിയെന്നും ജീവനക്കാരെ പുനർവിന്യസിക്കുന്നതിനെ ക്കുറിച്ചുള്ള അന്തിമതീരുമാനം ഇനിയും കൈക്കൊള്ളാൻ ആയില്ലെന്നും കേരള സർക്കാർ മറുപടി നൽകി (ഫെബ്രുവരി 2022). ലഭ്യമായ മനുഷ്യശേഷി പ്രത്യേക പദ്ധതികൾക്കായി (ഊർജ്ജകേരള മിഷൻ, സൗരകേരളം - ഫൈബർ ഒപ്റ്റിക് നെറ്റ്വർക്ക് മുതലായവ) ഉപയോഗിച്ചിട്ടുണ്ടെന്നും, പീക്ക് ടൈം ഉപയോഗത്തിനു ഹൈഡൽ സ്റ്റേഷനുകളിലെ ജലം സംരക്ഷിക്കുന്നതിനുള്ള സാധ്യതയും

[4] ഓഡിറ്റ് ചെയ്യപ്പെട്ട കണക്കുകളെ അടിസ്ഥാനമാക്കി ഒരു സാമ്പത്തിക വർഷത്തേക്കുള്ള ഡിസ്കോമിന്റെ റവന്യൂ മിച്ചം/വിടവ് ഉറപ്പിക്കുന്നതിനുള്ള ഒരു പ്രക്രിയ.

വൈദ്യുതിവാങ്ങൽ ചെലവ് കുറയ്ക്കാൻ ജലവൈദ്യുതി ഉത്പാദനത്തിന് പകരം വിപണിയിൽ നിന്ന് കുറഞ്ഞ ചെലവിൽ വൈദ്യുതി ലഭ്യമാക്കുന്നതിനുമായി പര്യവേക്ഷണം നടത്തിവരുന്നതായും മറുപടിയിൽ വ്യക്തമാക്കി.

2015/2017-ൽ ഐ.ഐ.എം.കെ ശുപാർശകൾ സമർപ്പിച്ചതിനാൽ ഈ മറുപടി ന്യായമല്ല. 2017 മുതൽ ജീവനക്കാരുടെ ചെലവ് കുറയ്ക്കുന്നതിന് കെഎസ്ഇആർസി-യും ഊർജ്ജ മന്ത്രാലയവും നിർബന്ധിച്ചിട്ടും കെഎസ്ഇബിഎൽ നാളിതുവരെ ഒരു മുൻകൈയും എടുത്തിട്ടില്ല. ജീവനക്കാരുടെ ചെലവും വൈദ്യുതി വാങ്ങൽ ചെലവും കുറയ്ക്കുന്നതിൽ കെഎസ്ഇബിഎൽ പരാജയപ്പെട്ടെന്നും 2015-18 കാലയളവിൽ താരിഫ് പെറ്റീഷനുകൾ സമർപ്പിക്കുന്നതിൽ കാലതാമസമുണ്ടായെന്നും ഉള്ള വസ്തുത നിലനിൽക്കുന്നു. ഇത് എ.സി.എസ്-എ.ആർ.ആർ വിടവ് ഇല്ലാതാക്കുന്നതിൽ നിന്ന് കെഎസ്ഇബിഎല്ലിനെ തടഞ്ഞു.

**താരിഫ്, ട്രൂയിംഗ് അപ്പ് ഹർജികൾ ഫയൽ ചെയ്യുന്നതിലെ കാലതാമസം**

**2.5.2** ഉദയ് ധാരണാ പത്രത്തിന്റെ ക്ലോസ് 1.2(ഇ) പ്രകാരം, കേരള സർക്കാർ 2018-19 കാലയളവിൽ അഞ്ച് ശതമാനം താരിഫ് വർദ്ധന ഉറപ്പാക്കേണ്ടിയിരുന്നു. കൂടാതെ, യഥാസമയം താരിഫ് ഹർജികൾ ഫയൽ ചെയ്തുകൊണ്ട് ഇന്ധന വിലവർധനവ് നികത്താൻ ത്രൈമാസ താരിഫ് പരിഷ്കരണം നടപ്പാക്കാൻ കെഎസ്ഇബിഎല്ലും സമ്മതിച്ചു.

താരിഫ് നിർണ്ണയ പ്രക്രിയയിൽ ഓരോ സാമ്പത്തിക വർഷവും നിശ്ചിത തീയതികളിലോ അതിന് മുമ്പോ കെഎസ്ഇആർസി മുമ്പാകെ കെഎസ്ഇബിഎൽ ഓരോ സാമ്പത്തിക വർഷത്തേക്കുമുള്ള താരിഫ് അപേക്ഷ(കൾ) (നിവേദനങ്ങൾ)/ഹർജികൾ ഫയൽ ചെയ്യേണ്ടതാണ്. താരിഫ് ചട്ടങ്ങൾ, 2014 നിർദ്ദേശിച്ചിരിക്കുന്നതനുസരിച്ച്, 2018 മാർച്ച് 31 വരെ, അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള താരിഫ് നിർണയിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം മുൻ സാമ്പത്തിക വർഷത്തെ കണക്കുകൾ ട്രൂയിംഗ് അപ്പ് ചെയ്യുന്നതിനുള്ള അപേക്ഷ ഓരോ സാമ്പത്തിക വർഷവും നവംബർ 30-നോ അതിനു മുൻപോ സമർപ്പിക്കണം. ഉദാഹരണത്തിന്, 2017-18-ലെ താരിഫ് പെറ്റീഷനും 2015-16-ലെ ട്രൂയിംഗ് അപ്പ് പെറ്റീഷനും 2016 നവംബർ 30-നോ അതിനു മുൻപോ ഫയൽ ചെയ്യേണ്ടതാണ്. 2018 ഏപ്രിൽ 1 മുതൽ ആരംഭിക്കുന്ന സാമ്പത്തിക വർഷങ്ങളിൽ, ഹർജി ഫയൽ ചെയ്യുന്നതിനുള്ള സമയ പരിധി ഒക്ടോബർ 31 ആയി നിശ്ചയിച്ചു.

കെഎസ്ഇബിഎൽ 2015-16-ലേക്കുള്ള താരിഫ് പെറ്റീഷൻ മാർച്ച് 2015-നു ഫയൽ ചെയ്തു, പക്ഷേ എസ്.ബി.യു - അടിസ്ഥാനത്തിലുള്ള കണക്കുകളും താരിഫ് പരിഷ്കരണത്തിലൂടെ പ്രതീക്ഷിക്കുന്ന വരുമാന വിടവ് നികത്തുന്നതിനുള്ള അപേക്ഷയും നൽകിയില്ല. അതിനാൽ, ആ ഹർജി കെഎസ്ഇആർസി അംഗീകരിച്ചില്ല (മാർച്ച് 2017). തുടർന്ന്, കെഎസ്ഇബിഎൽ മൂന്ന് എസ്.ബി.യുകളുടെയും പ്രത്യേക കണക്കുകൾക്കൊപ്പം ഫയൽ ചെയ്ത (ഏപ്രിൽ 2018) 2015-16-ലെ ട്രൂയിംഗ് അപ്പ് ഹർജിക്ക് ₹202.97 കോടി വരുമാന വിടവോടെ അംഗീകാരം ലഭിച്ചു. (ഓഗസ്റ്റ് 2018). കെഎസ്ഇബിഎൽ 2016-17, 2017-18 വർഷങ്ങളിലെ താരിഫ് നിർണ്ണയത്തിനായി അപേക്ഷകൾ ഫയൽ ചെയ്തില്ല, ആയതിനാൽ, 4.77 ശതമാനം താരിഫ് പരിഷ്കരണത്തിനുള്ള ഉത്തരവുകൾ കെഎസ്ഇആർസി സ്വമേധയാ പുറപ്പെടുവിച്ചു (ഏപ്രിൽ 2017). മറ്റൊരു ഉത്തരവിലൂടെ 2018-22 കാലയളവിലേക്ക് കെഎസ്ഇബിഎൽ ഒക്ടോബർ 2018-ൽ സമർപ്പിച്ച ഹർജിയിൽ കെഎസ്ഇആർസി 7.32 ശതമാനം താരിഫ് പരിഷ്കരണം നിശ്ചയിച്ചു.

കെഎസ്ഇബിഎൽ ട്രൂയിംഗ് അപ്പ് ഹർജികൾ ഫയൽ ചെയ്യുന്നതിൽ 2015-16-ൽ 502 ദിവസവും 2016-17-ൽ 207 ദിവസവും, കാലതാമസം വന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. ഇത് 2016-17 വരെ ഉള്ള കാലയളവിലെ ട്രൂയിംഗ് അപ്പ് കണക്കുകളുടെ അന്തിമമാക്കൽ വരെ (ജൂൺ 2021) ₹6,778.74 കോടിയുടെ സഞ്ചിത വരുമാന വിടവിന് കാരണമായി. 2017-18-ലേക്ക്, 11 മാസത്തെ കാലതാമസത്തോടെ മൂന്ന് എസ്.ബി.യു-

കളുടെ കണക്കുകൾ ട്രൂയിംഗ് അപ്പ് ചെയ്യുന്നതിന് കെഎസ്ഇആർസി-യുടെ അംഗീകാരത്തിനായി കെഎസ്ഇബിഎൽ ഡിസംബർ 2019-ൽ അപേക്ഷ നൽകി. ഇതിന് ₹84.13 കോടിയുടെ അറ്റവരുമാന വിടവിന് കെഎസ്ഇആർസി അംഗീകാരം നൽകി. 2017-18-ഉം, 2018-22 വർഷങ്ങളിൽ ₹4,140.92 കോടിയുടെ റവന്യൂവിടവ് വീണ്ടെടുക്കാൻ ഉത്തരവിട്ടതിന് പുറമെ, അംഗീകൃത റവന്യൂ വിടവിനുള്ള ചെലവ് വഹിക്കാൻ കെഎസ്ഇആർസി അനുവദിച്ചു.

2014-ലെ താരിഫ് റെഗുലേഷനുകളിൽ വ്യക്തമാക്കിയ മാനദണ്ഡങ്ങൾക്കെതിരെ കെഎസ്ഇബിഎൽ സമർപ്പിച്ച റിട്ട് പെറ്റീഷനിൽ ബഹു: കേരള ഹൈക്കോടതിയുടെ തീരുമാനം തീർപ്പാക്കാത്തതിനാൽ 2015-17-ലേക്കുള്ള താരിഫ് ഹർജികൾ കെഎസ്ഇബിഎൽ യഥാസമയം ഫയൽ ചെയ്തിട്ടില്ലെന്ന് കേരള സർക്കാർ മറുപടി നൽകി(ഫെബ്രുവരി2022).ഓപ്പറേഷനുംമെയിന്റനൻസ്ചെലവുകൾവീണ്ടെടുക്കുന്നതിനുള്ള താരിഫ് റെഗുലേഷൻസ്, 2014-ൽ വ്യക്തമാക്കിയിട്ടുള്ള മാനദണ്ഡ മൂല്യങ്ങൾ അശാസ്ത്രീയമാണെന്നും യഥാർത്ഥ ചെലവുകളുടെ കുറവ് വീണ്ടെടുക്കുന്നതിന് അത് ബുദ്ധിമുട്ടുണ്ടാക്കുമെന്നും കെഎസ്ഇബിഎൽ കരുതി. 2015-16, 2016-17, 2017-18 വർഷങ്ങളിലെ കണക്കുകൾ ശരിയാക്കുന്നതിനുള്ള അപേക്ഷകളിൽ ഉത്തരവുകൾ പുറപ്പെടുവിക്കാൻ (കെഎസ്ഇആർസിയുടെ 2010-11 മുതലുള്ള ഉത്തരവുകൾ കണക്കിലെടുത്തു കൊണ്ട്) കെഎസ്ഇആർസിക്ക് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശം നൽകി (ഫെബ്രുവരി 2018). കെഎസ്ഇബിഎല്ലിന്റെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിനും കെഎസ്ഇആർസി ഉത്തരവുകൾ പ്രഖ്യാപിക്കുന്നതിലും കാര്യമായ കാലതാമസമുണ്ടായതിനാൽ തീർപ്പുകൽപ്പിക്കുന്ന ഹർജികൾ ഫയൽ ചെയ്യുന്നത് വൈകുന്നതായും കെഎസ്ഇബിഎൽ പ്രസ്താവിച്ചു.

എന്നാൽ, നിലവിലുള്ള താരിഫ് ചട്ടങ്ങൾക്കനുസൃതമായി താരിഫ് സമയബന്ധിതമായി ട്രൂയിംഗ് അപ്പ് ഹർജികൾ സമർപ്പിക്കേണ്ടത് കെഎസ്ഇബിഎല്ലിന്റെ ഉത്തരവാദിത്തമായതിനാൽ മറുപടി അംഗീകരിക്കാനാവില്ല. കെഎസ്ഇബിഎല്ലിന്റെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർമാരുടെ വാർഷികകണക്കുകളുടെ (സ്വാതന്ത്ര്യവും ഏകീകൃതവുമായ) സർട്ടിഫിക്കേഷന് അതാത് സാമ്പത്തിക വർഷങ്ങളുടെ അവസാനത്തിന് ശേഷം ഗണ്യമായ സമയമെടുത്തു (അതായത്, 2015-16-ൽ 10 മാസവും 2018-19-ൽ 17 മാസവും). കെഎസ്ഇബിഎല്ലിന്റെ പ്രവർത്തനങ്ങളും കാര്യക്ഷമതയും മെച്ചപ്പെടുത്തുന്നതിനുള്ള ഒരു പ്രധാന നടപടിയായി താരിഫ്/ ട്രൂയിംഗ് അപ്പ് ഹർജികൾ സമയബന്ധിതമായി തീർപ്പാക്കേണ്ടതിന്റെ ആവശ്യകത ഭാരത സർക്കാർ ഊർജ്ജ മന്ത്രാലയവും എടുത്തുപറഞ്ഞു (ജൂലൈ 2021).

**ഇന്ധനവില വർധനവ് നികത്താൻ ഹർജികൾ നൽകുന്നതിൽ കാലതാമസം**

**2.5.3** താരിഫ് ചട്ടങ്ങൾ പ്രകാരം, ഒരു സാമ്പത്തിക വർഷത്തിന്റെ ഓരോ പാദവും അവസാനിച്ച് 30 ദിവസത്തിനുള്ളിൽ ഉപഭോക്താക്കളിൽ നിന്ന് ക്രമീകരിക്കേണ്ട ഇന്ധന സർച്ചാർജ്ജിന്റെ അംഗീകാരത്തിനായി അപേക്ഷകളും പ്രസക്തമായ വിശദാംശങ്ങളും കെഎസ്ഇബിഎൽ, കെഎസ്ഇആർസി മുമ്പാകെ സമർപ്പിക്കേണ്ടതാണ്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (ഇന്ധന സർചാർജ്ജ് ഫോർമുല) റെഗുലേഷൻസ്, 2009 പ്രകാരം, ഒരു സാമ്പത്തിക വർഷം അവസാനിച്ച് 30 ദിവസത്തിനുള്ളിൽ ഇന്ധനത്തിന്റെയും വൈദ്യുതി വാങ്ങലിന്റെയും ചിലവുകളിലെ മാറ്റം മൂലമുള്ള അധിക ചെലവ് ഈടാക്കാൻ കെഎസ്ഇബിഎൽ കെഎസ്ഇആർസിക്കു നിവേദനം നല്കേണ്ടതാണ്.

2015-16, 2016-17 വർഷങ്ങളിലെ അംഗീകൃത മൊത്തം വരുമാന ആവശ്യകത (അഗ്രിഗേറ്റ് റവന്യൂ റിക്വയർമെന്റ് അഥവാ എ.ആർ.ആർ) ചാർജ്ജുകളിൽ നിന്നുള്ള പ്രതീക്ഷിക്കുന്ന വരുമാനം (എക്സ്പെക്റ്റഡ് റവന്യൂ ഫ്രം ചാർജ്ജസ് അഥവാ ഇ.ആർ.സി) ലഭ്യമല്ലാത്തതുകൊണ്ടു അതാത് കാലയളവിലെ ഇന്ധന സർചാർജ്ജ് വീണ്ടെടുക്കാനുള്ള അപേക്ഷകൾ കെഎസ്ഇബിഎൽ നൽകിയില്ല (2015-18 ലേക്കുള്ള താരിഫ് ഹർജികൾ സമയത്ത് ഫയൽ ചെയ്തിട്ടില്ലായിരുന്നു). 2017-18-ലെ ഓരോ പാദത്തിലും ഇന്ധന സർചാർജ്ജ് വീണ്ടെടുക്കുന്നതിനുള്ള അപേക്ഷകൾ

കെഎസ്ഇബിഎൽ സമർപ്പിച്ചെങ്കിലും (ഓഗസ്റ്റ് 2017 മുതൽ ജൂലൈ 2018 വരെ) അത് 18 മുതൽ 64 ദിവസം വരെ കാലതാമസത്തോടെ ആയിരുന്നുവെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. എന്നാൽ 2018-19, 2019-20, 2020-21 (2020-21 ആദ്യ പാദത്തിൽ 42 ദിവസത്തെ കാലതാമസം ഒഴികെ) നിശ്ചിത സമയത്തിനുള്ളിൽ കെഎസ്ഇബിഎൽ അപേക്ഷകൾ ഫയൽ ചെയ്തു. 2018-19 വർഷത്തേക്ക് സമർപ്പിച്ച ത്രൈമാസ നിവേദനങ്ങളുമായി ബന്ധപ്പെട്ട്, 2018 ഓഗസ്റ്റ്-നവംബർ കാലയളവിൽ ഇന്ധന സർച്ചാർജ്ജായി ₹81.65 കോടി തിരിച്ചുപിടിക്കുന്നതിന് കെഎസ്ഇആർസി അംഗീകാരം നൽകി (ഓഗസ്റ്റ് 2018). 2019-20-ലെ ഒന്നും രണ്ടും പാദങ്ങളിലെ അപേക്ഷകളിൽ കെഎസ്ഇആർസി യഥാക്രമം ₹62.26 കോടിക്കും ₹52.68 കോടിക്കും അംഗീകാരം നൽകിയെങ്കിലും കോവിഡ്-19 മഹാമാരി പൊട്ടിപ്പുറപ്പെട്ടതിനാൽ ഇന്ധന സർച്ചാർജ്ജ് വീണ്ടെടുക്കൽ മാറ്റിവച്ചു. 2020-21-ലേക്കുള്ള ഉത്തരവുകൾ കെഎസ്ഇആർസി പബ്ലിക് ഹിയറിംഗ് പൂർത്തിയാക്കിയെങ്കിലും പുറപ്പെടുവിച്ചിട്ടില്ല.

2017-18 വരെയുള്ള കാലയളവിലെ ഇന്ധന സർചാർജ് അപേക്ഷകൾ ഫയൽ ചെയ്യുന്നതിലെ കാലതാമസം ആ കാലയളവിലെ എ.ആർ.ആർ, ഇ.ആർ.സി എന്നിവയുടെ അഭാവം കാരണമാണെന്ന് കേരള സർക്കാർ വ്യക്തമാക്കി. കൂടാതെ, കേന്ദ്ര ജനറേറ്റിംഗ് സ്റ്റേഷനുകളിൽ നിന്നും മറ്റ് വിതരണക്കാരിൽ നിന്നും വൈദ്യുതി വാങ്ങിയതിന്റെ ഇൻവോയ്സുകൾ ലഭിക്കുന്നതിന് കാലതാമസവും ഉണ്ടായതായി സർക്കാർ മറുപടിയിൽ അറിയിച്ചു (ഫെബ്രുവരി 2022). നവംബർ 2021-ൽ വിജ്ഞാപനം ചെയ്ത പുതിയ താരിഫ് റെഗുലേഷൻസ് അനുസരിച്ച്, ഇന്ധന സർചാർജ് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയകാലയളവ് ഓരോ പാദവും അവസാനിച്ചതിന് ശേഷം 45 ദിവസമായി പരിഷ്കരിച്ചിട്ടുണ്ടെന്നും സർക്കാർ പ്രസ്താവിച്ചു.

2015-21 കാലയളവിൽ പ്രാബല്യത്തിൽ വന്ന താരിഫ് ചട്ടങ്ങൾക്കനുസൃതമായി ഓരോ പാദവും അവസാനിച്ച് 30 ദിവസത്തിനകം ഇന്ധന സർചാർജ് അപേക്ഷകൾ ഫയൽ ചെയ്യേണ്ടതുണ്ടായിരുന്നതിനാൽ മറുപടി സ്വീകാര്യമല്ല. എന്നിരുന്നാലും മേൽപ്പറഞ്ഞ ഖണ്ഡികയിൽ വിശദീകരിച്ചതുപോലെ, 2015-18 കാലയളവിൽ കെഎസ്ഇബിഎൽ ഇന്ധന സർച്ചാർജ്ജ് അപേക്ഷകൾ ഫയൽ ചെയ്യുന്നത് വൈകിപ്പിച്ചു.

**എ ടി & സി നഷ്ടം കുറയ്ക്കൽ**

**2.6** എ ടി & സി നഷ്ടം ഡിസ്കോമുകളുടെ പ്രകടനവും കാര്യക്ഷമതയും അളക്കുന്നതിനുള്ള ഒരു പ്രധാന അളവുകോലാണ്. വിതരണ ശൃംഖലയിൽ സംഭവിക്കുന്ന വൈദ്യുതിയുടെ സാങ്കേതികവും വാണിജ്യപരവുമായ മൊത്തം നഷ്ടത്തിന്റെ അളവാണിത്. സാങ്കേതിക നഷ്ടം എന്നത് വൈദ്യുതോർജ്ജ വിതരണത്തിൽ അന്തർലീനമായ നെറ്റ്‌വർക്ക് നഷ്ടത്തെ സൂചിപ്പിക്കുന്നു, കൂടാതെ കണ്ടക്ടറുകൾ, ട്രാൻസ്ഫോർമറുകൾ, സ്വിച്ച്ഗിയറുകൾ, മെഷർമെന്റ് സിസ്റ്റം എന്നിവയിലെ നഷ്ടങ്ങളും ഇതിൽ ഉൾപ്പെടുന്നു. വൈദ്യുതിമോഷണം, മീറ്ററിംഗ്, ബില്ലിംഗ്, ശേഖരണ സംവിധാനത്തിലെ പോരായ്മകൾ തുടങ്ങിയ ബാഹ്യ ഘടകങ്ങൾ മൂലമുണ്ടാകുന്ന ഊർജ്ജ നഷ്ടത്തെയാണ് വാണിജ്യ നഷ്ടം പ്രതിനിധീകരിക്കുന്നത്. ഊർജ്ജ ഇൻപുട്ട് പോയിന്റുകളുടെ മീറ്ററിംഗ്, വൈദ്യുതി നെറ്റ്‌വർക്കിന്റെ റിംഗ് ഫെൻസിംഗ്, പ്രത്യേക ഫീഡറുകൾ സ്ഥാപിച്ച് ഗ്രാമീണ ലോഡുകൾ വേർതിരിക്കുക, ബില്ലിംഗും വരുമാന ശേഖരണവും, എ ടി & സി നഷ്ടം അളക്കുന്നതിനുള്ള ആവശ്യമായ വ്യവസ്ഥകളാണ്. ഇൻപുട്ട് എനർജിയും വിൽപ്പനയും അളക്കുന്നതിനും ബില്ലിംഗ്, കളക്ഷൻ കാര്യക്ഷമതകൾ മെച്ചപ്പെടുത്തുന്നതിനും ഇൻഫർമേഷൻ ടെക്നോളജി[5] (ഐ.ടി) പ്രയോജനപ്പെടുത്തുന്നത് എ ടി & സി നഷ്ടം നിർണ്ണയിക്കുന്നതിലും റിപ്പോർട്ടു ചെയ്യുന്നതിലും കൃത്യത വർദ്ധിപ്പിക്കും.

ഉദയ് ധാരണാപത്രത്തിന്റെ ക്ലോസ് 1.3(എഫ്) പ്രകാരം, പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുന്നതിനുള്ള പ്രധാന കടമകളിലൊന്ന് 2018-19 സാമ്പത്തിക വർഷത്തിന്റെ

[5] 'എനർജി ഓഡിറ്റ്' സോഫ്റ്റ്‌വെയർ മൊഡ്യൂൾ, സിസ്റ്റത്തിൽ നിന്ന് നേരിട്ട് എ ടി & സി നഷ്ടത്തിന്റെ സ്വയമേവയുള്ള കണക്കുകൂട്ടൽ സാധ്യമാക്കി.

അവസാനത്തോടെ എ ടി & സി നഷ്ടം 11 ശതമാനമായി കുറയ്ക്കുക എന്നതായിരുന്നു. ഇത് നേടുന്നതിന്, കെഎസ്ഇബിഎൽ ഉദയ് എം.ഓ.യു [(ക്ലോസ് 1.3(ഇ)(ii)] പ്രകാരം വിശദമായ പ്രവർത്തന പദ്ധതി രൂപീകരിക്കാനും ഇലക്ട്രിക്കൽ ഡിവിഷൻ തലത്തിൽ നഷ്ടം കുറയ്ക്കുന്നതിനുള്ള ലക്ഷ്യങ്ങൾ തയ്യാറാക്കാനും ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്താനും നഷ്ടം കുറയ്ക്കുന്നതിനുള്ള പ്രകടനം നിരീക്ഷിക്കാനും സമ്മതിച്ചു. പ്രസരണ നഷ്ടം, അതായത്, ഒരു ട്രാൻസ്മിഷൻ ലൈനിലൂടെ കടന്നുപോകുമ്പോൾ പ്രക്ഷേപണം ചെയ്യപ്പെടുന്ന വൈദ്യുതധാരയുടെ അല്ലെങ്കിൽ വോൾട്ടേജ് നഷ്ടം, 2018-19 ആകുമ്പോഴേക്കും 4.40 ശതമാനമായി കുറക്കാനും ഉദയ് ധാരണപത്രത്തിൽ പറയുന്നു.

കെഎസ്ഇബിഎൽ അതിന്റെ എ ടി & സി നഷ്ടം കണക്കാക്കുകയും സാമ്പത്തിക വർഷത്തിന്റെ ഓരോ പാദത്തിന്റെയും അവസാനം ഉദയ് വെബ് പോർട്ടലിലേക്ക് അത് അപ്‌ലോഡ് ചെയ്യുകയും ചെയ്തു. എ ടി & സി നഷ്ടം 2015-16-ൽ 11.32 ശതമാനത്തിൽ നിന്ന് 2018-19-ൽ 10.71 ശതമാനമായും 2019-20-ൽ 10.98 ശതമാനമായും കുറഞ്ഞു. ഇതേസമയം, പ്രസരണ നഷ്ടം 4.45 ശതമാനത്തിൽ നിന്ന് 3.74 ശതമാനമായും 3.70 ശതമാനമായും കുറഞ്ഞു. പക്ഷേ, 2020-21 അവസാനത്തോടെ, എ ടി & സി നഷ്ടം 11.18 ശതമാനമായി ഉയർന്നപ്പോൾ പ്രസരണ നഷ്ടം 3.63 ശതമാനമായി കുറഞ്ഞു. കോവിഡ്-19 പാൻഡെമിക് പൊട്ടിപ്പുറപ്പെട്ടതിനെത്തുടർന്ന് ഡിഫോൾട്ടർമാരുടെ വൈദ്യുതി വിതരണം വിച്ഛേദിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ കാരണം ശേഖരണ കാര്യക്ഷമതയിലുണ്ടായ ഇടിവാണ് 2020-21-ൽ എ ടി & സി നഷ്ടം വർധിച്ചതിന് കാരണം. ഉദയ് ധാരണാപത്രം ലക്ഷ്യമാക്കി എ ടി & സി പ്രസരണ നഷ്ടങ്ങളും അതിനെതിരായ കെഎസ്ഇബിഎല്ലിന്റെ പ്രകടനവും **ചാർട്ട് 3**-ൽ നിന്ന് കാണാം.

### ചാർട്ട് 3: 2015-21 കാലയളവിൽ കെഎസ്ഇബിഎല്ലിന്റെ എ ടി &സി നഷ്ടവും പ്രസരണ നഷ്ടവും




*(സ്രോതസ്സ്: കെഎസ്ഇബിഎൽ നല്കിയ വിവരങ്ങളും ഉദയ് ധാരണാപത്രവും)*

ഉദയ്കാലയളവിൽ, അതായത് 2017-18 മുതൽ 2018-19 വരെയുള്ള കാലയളവിൽ, എ ടി & സി നഷ്ടം കെഎസ്ഇബിഎല്ലിന്റെ സാമ്പത്തിക പ്രകടനം മെച്ചപ്പെടുത്താൻ സഹായിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു. അതായത് പ്രവർത്തന വരവിനേക്കാൾ അധികമായി വന്ന ചെലവ് 2016-17-ൽ ₹1,494.63 കോടിയിൽ നിന്ന് 2017-18-ൽ ₹784.09 കോടിയായും 2018-19-ൽ ₹118.73 കോടിയായും കുറഞ്ഞു. ഉദയ് (പദ്ധതി) കാലയളവിന് ശേഷം, 2019-20-ൽ എ ടി & സി നഷ്ടം 10.98 ശതമാനമായും 2020-21-ൽ 11.18 ശതമാനമായും ഉയർന്നപ്പോൾ, കമ്മി യഥാക്രമം ₹240.95 കോടിയായും ₹1,803.74 കോടിയായും വർദ്ധിച്ചു.

മറ്റൊരു പദ്ധതിയായ ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ ജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ)-യുടെ കീഴിൽ പൂർത്തിയാക്കിയ പ്രോജക്ടുകൾക്ക് അധിക

ഗ്രാന്റ് ലഭിക്കുന്നതിനായി ആർ.ഈ.സി ലിമിറ്റഡിന് സമർപ്പിച്ച 2015-19 കാലയളവിലെ എ ടി & സി നഷ്ടവും ഉദയ്-ക്കു കീഴിൽ ഊർജ്ജ മന്ത്രാലയത്തിൽ റിപ്പോർട്ട് ചെയ്ത എ ടി & സി നഷ്ടവും **പട്ടിക** 4-ൽ കാണിച്ചിരിക്കുന്ന രീതിയിൽ വ്യത്യാസപ്പെടുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു.

### പട്ടിക 4: ഉദയ്, ഡി.ഡി.യു.ജി.ജെ.വൈ എന്നിവയ്ക്ക് കീഴിൽ റിപ്പോർട്ട് ചെയ്യപ്പെട്ട എ ടി & സി നഷ്ടങ്ങളിലെ വത്യാസം

| സാമ്പത്തിക വർഷം | ഉദയ് പ്രകാരം റിപ്പോർട്ട് ചെയ്ത എ ടി & സി നഷ്ടം | ഡി.ഡി.യു.ജി.ജെ.വൈ പ്രകാരം റിപ്പോർട്ട് ചെയ്ത എ ടി & സി നഷ്ടം |
|---|---|---|
| 2015-16 | 11.32 | 10.44 |
| 2016-17 | 12.48 | 10.26 |
| 2017-18 | 11.93 | 11.17 |
| 2018-19 | 10.71 | 9.10 |

*(സ്രോതസ്സ്: കെഎസ്ഇബിഎൽ രേഖകൾ)*

കെ.ഡബ്ല്യു.എ-യുടെയും മറ്റ് സംസ്ഥാന സർക്കാർ വകുപ്പുകളുടെയും മുഴുവൻ വൈദ്യുതി കുടിശ്ശികയും പൂർണ്ണമായി സ്വീകരിച്ചതായി/ തിരിച്ചുപിടിച്ചതായി കണക്കാക്കിയാണ് കെ.എസ്.ഇ.ബി.എൽ, ഡി.ഡി.യു.ജി.ജെ.വൈക്ക് കീഴിൽ ഡിക്ലറേഷൻ/റിപ്പോർട്ടിംഗിനായി എ ടി & സി നഷ്ടം കണക്കാക്കിയത്. എന്നാൽ കെ.ഡബ്ല്യു.എ-യുടെ കുടിശ്ശിക മാത്രം നാല് വർഷത്തേക്ക് തവണകളായി നൽകാമെന്നാണ് കേരള സർക്കാർ സമ്മതിച്ചത്. ഇതാണ് പൊരുത്തക്കേടിന് കാരണമായത്. കെഎസ്ഇബിഎൽ ഉദയ്-യുടെകീഴിൽ എ ടി & സി നഷ്ടം കണക്കാക്കുകയും റിപ്പോർട്ടു ചെയ്യുകയും ചെയ്തത് കേന്ദ്ര വൈദ്യുതി അതോറിറ്റി അംഗീകരിച്ച രീതിശാസ്ത്രത്തിന് അനുസൃതമായിട്ട് ആയിരുന്നു എങ്കിലും, ഡി.ഡി.യു.ജി.ജെ.വൈ-ക്ക് കീഴിൽ പൂർത്തീകരിച്ച പ്രവൃത്തികൾക്ക് അധിക ഗ്രാന്റ് (പ്രോജക്ട് ചെലവിന്റെ 15 ശതമാനം) നേടിയെടുക്കുവാനായി വ്യത്യസ്തരീതിയിൽ എ ടി & സി നഷ്ടം കണക്കാക്കുകയും പ്രഖ്യാപിക്കുകയും/ റിപ്പോർട്ട് ചെയ്യുകയും ചെയ്തത് ശരിയായിരുന്നില്ല.

എ ടി & സി നഷ്ടത്തിൽ കെഎസ്ഇബിഎല്ലിന്റെ പ്രകടനത്തിന്റെ വിലയിരുത്തൽ താഴെ പറയുന്ന പോരായ്മകൾ വെളിപ്പെടുത്തി.

**ഇലക്ട്രിക്കൽ ഡിവിഷനുകളുടെ എ ടി & സി നഷ്ടത്തെക്കുറിച്ചുള്ള ഡാറ്റയുടെ അഭാവം**

**2.6.1** ഉദയ് എം.ഓ.യുയുടെ അനുബന്ധം- എ പ്രകാരം ഉദയ്-ക്കു കീഴിൽ 2017-18, 2018-19 വർഷങ്ങളിൽ 71 ഇലക്ട്രിക്കൽ ഡിവിഷനുകളിൽ ഓരോന്നിന്റെയും എ ടി & സി നഷ്ടം കുറയ്ക്കുന്നതിന് കെഎസ്ഇബിഎൽ ലക്ഷ്യമിട്ടിരുന്നു. എന്നിരുന്നാലും, ഉദയ് ധാരണാപത്രത്തിൽ ഇലക്ട്രികൽ ഡിവിഷൻ തലത്തിൽ എ ടി & സി നഷ്ട ലക്ഷ്യങ്ങൾ നിശ്ചയിച്ചതിന്റെ അടിസ്ഥാനം നൽകാൻ കെഎസ്ഇബിഎല്ലിന് കഴിഞ്ഞില്ല. ഡിവിഷനകളുടെ റിംഗ് ഫെൻസിംഗിലും മീറ്ററിംഗ് ജോലികളിലും വൻ നിക്ഷേപം ഉൾപ്പെട്ടിട്ടുണ്ടെന്നും, ഡിവിഷൻ തിരിച്ചുള്ള എ ടി & സി നഷ്ടം ലക്ഷ്യമിട്ടത് ഊർജ്ജ മന്ത്രാലയത്തിന്റെ നിർബന്ധത്തിനു വഴങ്ങി ആണെന്നും, ഭാരത സർക്കാരിന്റെ സാമ്പത്തിക സഹായം പ്രതീക്ഷിച്ചും ആയിരുന്നെന്നും മാർച്ച്/ഏപ്രിൽ 2021-ൽ കെഎസ്ഇബിഎൽ ഓഡിറ്റിനെ അറിയിച്ചു. ബോർഡർ, ഫീഡർമീറ്ററുകൾ എന്നിവ സ്ഥാപിച്ച് ഇലക്ട്രിക്കൽ ഡിവിഷനുകളുടെ അതിർത്തിയിൽ റിംഗ് ഫെൻസിങ് ജോലികൾ അപൂർണമായതിനാലും ഡാറ്റ എടുക്കലും ഊർജ്ജ ഓഡിറ്റിംഗും സാധ്യമാക്കുന്നതിനുള്ള ഐ.ടി മൊഡ്യൂളുകൾ വികസിപ്പിച്ചുകൊണ്ടിരിക്കുന്നതിനാലും ഒരു ഇലക്ട്രിക്കൽ ഡിവിഷനിലും യഥാർത്ഥ എ ടി & സി നഷ്ടത്തിന്റെ ഡാറ്റ ലഭ്യമല്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. തൽഫലമായി, ഈ സുപ്രധാന സൂചകത്തിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിക്കൽ ഡിവിഷനുകളുടെ പ്രകടനം വിലയിരുത്താനായില്ല.

ഉദയ് പ്രകാരം നിശ്ചയിച്ചിട്ടുള്ള ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കി കെഎസ്ഇബിഎൽ ബോർഡർ മീറ്ററുകൾ സ്ഥാപിക്കാൻ തുടങ്ങിയിരുന്നുവെന്നും എന്നാൽ 2018-20-ലെ വെള്ളപ്പൊക്കവും കോവിഡ്-19 മഹാമാരിയുമായി ബന്ധപ്പെട്ട രാജ്യവ്യാപക ലോക്ക്ഡൗണും കാരണം അത് പൂർത്തിയാക്കാൻ സാധിച്ചില്ലെന്ന് കേരള സർക്കാർ മറുപടി നൽകി (ഫെബ്രുവരി 2022). ഓഡിറ്റ് കഴിഞ്ഞ കണക്കുകൾ പ്രകാരം 2020-21-ലെ എ ടി & സി നഷ്ടം 7.76 ശതമാനമാണെന്ന് വാദിച്ചുകൊണ്ട്, ഡിവിഷൻ തിരിച്ചുള്ള എ ടി & സി നഷ്ട ലക്ഷ്യങ്ങൾ അനുബന്ധ സ്വഭാവമുള്ളതാണെന്നും മൊത്തത്തിലുള്ള എ ടി & സി നഷ്ട ലക്ഷ്യങ്ങൾ കൈവരിക്കാത്തപ്പോൾ മാത്രമാണ് അതിനു പ്രാധാന്യം ഉള്ളതെന്ന് സർക്കാർ വാദിച്ചു. എന്നിരുന്നാലും, ഡിവിഷൻ തിരിച്ചുള്ള എ ടി & സി നഷ്ടം കണക്കാക്കുന്നത് സുഗമമാക്കുന്നതിന് ഊർജ്ജ മന്ത്രാലയം പ്രഖ്യാപിച്ച (ജൂലൈ 2021) നവീകരിച്ച വിതരണമേഖല സ്കീമിന് കീഴിൽ ബോർഡർ മീറ്ററുകൾ സ്ഥാപിക്കുന്നത് പൂർത്തിയാക്കുമെന്ന് സർക്കാർ കൂട്ടിച്ചേർത്തു.

റിംഗ് ഫെൻസിങ്, ബോർഡർ മീറ്ററിംഗ്, അനുബന്ധജോലികൾ എന്നിവയ്ക്ക് ഗണ്യമായ നിക്ഷേപം എം ഒ യു അനുബന്ധം സി പ്രകാരം ₹523.85 കോടി ആവശ്യമായി വരുമെന്ന വസ്തുത അറിഞ്ഞുകൊണ്ടാണ്, കെഎസ്ഇബിഎൽ ഡിവിഷൻ-തല എ ടി & സി നഷ്ട ലക്ഷ്യങ്ങൾ ഉദയ് എം.ഓ.യു-വിൽ ഉൾപ്പെടുത്തിയതിനാൽ ഈ മറുപടി സ്വീകാര്യമല്ല. ഉദയ്-ക്കു കീഴിൽ സാമ്പത്തിക സഹായം/ഗ്രാന്റ് വിഭാവനം ചെയ്തിട്ടില്ലാത്തതിനാൽ, ഭാരത സർക്കാരിൽ നിന്നുള്ള സാമ്പത്തിക പിന്തുണ പ്രതീക്ഷിച്ചിരുന്നുവെന്ന വാദം യുക്തിക്ക് വിരുദ്ധമാണ്. കൂടാതെ ഉദയ് പദ്ധതിയിൽ പ്രവർത്തന കാര്യക്ഷമതയുടെ ഭാഗത്തിനായി മാത്രമാണ് കേരള സർക്കാർ/കെഎസ്ഇബിഎൽ ധാരണാപത്രം നടപ്പിലാക്കിയത്. പദ്ധതിയിൽ നിന്ന് ഉദ്ദേശിച്ച സാമ്പത്തിക നേട്ടം കെഎസ്ഇബിഎല്ലിന് ലഭിക്കാത്തതിനാൽ, ഒപ്പിട്ട ധാരണാപത്രത്തിൽ സാമ്പത്തിക വഴിത്തിരിവ് പാക്കേജ് ഒഴിവാക്കിയത് കെഎസ്ഇബിഎൽ-നു ഒരു നഷ്ടപ്പെട്ട അവസരമായിരുന്നു.

മൊത്തത്തിലുള്ള എ ടി & സി നഷ്ട ലക്ഷ്യം ഇലക്ട്രിക്കൽ ഡിവിഷൻ/ആർ-എ.പി.ഡി.ആർ.പി ടൗൺ തലത്തിലെ നേട്ടത്തിന്റെ പ്രതിഫലനമായിരിക്കണം. 2020-21-ലെ ഓഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം കെഎസ്ഇബിഎൽ അവകാശപ്പെട്ട എ ടി & സി നഷ്ടം വിശ്വസനീയമല്ല. കാരണം, 2020-21-ൽ 77.41 ശതമാനം മാത്രം ശേഖരണ കാര്യക്ഷമത (കോവിഡ്-19 മഹാമാരി കാരണം), റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ, യഥാർത്ഥ എ ടി & സി നഷ്ടം കെഎസ്ഇബിഎൽ അവകാശപ്പെടുന്ന 7.76 ശതമാനത്തിന് പകരം 22.72 ശതമാനം ആയിരിക്കേണ്ടിയിരുന്നു.

**ആർ-എ.പി.ഡി.ആർ.പി പട്ടണങ്ങളുടെ എ ടി & സി നഷ്ടത്തെക്കുറിച്ചുള്ള വിശ്വസനീയമല്ലാത്ത ഡാറ്റ**

**2.6.2** വികലമായ ഉപകരണങ്ങൾ, അപൂർണ്ണവും കൃത്യമല്ലാത്തതുമായ ഉപഭോക്തൃ സൂചിക/മാപ്പിംഗ്, ആശയവിനിമയ ശൃംഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിവകാരണം ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ മീറ്ററുകൾ, ഫീഡർമീറ്ററുകൾ, പല സ്ഥലങ്ങളിലെ ബോർഡർ മീറ്ററുകൾ എന്നിവയുടെ മോഡമുകൾ തമ്മിലുള്ള തത്സമയ ആശയവിനിമയം നടത്തിയിരുന്നില്ല. ആയതിനാൽ, ഐ.ടി പ്രാപ്തമാക്കിയിട്ടുണ്ടെങ്കിലും ആർ-എ.പി.ഡി.ആർ.പി നഗരങ്ങളിൽ ഇൻപുട്ട് എനർജി നിർണ്ണയിക്കുന്നത് (എ ടി & സി നഷ്ടം കണക്കാക്കുന്നതിലെ ഒരു പ്രധാന ഘടകമാണിത്) വിശ്വസനീയമായിരുന്നില്ല. 2015-16, 2016-17 വർഷങ്ങളിലെ ആർ-എ.പി.ഡി.ആർ.പി പട്ടണങ്ങളിലെ എ ടി & സി നഷ്ട ഡാറ്റയിൽ അപാകതകൾ ഉണ്ടായതായി ഓഡിറ്റ് കണ്ടെത്തി. ഇത് തെറ്റായ എ ടി & സി നഷ്ടം പ്രതിമാസ കണക്കുകളിൽ ക്രമാതീതമായ വർദ്ധന/ഇടിവ് റിപ്പോർട്ട് ചെയ്യുന്നതിലേയ്ക്കും നയിച്ചു. 2015-16-ൽ 19 (43-ൽ) ആർ-എ.പി.ഡി.ആർ.പി പട്ടണങ്ങളും 2016-17-ൽ 30 പട്ടണങ്ങളും ഡാറ്റാ സമഗ്ര പ്രശ്നങ്ങൾ കാരണം, അതായത് ആശയവിനിമയമല്ലാത്ത ഫീഡർ/ബോർഡർ മീറ്ററുകൾ, ഭാഗികമായി പൂർത്തിയാക്കിയ ഉപഭോക്തൃ ഇൻഡക്സിംഗ്/മാപ്പിംഗ്, അസറ്റ് ഡാറ്റയിൽ എച്ച്.ടി ഉപഭോക്താക്കൾ ഇല്ലാതെ പോകുന്നതും, കൃത്യമല്ലാത്ത

ഉപഭോക്തൃസൂചിക മുതലായവ. നെഗറ്റീവ്, പൂജ്യം അല്ലെങ്കിൽ 100 ശതമാനം എ ടി & സി നഷ്ടംകാണിച്ചു. പരിഹരിക്കപ്പെടാത്ത ഡാറ്റാ സാനിറ്റൈസേഷൻ, സ്റ്റെബിലൈസേഷൻ പ്രശ്നങ്ങൾ കാരണം അതാത് ഉദയ്കാലയളവിൽ 23 ആർ-എ.പി.ഡി.ആർ.പി പട്ടണങ്ങളിൽ ഈ പ്രശ്നം നിലനിന്നിരുന്നു.

2018-19-ൽ തെരഞ്ഞെടുത്ത 12 ആർ-എ.പി.ഡി.ആർ.പി പട്ടണങ്ങളിൽ അഞ്ച്[6] പട്ടണത്തിലും 2019-20-ൽ മൂന്ന്[7] പട്ടണങ്ങളിലും കുറഞ്ഞത് ഒരു മാസത്തേക്കെങ്കിലും നെഗറ്റീവ് എ ടി & സി നഷ്ടം രേഖപ്പെടുത്തിയിരുന്നു. ഇതിൽ 2018-19-ൽ തിരുവനന്തപുരം ആർ-എ.പി.ഡി.ആർ.പി പട്ടണം ഏഴ് മാസങ്ങളിൽ നെഗറ്റീവ് എ ടി & സി നഷ്ടം റിപ്പോർട്ട് ചെയ്തു. തിരഞ്ഞെടുത്ത എല്ലാ ആർ-എപിഡിആർപി പട്ടണങ്ങളിലും പ്രതിമാസ എ ടി & സി നഷ്ടങ്ങളിലെ പൊരുത്തക്കേട്/അസമത്വം പ്രകടമായിരുന്നു. ഉദാഹരണത്തിന്, പാലക്കാട് ആർ-എ.പി.ഡി.ആർ.പി പട്ടണം ഓഗസ്റ് 2018-ൽ രണ്ട് ശതമാനവും, ഡിസംബർ 2018-ൽ 24.57 ശതമാനവും, മാർച്ച് 2019-ൽ 10.36 ശതമാനവും എ ടി & സി നഷ്ടം രേഖപ്പെടുത്തി; എറണാകുളം / കൊച്ചി ആർ-എ.പി.ഡി.ആർ.പി പട്ടണം 2018 ജൂലൈയിൽ 4.36 ശതമാനവും 2019 ജനുവരിയിൽ 10.17 ശതമാനവും 2019 മാർച്ചിൽ 45.28 ശതമാനവും എ ടി & സി നഷ്ടം രേഖപ്പെടുത്തി; കൂടാതെ, കോഴിക്കോട് ആർ-എ.പി.ഡി.ആർ.പി പട്ടണത്തിൽ 2018 മെയ് മാസത്തിൽ 31.71 ശതമാനവും 2018 ജൂലൈയിൽ 89.33 ശതമാനവും 2019 ജനുവരിയിൽ 4.09 ശതമാനവും എ ടി & സി നഷ്ടം രേഖപ്പെടുത്തി. അതിനാൽ, ആർ-എ.പി.ഡി.ആർ.പി പട്ടണങ്ങളിൽ റിപ്പോർട്ട് ചെയ്ത എ ടി & സി നഷ്ട ഡാറ്റ വിശ്വസനീയമല്ല, അതുകാരണം എ ടി & സി നഷ്ടം റിപ്പോർട്ട് ചെയ്യുന്നത് മാനുഷിക ഇടപെടലോടെയായിരുന്നു.

പ്രധാനമായും ഫീഡർ പുനഃക്രമീകരണങ്ങളും സിം കമ്മ്യൂണിക്കേഷൻ പരാജയങ്ങളും, വിതരണശൃംഖലയിലെ ചലനാത്മകമായ മാറ്റങ്ങൾ ക്യാപ്ചർ ചെയ്യാത്തത്, സമന്വയിപ്പിക്കാത്ത മീറ്റർ റീഡിംഗ് തീയതികൾ തുടങ്ങിയ പ്രായോഗിക ബുദ്ധിമുട്ടുകൾ മൂലവും എ ടി & സി നഷ്ട റിപ്പോർട്ടുകൾ ഇപ്പോഴും പൂർണ്ണമായും വിശ്വസനീയമല്ലെന്ന് കേരള സർക്കാർ സമ്മതിച്ചു (ഫെബ്രുവരി 2022). സമന്വയിപ്പിക്കാത്ത മീറ്റർ റീഡിംഗ് തീയതികൾ (ബോർഡർ മീറ്ററുകൾക്ക് പ്രതിമാസവും, ഉപഭോക്തൃ മീറ്ററുകൾക്കും പ്രതിമാസമോ ദ്വിമാസമോ), കമ്മ്യൂണിക്കേഷൻ നെറ്റ്‌വർക്ക് സേവനത്തിന്റെ പരാജയം തുടങ്ങിയവ, ആർ-എ.പി.ഡി.ആർ.പി പദ്ധതി (അതിന്റെ കീഴിൽ പ്രവൃത്തികൾ നടത്തി) രൂപീകരിക്കുമ്പോൾ ഭാരതസർക്കാർ പരിഗണിച്ചില്ലെന്ന് കേരള സർക്കാർ അഭിപ്രായപ്പെട്ടു. നെറ്റ്‌വർക്ക് ആശയവിനിമയ പ്രശ്നങ്ങൾ പരിഹരിക്കാൻ കെഎസ്ഇബിഎൽ നടപടികൾ സ്വീകരിച്ചുവരികയാണെന്നും കേരള സർക്കാർ വ്യക്തമാക്കി.

എന്നിരുന്നാലും, സാങ്കേതിക പ്രശ്നങ്ങൾ മുൻഗണനയിൽ പരിഹരിക്കാത്തതിനാൽ ആർ-എ.പി.ഡി.ആർ.പി പട്ടണങ്ങളിലെ എ ടി & സി നഷ്ടം നിരീക്ഷിക്കുന്നതിൽ കെഎസ്ഇബിഎൽ ഉദ്ദേശിച്ച നേട്ടം കൈവരിച്ചില്ല എന്ന വസ്തുത നിലനിൽക്കുന്നു. ഇത് 2018-19-ൽ തിരഞ്ഞെടുത്ത അഞ്ച് ആർ-എ.പി.ഡി.ആർ.പി പട്ടണങ്ങളിലും 2019-20-ൽ മൂന്ന് പട്ടണങ്ങളിലും തെറ്റായ എ ടി & സി നഷ്ട ഡാറ്റ രേഖപ്പെടുത്തുന്നതിന് കാരണമായി.

**ആർ-എ.പി.ഡി.ആർ.പി പട്ടണങ്ങളുടെ അസ്ഥിരമായ പ്രകടനം**

**2.6.3** 2018-19 സാമ്പത്തിക വർഷത്തിൽ തെരഞ്ഞെടുത്ത അഞ്ച്[8] (12-ൽ) ആർ-എ.പി.ഡി.ആർ.പി പട്ടണങ്ങൾ വാർഷിക[9] എ ടി & സി നഷ്ട ലക്ഷ്യം

[6] മട്ടന്നൂർ, തൊടുപുഴ, തിരുവനന്തപുരം, തിരുവല്ല, തളിപ്പറമ്പ്.

[7] കൊയിലാണ്ടി, ഒറ്റപ്പാലം, തൊടുപുഴ.

[8] ഒറ്റപ്പാലം, പുനലൂർ, തളിപ്പറമ്പ്, തിരുവല്ല, തൊടുപുഴ.

[9] ഇൻപുട്ട് എനർജി, വിറ്റഴിച്ച ഊർജ്ജം, ബിൽ ചെയ്ത ഊർജ്ജം, ശേഖരിച്ച തുക എന്നിവയിൽ കെഎസ്ഇബിഎൽ നൽകിയ പ്രതിമാസ ഡാറ്റയെ അടിസ്ഥാനമാക്കി ഓരോ സാമ്പത്തിക വർഷത്തേക്കും ഓഡിറ്റ് കണക്കാക്കിയത്.

(11 ശതമാനം) കൈവരിച്ചതായും 2019-20 ൽ മൂന്ന്[10] ആർ-എ.പി.ഡി.ആർ.പി പട്ടണങ്ങൾ മാത്രമാണ് ആ ലക്ഷ്യം നേടിയതെന്നും ഓഡിറ്റ് വിശകലനം വെളിപ്പെടുത്തി. തെരഞ്ഞെടുത്ത ആർ-എ.പി.ഡി.ആർ.പി പട്ടണങ്ങളൊന്നും 2020-21-ൽ ആ ലക്ഷ്യം നേടിയില്ല; അതിൽ മൂന്ന്[11] പട്ടണങ്ങളിൽ എ ടി & സി നഷ്ടം 15 ശതമാനത്തിന്; അതായത്, ഉദയ് പദ്ധതി ദേശീയ തലത്തിൽ 2019 സാമ്പത്തിക വർഷത്തോടെ കൈ വരിക്കണം എന്ന് വിഭാവനം ചെയ്ത എ ടി & സി നഷ്ട പരിധിയേക്കാൾ കൂടുതൽ ആയിരുന്നു. 2017-21 കാലയളവിൽ തെരഞ്ഞെടുത്ത 12 ആർ-എ.പി.ഡി.ആർ.പി പട്ടണങ്ങളുടെ എ ടി & സി നഷ്ടം കുറക്കുന്ന പ്രകടനത്തിലെ പൊരുത്തക്കേട് **അനുബന്ധം 2-ൽ** കാണിക്കുന്നു.

കുടിശ്ശിക വരുത്തിയ ഉപഭോക്താക്കളുടെ വൈദ്യുതി വിതരണം വിച്ഛേദിക്കുന്നതിന് കോവിഡ്-19 മഹാമാരി പൊട്ടിപ്പുറപ്പെട്ടതിന് ശേഷം ഏർപ്പെടുത്തിയ നിയന്ത്ര ണങ്ങൾ മൂലം ശേഖരണ കാര്യക്ഷമതയിൽ ഉണ്ടായ കുറവ് തിരഞ്ഞെടുത്ത മൂന്ന്[12] (12-ൽ) ആർ-എ.പി.ഡി.ആർ.പി പട്ടണങ്ങളിൽ 2020-21 കാലയളവിൽ എ ടി & സി നഷ്ടം നിയന്ത്രിക്കാൻ കഴിയാതെ പോയതിന്റെ കാരണമായി പറയ പ്പെട്ടത് (ജൂലൈ 2021). എറണാകുളം/ കൊച്ചി ആർ-എ.പി.ഡി.ആർ.പി പട്ടണം അതിന്റെ എ ടി & സി നഷ്ടം കുറയ്ക്കുന്നതിൽ പരാജയപ്പെട്ടതിന് കാരണമായി ഡാറ്റാ ഇന്റഗ്രിറ്റി പ്രശ്നങ്ങളും കേടായ മീറ്ററുകളും/ മോഡമുകളും ആണെന്ന് ചൂണ്ടിക്കാണിച്ചു. മറുവശത്ത്, ഏഴ്[13] ആർ-എ.പി.ഡി.ആർ.പി പട്ടണങ്ങൾ 2018-21 കാലയളവിൽ കുറഞ്ഞത് ഒരു സാമ്പത്തിക വർഷത്തിലെങ്കിലും (മുൻ സാമ്പത്തിക വർഷത്തേക്കാൾ) എ ടി & സി നഷ്ടത്തിൽ കുറവ് രേഖപ്പെടുത്തിയത്. കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിലൂടെയും മെച്ചപ്പെട്ട ശേഖരണകാര്യക്ഷമത കൈവരിക്കുകയും റീ-കണ്ടക്ടറിംഗ് ജോലികൾ പൂർത്തീകരിച്ചതു കൊണ്ടാണെന്നും വിലയിരുത്തി.

ആശയവിനിമയം നടത്താത്ത ഫീഡർ/ബോർഡർ മീറ്ററുകൾ, ഭാഗികമായി ഉപ ഭോക്തൃസൂചിക/മാപ്പിംഗ്, അസറ്റ് ഡാറ്റയിൽ എച്ച്.ടി ഉപഭോക്താക്കൾ നഷ്ടപ്പെടുക, കൃത്യമല്ലാത്ത ഉപഭോക്തൃ സൂചിക, കോവിഡ്-19 മഹാമാരി സാഹചര്യം കണക്കി ലെടുത്ത് കാര്യക്ഷമത ശേഖരണത്തിലെ കുറവ് എന്നിങ്ങനെയുള്ള ഒന്നിലധികം ഡാറ്റാ സമഗ്രത പ്രശ്നങ്ങളാണ് എ ടി & സി നഷ്ടങ്ങളിലെ പൊരുത്തക്കേടിന് കാരണം എന്നു കേരള സർക്കാർ ചൂണ്ടിക്കാട്ടി (ഫെബ്രുവരി 2022).

എന്നിരുന്നാലും, ആർ-എ.പി.ഡി.ആർ.പി പട്ടണങ്ങളൊന്നും ലക്ഷ്യംവച്ച എ ടി & സി നഷ്ടം നിലനിർത്തുന്നതിൽ സ്ഥിരത കാണിച്ചില്ല എന്ന വസ്തുത നിലനിൽക്കുന്നു. കൂടാതെ, ആർ-എ.പി.ഡി.ആർ.പി പട്ടണങ്ങളുടെ സ്ഥിരതയില്ലാത്ത പ്രകടനത്തിന്റെ കാരണങ്ങൾ കെഎസ്ഇബിഎൽ വിശകലനം ചെയ്തില്ല.

**ആർ-എ.പി.ഡി.ആർ.പി പട്ടണങ്ങളുടെ ബില്ലിംഗ്, ശേഖരണ കാര്യക്ഷമത**

**2.6.4** എ ടി & സി നഷ്ടം കുറയ്ക്കുന്നതിൽ ഡിസ്കോമുകളുടെ ബില്ലിംഗ്, കളക്ഷൻ കാര്യക്ഷമതകൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു. ബില്ലിംഗ് കാര്യക്ഷമത എന്നത് ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന ഊർജ്ജവുമായി ബന്ധപ്പെട്ട് ബില്ല് ചെയ്യുന്ന മൊത്തം ഊർജ്ജത്തിന്റെ അനുപാതമാണ്, ശേഖരണ കാര്യക്ഷമത എന്നത് ബിൽ ചെയ്ത തുകയെ അടിസ്ഥാനമാക്കി ശേഖരിക്കുന്ന വരുമാനത്തിന്റെ അനുപാതത്തെ സൂചിപ്പിക്കുന്നു. ഉദയ് ധാരണാ പത്രത്തിൽ [(ക്ലോസ്1.3(എച്ച്)(ii) ഉം അനുബന്ധം-സിയും], 2018-19-ഓടെ ബില്ലിംഗ് കാര്യക്ഷമത 90.17 ശതമാനവും ശേഖരണ കാര്യക്ഷമത 98.70 ശതമാനവും കൈവരിക്കാമെന്ന് കെഎസ്ഇബിഎൽ സമ്മതിച്ചിരുന്നു.

10 കൊയിലാണ്ടി, ഒറ്റപ്പാലം, തൊടുപുഴ.

11 എറണാകുളം/കൊച്ചി, മട്ടന്നൂർ, പുനലൂർ.

12 കൊല്ലം, പറവൂർ, തളിപ്പറമ്പ്.

13 കൊല്ലം, കൊയിലാണ്ടി, ഒറ്റപ്പാലം, മട്ടന്നൂർ, പറവൂർ, പുനലൂർ, തളിപ്പറമ്പ്.

കെഎസ്ഇബിഎൽ അതിന്റെ ബില്ലിംഗ് കാര്യക്ഷമത 2015-16-ൽ 89.56 ശതമാനത്തിൽ നിന്ന് 2020-21-ൽ 99.83 ശതമാനമായി മെച്ചപ്പെടുത്തിയതായി ഓഡിറ്റ് നിരീക്ഷിച്ചു, എന്നാൽ അതേ കാലയളവിൽ ശേഖരണ കാര്യക്ഷമത 99.02 ശതമാനത്തിൽ നിന്ന് 77.41 ശതമാനമായി ചുരുങ്ങി. ഉദയ്-ക്കു മുമ്പും ശേഷവും കെഎസ്ഇബിഎൽ-ന്റെ ബില്ലിംഗ്, ശേഖരണ കാര്യക്ഷമത എന്നിവ **പട്ടിക 5**-ൽ കാണിക്കുന്നു.

## പട്ടിക 5: 2015-21 കാലയളവിൽ കെഎസ്ഇബിഎല്ലിന്റെ ബില്ലിംഗും ശേഖരണ കാര്യക്ഷമതയും

| കാലഘട്ടം | | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 |
|---|---|---|---|---|---|---|---|
| | | ഉദയ്ക്കു മുമ്പ് | | ഉദയ് കാലം | | ഉദയ്ക്കുശേഷം | |
| ബില്ലിംഗ് കാര്യക്ഷമത (ശതമാനം) | ലക്ഷ്യം | 90.12 | 89.78 | 90.03 | 90.17 | ലഭ്യമല്ല * | ലഭ്യമല്ല * |
| | നേട്ടം | 89.56 | 89.74 | 90.52 | 90.92 | 91.25 | 99.83 |
| ശേഖരണ കാര്യക്ഷമത (ശതമാനം) | ലക്ഷ്യം | 98.12 | 98.50 | 98.60 | 98.70 | ലഭ്യമല്ല * | ലഭ്യമല്ല * |
| | നേട്ടം | 99.02 | 97.53 | 97.29 | 98.12 | 98.18 | 77.41 |

*ലഭ്യമല്ല - 2018-19-ന് ശേഷമുള്ള കാലയളവിൽ ഉദയ് ധാരണാപത്രത്തിൽ ലക്ഷ്യമൊന്നും നിശ്ചയിച്ചിട്ടില്ല

*(സ്രോതസ്സ്: കെഎസ്ഇബിഎൽ നൽകിയ വിവരങ്ങളും ഉദയ് ധാരണാപത്രവും)*

ദേശീയതലത്തിൽ, 2015-16-ലെ ബില്ലിംഗ്, ശേഖരണ കാര്യക്ഷമത യഥാക്രമം 79.65 ശതമാനവും 95.44 ശതമാനവും ആയിരുന്നു, 2019-20-ൽ (2020-21-ലെ ഡാറ്റ ലഭ്യമല്ല) അത് യഥാക്രമം 85.36 ശതമാനവും 92.64 ശതമാനവുമായിരുന്നു. തിരഞ്ഞെടുത്ത 12 ആർ-എ.പി.ഡി.ആർ.പി പട്ടണങ്ങൾക്കായുള്ള ഡാറ്റ വിശകലനത്തിൽ, 2018-19-ഓടെ അഞ്ച്[14] പട്ടണങ്ങൾ ടാർഗെറ്റു ചെയ്ത ബില്ലിംഗ് കാര്യക്ഷമത കൈവരിക്കുകയും തുടർന്നുള്ള കാലയളവിൽ അവയുടെ പ്രകടനം നിലനിർത്തുകയും ചെയ്തു (2020-21 അവസാനത്തോടെ അവയുടെ എണ്ണം ഏഴായി[15] ഉയർന്നു). മറുവശത്ത്, ടാർഗെറ്റുചെയ്ത ശേഖരണ കാര്യക്ഷമത കൈവരിച്ച ആർ-എ.പി.ഡി.ആർ.പി പട്ടണങ്ങളുടെ എണ്ണം 2018-19-ൽ ഏഴിൽ നിന്ന്[16] 2019-20-ൽ അഞ്ചായി കുറഞ്ഞു. 2020-21-ൽ തിരഞ്ഞെടുത്ത ആർ-എപിഡിആർപി പട്ടണങ്ങളൊന്നും ശേഖരണകാര്യക്ഷമതാലക്ഷ്യം നേടിയില്ല.

വീഴ്ചവരുത്തിയവരുടെ വൈദ്യുതി വിതരണം വിച്ഛേദിക്കുന്നതിന് കോവിഡ്-19 മഹാമാരി പൊട്ടിപ്പുറപ്പെട്ടതിന് ശേഷം ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ ആണ് സമീപ വർഷങ്ങളിലെ ശേഖരണ കാര്യക്ഷമതയിലുണ്ടായ ഇടിവിന് കാരണമെന്ന് കേരള സർക്കാർ ചൂണ്ടികാട്ടി (ഫെബ്രുവരി 2022).

എന്നാൽ, 2015-21 കാലയളവിലെ എല്ലാ വർഷങ്ങളിലും ശേഖരണ കാര്യക്ഷമത കുറഞ്ഞിരുന്നതിനാൽ മറുപടി അംഗീകരിക്കാനാവില്ല; അത് 2018-19-ൽ (മുൻവർഷത്തെ അപേക്ഷിച്ച്) മാത്രമാണ് മെച്ചപ്പെട്ടത്. 2020-21-ന് മുൻ വർഷങ്ങളിലെ ശേഖരണ കാര്യക്ഷമതയിലുണ്ടായ ഇടിവ് കോവിഡ്-19 പാൻഡെമിക് സാഹചര്യം കാരണമാണെന്ന് കണക്കാക്കാനാവില്ല.

അങ്ങനെ, മൊത്തത്തിലുള്ള എ ടി & സി നഷ്ടം കുറയ്ക്കുന്നതിലും ബില്ലിംഗ്/ശേഖരണ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിലും കെഎസ്ഇബിഎല്ലിന്റെ നേട്ടം ആർ-എ.പി.ഡി.ആർ.പി പട്ടണങ്ങളിൽ ദൃശ്യമായില്ല; കാരണം അവയിൽ മിക്കതും

[14] ഒറ്റപ്പാലം, പുനലൂർ, തിരുവല്ല, തൊടുപുഴ, തിരുവനന്തപുരം.

[15] കൊല്ലവും പാലക്കാടും പറവൂരും പട്ടികയിൽ പുതുതായി ഇടം പിടിച്ചു.

[16] എറണാകുളം/കൊച്ചി, കൊയിലാണ്ടി, മട്ടന്നൂർ, പാലക്കാട്, തളിപ്പറമ്പ്, തിരുവല്ല, തിരുവനന്തപുരം.

ഉയർന്ന നഷ്ടം രേഖപ്പെടുത്തി. വിഭാവനം ചെയ്ത പ്രവർത്തന കാര്യക്ഷമത കൈവരിക്കുന്നതിലെ പുരോഗതിയുടെ അഭാവം ഇത് സൂചിപ്പിച്ചു. കൂടാതെ, ഇലക്ട്രിക്കൽ ഡിവിഷനുകൾക്ക് എ ടി & സി നഷ്ടം അളക്കാനും നിരീക്ഷിക്കാനും യാതൊരു സംവിധാനവുമില്ലാത്തതിനാൽ, ആർ-എ.പി.ഡി.ആർ.പി പട്ടണങ്ങൾ ഒഴികെയുള്ള പ്രദേശങ്ങൾക്ക് എ ടി & സി നഷ്ടം കണക്കാക്കാനായില്ല.

**നിർദ്ദിഷ്ട ഉപഭോക്താക്കൾക്ക് അനർഹമായ സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിക്കൽ**

**2.7** കോവിഡ്-19 മഹാമാരി മൂലമുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിന്, കാലതാമസമുള്ള അടവുകൾക്ക് സർച്ചാർജ്ജ് കുറയ്ക്കൽ, ഷെഡ്യൂൾ ചെയ്യാത്തവയ്ക്ക് കപ്പാസിറ്റി ചാർജ്ജുകൾ ഒഴിവാക്കൽ (അവ ലോക്ക്ഡൗൺ കാലയളവിനുശേഷം പലിശ യില്ലാതെ തവണകളായി അടയ്ക്കേണ്ടതാണ്), വൈദ്യുതി ബില്ലിലും (നിശ്ചിത ചെലവ്) അന്തർ-സംസ്ഥാന ട്രാൻസ്മിഷൻ ചാർജുകളിലും ഇളവ് അനുവദിക്കുക തുടങ്ങിയ വിവിധ ഇളവുകൾ വ്യക്തമാക്കാൻ ഊർജ്ജ മന്ത്രാലയം, ഭാരത സർക്കാർ മാർച്ച് 2020-ൽ സെൻട്രൽ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനോട് (സി.ഇ.ആർ.സി) നിർദ്ദേശിച്ചു. അന്തിമ ഉപഭോക്താക്കൾക്ക് ഈ ആനുകൂല്യം കൈമാറുന്നതിനായി ബന്ധപ്പെട്ട സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനുകളോടും ഡിസ്കോമുകളോടും സമാനമായ നിർദ്ദേശങ്ങൾ (വൈദ്യുതി നിയമം, 2003-ലെ സെക്ഷൻ 108 പ്രകാരം) പുറപ്പെടുവിക്കാനുള്ള അഭ്യർത്ഥനയോടെ ഊർജ്ജ മന്ത്രാലയം എല്ലാ സംസ്ഥാന സർക്കാരുകൾക്കും നിർദ്ദേശം കൊടുത്തു.

അതനുസരിച്ച്, ലോക്ക്ഡൗൺ കാലയളവിലേക്ക് ഫിക്സഡ് ചാർജ്ജുകളിൽ 25 ശതമാനം ഇളവ് അനുവദിക്കുന്നതിനും ഡിസംബർ 2020 വരെ ബാക്കിയുള്ള ഫിക്സഡ് ചാർജ്ജുകൾ അടയ്ക്കുന്നതിന് ഉപഭോക്താക്കൾക്ക് സമയം നൽകുന്നതിനുമായി കെഎസ്ഇആർസിക്ക് നിർദ്ദേശങ്ങളോടെയുള്ള ഉത്തരവ് കേരള സർക്കാർ ജൂൺ 2020-ൽ പുറപ്പെടുവിച്ചു. കെഎസ്ഇബിഎൽ സംസ്ഥാന സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് വ്യവസായ/വാണിജ്യ ഉപഭോക്താക്കൾക്കും സ്വകാര്യ ആശുപത്രി കൾക്കും (നിർദ്ദിഷ്ട ഉപഭോക്താക്കൾ) മാത്രമായി ഇളവുകൾ അനുവദിക്കുന്നതിനുള്ള അംഗീകാരത്തിനായി കെഎസ്ഇആർസിക്ക് മുമ്പാകെ അപേക്ഷ ഫയൽ ചെയ്തു (ജൂൺ 2020). ഫിക്സഡ് ചാർജ്ജുകളിൽ 25 ശതമാനം ഇളവ് അനുവദിക്കൽ, ബാക്കി യുള്ള ഫിക്സഡ് ചാർജ്ജുകൾ വൈകുന്നതിന് ബാധകമായ സർച്ചാർജ്ജിൽ ഇളവ്, 2020-21-ലെ ആദ്യ പാദത്തിൽ അധിക സെക്യൂരിറ്റി ഡെപ്പോസിറ്റിനുള്ള ഡിമാൻഡ് മാറ്റിവയ്ക്കൽ, അധിക ഭാരതത്തിന്റെ 'പാസ് ത്രൂ' അനുവദിക്കൽ (ട്രൂയിംഗ് അപ്പ് പ്രക്രിയയിൽ), ഒരു വർഷത്തേക്ക് പുതിയ കണക്ഷനുകൾക്കുള്ള അപേക്ഷാ ഫീസ് ഒഴിവാക്കൽ, ലോക്ക്ഡൗൺ കാലയളവിൽ എല്ലാ ഉപഭോക്താക്കൾക്കും അധിക പലിശയും ഫിനാൻഷ്യൽ ചാർജുകളും വഴി സാമ്പത്തിക ആഘാതം ഉണ്ടാകാ തിരുക്കുക, 2020-21-ലെ ട്രൂയിംഗ് അപ്പ് വഴി ഫിക്സഡ് ചാർജുകൾ മാറ്റിവെക്കുകയും ചെയ്യുക, കൂടാതെ ഓൺലൈൻ പേയ്മെന്റ് സൗകര്യം പ്രോത്സാഹിപ്പിക്കുന്നതിനായി ആദ്യ ഉപഭോക്താക്കൾക്ക് മൊത്തം ബില്ലിന്റെ അഞ്ച് ശതമാനം (പരമാവധി ₹100) കിഴിവ് നൽകുക എന്നിവ ഇളവുകളിൽ ഉൾപ്പെടുന്നു.

ഊർജ്ജ മന്ത്രാലയം, ഭാരത സർക്കാർ പ്രഖ്യാപിച്ച ഇളവുകൾ പ്രകാരം 2020-21 കാലയളവിൽ കെഎസ്ഇബിഎല്ലിന് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് ₹54.89 കോടി ലഭിച്ചു. അതുപോലെ, കെഎസ്ഇബിഎല്ലിന്റെ ₹63.38 കോടിയുടെ കപ്പാസിറ്റി ചാർജുകൾ എൻ.ടി.പി.സി ലിമിറ്റഡ് മാറ്റിവച്ചു. ഇത് ഓഗസ്റ്റ് 2020 മുതൽ പലിശ കൂടാതെ മൂന്ന് തുല്യഗഡുക്കളായി അടയ്ക്കേണ്ടതായിരുന്നു. അതിന്റെ ഭാഗമായി, കെ.എസ്.ഇ.ബിഎൽ അതിന്റെ ഉപഭോക്താക്കൾക്ക് മൂന്ന് മാസത്തേക്ക് (മാർച്ച് - മെയ് 2020) ₹72 കോടി റിബേറ്റ് അനുവദിക്കുകയും, ₹229.86 കോടിയുടെ കപ്പാസിറ്റി ചാർജ് മാറ്റിവയ്ക്കുകയും ചെയ്തു.

കെഎസ്ഇആർസി, കെഎസ്ഇബിഎൽ നിർദ്ദേശിച്ച പ്രകാരം റിലീഫ്/ഇളവുകൾ 24 മാർച്ച് 2020 മുതൽ അംഗീകരിച്ചു (ഡിസംബർ 2020). ആ ഉത്തരവിൽ

1 മാർച്ച് 2020 മുതൽ ഇളവ് നൽകുന്നതിനുള്ള ഏതെങ്കിലും അധിക ബാധ്യത കെഎസ്ഇബിഎൽ തന്നെ വഹിക്കണമെന്ന് നിർദ്ദേശിച്ചു. ഒരു നിർദ്ദിഷ്ട വിഭാഗം ഉപഭോക്താക്കൾക്ക് മാത്രമായി നൽകിയ ആശ്വാസം/ഇളവുകൾ കണക്കുകളുടെ ട്രൂയിംഗ് അപ്പ് സമയത്ത് 'പാസ് ത്രൂ' ആയി അനുവദിക്കുന്നത് അനുചിതമാണെന്ന് കെഎസ്ഇആർസി നിരീക്ഷിച്ചു, കാരണം ഇത് മറ്റ് ഉപഭോക്താക്കളുടെ നിരക്കിനെ പ്രതികൂലമായി ബാധിക്കും. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020 മാർച്ച് 24 മുതൽ 2020 മെയ് 31 വരെയുള്ള സമ്പൂർണ്ണ ലോക്ക്ഡൗൺ കാലയളവിൽ ഉപഭോക്താക്കൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനാണ് ഊർജ്ജ മന്ത്രാലയവും കേരള സർക്കാരും പ്രഖ്യാപിച്ച നടപടികൾ എന്ന് ഓഡിറ്റിന് അഭിപ്രായ മുണ്ട്. അതിനാൽ, ഉപഭോക്താക്കൾക്ക് കേരള സർക്കാർ / കെഎസ്ഇബിഎൽ നൽകുന്ന റിബേറ്റ് / ഇളവുകൾ ലോക്ക്ഡൗൺ ആരംഭിച്ച തീയതിമുതൽ മാത്രമാണു പ്രാബല്യത്തിൽ വന്നിരിക്കേണ്ടത്. ആയതിനാൽ, മാർച്ച് 2020-ലെ ഏഴ് ദിവസത്തെ (അതായത് 24-31 മാർച്ച് 2020) ലോക്ക്ഡൗൺ കാലയളവിനു പകരം മൊത്തം മാസം (1-31 മാർച്ച് 2020) നിശ്ചിത ഉപഭോക്താക്കൾക്ക് റിബേറ്റ്/ഇളവുകൾ അനുവദിക്കാനുള്ള കെഎസ്ഇബിഎൽ-ന്റെ തീരുമാനം ശരിയായിരുന്നില്ല. ലോക്ക്ഡൗണിന് മുമ്പുള്ള (1-23 മാർച്ച് 2020) കാലയളവിൽ കോവിഡ്-19 മഹാമാരി കാരണം നിർദ്ദിഷ്ട ഉപഭോക്താക്കളോ അവരുടെ ബിസിനസ്സുകളോ ദുരിതത്തിലാണെന്ന് സ്ഥാപിക്കാൻ രേഖകളൊന്നുമില്ല. കെഎസ്ഇബിഎല്ലിന്റെ സാമ്പത്തിക ആരോഗ്യവും നികത്തപ്പെടാത്ത വരുമാന വിടവും അത്തരമൊരു നീക്കത്തെ അനുകൂലിക്കുന്നില്ല. ഒടുവിൽ, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ചിരുന്ന ഇളവിലും (കെഎസ്ഇബിഎൽ) അധികമായി നിശ്ചിത ഉപഭോക്താക്കൾക്ക് അനുവദിച്ച റിബേറ്റ് വഴി ₹17.11 കോടി[17] പ്രവർത്തന വരുമാനം കെഎസ്ഇബിഎൽ ഉപേക്ഷിക്കേണ്ടി വന്നു.

കെഎസ്ഇബിഎൽ കേരള സർക്കാറിന്റെ ഓർഡറുകൾ അനുസരിച്ച് ഉപഭോക്താക്കൾക്ക് കിഴിവ് അനുവദിച്ചിട്ടുണ്ടെന്നും ഉപഭോക്താക്കൾക്ക് അനുവദിച്ച അധിക റിബേറ്റ് താരിഫ് വഴി വീണ്ടെടുക്കുമെന്നും കേരളസർക്കാർ മറുപടി നൽകി (ഫെബ്രുവരി 2022). കെഎസ്ഇആർസി ഇത് അനുവദിക്കാതിരിക്കുന്ന സാഹചര്യത്തിൽ, സബ്സിഡി വഴി കുറവ് നികത്താൻ കെഎസ്ഇബിഎൽ സർക്കാരുമായി വിഷയം ഏറ്റെടുക്കുമെന്നും മറുപടി നൽകി.

**സ്മാർട്ട് മീറ്ററിംഗ് പദ്ധതി നടപ്പാക്കാത്തത്**

**2.8** ഉദയ് ധാരണാപത്രത്തിന്റെ ക്ലോസ് 1.3(ഇ)(ix) പ്രകാരം, 2017 ഡിസംബർ 31-നകം 500 യൂണിറ്റിനു മുകളിൽ പ്രതിമാസ വൈദ്യുതി ഉപയോഗമുള്ള എല്ലാ ഉപഭോക്താക്കൾക്കും, 2019 ഡിസംബർ 31-നകം 200 യൂണിറ്റിനും 500 യൂണിറ്റിനും ഇടയിൽ ഉപയോഗമുള്ള ഉപഭോക്താക്കൾക്കും കെഎസ്ഇബിഎൽ സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കേണ്ടതായിരുന്നു

63 ഐപിഡിഎസ് പട്ടണങ്ങളിൽ സ്മാർട്ട്മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡിപിആർ) നവംബർ 2017-ൽ കെഎസ്ഇബിഎൽ സമർപ്പിച്ചു. ഇത് ₹64.36 കോടി ചെലവ് വരുന്ന പദ്ധതിയായി ഐപിഡിഎസ് മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിച്ചു. പദ്ധതിക്കായുള്ള ഭാരത സർക്കാർ ഗ്രാന്റ് ₹38.94 കോടിയും[18] ബാക്കി തുക കെഎസ്ഇബിഎൽ കണ്ടെത്തേണ്ടതുമായിരുന്നു. അനുമതി കത്ത് ലഭിച്ച തീയതി മുതൽ ആറ് മാസത്തിനുള്ളിൽ ജോലി നൽകുകയും 30 മാസത്തിനുള്ളിൽ അതായത് 2020 സെപ്തംബറോടെ പൂർത്തിയാക്കുകയും ചെയ്യണമായിരുന്നു. അതിൽ പരാജയപ്പെട്ടാൽ പവർ ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് പദ്ധതി റദ്ദാക്കാൻ ശുപാർശ ചെയ്യും. കെഎസ്ഇബിഎൽ അനുമതി കത്തിന് (ഏപ്രിൽ 2018) അംഗീകാരം നൽകുകയും (മാർച്ച്-മെയ് 2020) പദ്ധതിക്കായി ₹3.89 കോടി ഭാരത സർക്കാർ ഗ്രാന്റ് ലഭിക്കുകയും ചെയ്തു.

[17] ₹72.00 കോടി – ₹54.89 കോടി.

[18] 38.62 കോടി (അംഗീകൃത ചെലവിന്റെ 60 ശതമാനം) ക്യാപിറ്റൽ ചെലവിനായും ₹0.32 കോടി (0.5 ശതമാനം) പ്രോജക്റ്റ് മാനേജ്മെൻറ് ഏജൻസിക്കു നല്കേണ്ട ഫീ ആയും.

കെഎസ്ഇബിഎൽ (ജൂലൈ 2018) കെപിഎംജി അഡ്വൈസറി സർവീസസ് പ്രൈവറ്റ് ലിമിറ്റഡ് (കെപിഎംജി)യെ പ്രോജക്ട് മാനേജ്മെന്റ് ഏജൻസിയായി (പിഎംഎ) തിരഞ്ഞെടുത്തു, പ്രോജക്ട് നിർവ്വഹണത്തിന്റെ പ്രൊപ്പോസലിനായുള്ള അഭ്യർത്ഥന (ആർഎഫ്പി) ക്ഷണിച്ചു. എന്നിരുന്നാലും പിഎംഎയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ, ഊർജ്ജ പാരാമീറ്ററുകളുടെ മികച്ച നിരീക്ഷണത്തിനായും റേഡിയോ ഫ്രീക്വൻസി അധിഷ്ഠിത സാങ്കേതികവിദ്യ നടപ്പിലാക്കാനായും, ആറ് മുനിസിപ്പൽ കോർപ്പറേഷനുകളിൽ മാത്രം അതും ഭൂമിശാസ്ത്രപരമായി അടുത്തുള്ള ഇലക്ട്രിക്കൽ സെക്ഷനുകളിൽ മാത്രം പദ്ധതി നടപ്പിലാക്കാൻ ഓഗസ്റ്റ് 2018-ൽ കെഎസ്ഇബിഎൽ തീരുമാനിച്ചു. അതനുസരിച്ച്, റിവേഴ്സ് ബിഡ്ഡിംഗ് പ്രക്രിയയിലൂടെ[19] പ്രോജക്ട് നടപ്പിലാക്കുന്നതിനായി ജൂൺ 2019-ൽ വീണ്ടും ആർഎഫ്പി ക്ഷണിച്ചു. ടെൻഡറിൽ ഒരു ലേലക്കാരൻ മാത്രമേ പങ്കെടുത്തുള്ളൂ (ഓഗസ്റ്റ് 2019), എന്നാൽ പ്രീ-ക്വാളിഫിക്കേഷൻ മാനദണ്ഡങ്ങൾ പാലിച്ചില്ല. വിവിധ ലേലക്കാർ നിർദ്ദേശിച്ച മാറ്റങ്ങൾ പരിഗണിക്കുന്നതിനായി വീണ്ടും ടെൻഡർ ചെയ്യാൻ കെഎസ്ഇബിഎൽ തീരുമാനിച്ചു (ഒക്ടോബർ 2019).

പദ്ധതിയുടെ സമയപരിധി ഐപിഡിഎസ് മോണിറ്ററിംഗ് കമ്മിറ്റി 2020 മാർച്ച് വരെ നീട്ടിയെങ്കിലും കെഎസ്ഇബിഎൽ ടെൻഡറിംഗ് നടപടികൾ ആരംഭിച്ചില്ല. തൽഫലമായി, പിഎഫ്സി ലിമിറ്റഡ് പദ്ധതി റദ്ദാക്കി (ഓഗസ്റ്റ് 2020), കൂടാതെ ഇതിനകം നല്കിയ ₹3.89 കോടി ഐപിഡിഎസ്-ന് കീഴിലുള്ള മറ്റ് അംഗീകൃത പ്രവൃത്തികൾക്കെതിരെ[20] (ജനുവരി/ഏപ്രിൽ 2021) വകയിരുത്തി.

പദ്ധതി നടത്തിപ്പിന് ഉയർന്ന ചെലവ് വേണ്ടിവരും എന്ന് കെഎസ്ഇബിഎല്ലിന് അറിയാമായിരുന്നുവെന്നും അത് നടപ്പിലാക്കുന്നതിനായി ഉദയ് ധാരണാ പത്രത്തിൽ (അനുബന്ധം. സി) ₹2,192.15 കോടി ചെലവ് കണക്കാക്കിയിട്ടുണ്ടെന്നും ഓഡിറ്റ് നിരീക്ഷിച്ചു. അതിനാൽ, കെഎസ്ഇബിഎൽ സമർപ്പിച്ച ഡിപിആറിൽ വ്യക്തമാക്കിയിട്ടുള്ളതുപോലെ, പ്രോജക്ട് നിർവ്വഹണം, ഭാരത സർക്കാർ/ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസി പോലെയുള്ള മറ്റ് ഏജൻസികളിൽ നിന്നും സാമ്പത്തിക സഹായം/ കടംവാങ്ങൽ എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡ് (ഇഇഎസ്എൽ)[21] മുഖേന സ്മാർട്ട് മീറ്ററിംഗ് പദ്ധതി നടപ്പിലാക്കാൻ ഉദയ് മോണിറ്ററിംഗ് കമ്മിറ്റി (ജനുവരി 2018) കെഎസ്ഇബിഎല്ലിന് നിർദ്ദേശം നൽകിയിരുന്നെങ്കിലും, സ്മാർട്ട് മീറ്ററുകൾ വാങ്ങുന്നതിനുള്ള ചെലവ് കുറയ്ക്കുന്നതിന് കെഎസ്ഇബിഎൽ അത്തരമൊരു ഓപ്ഷൻ പര്യവേക്ഷണം ചെയ്തില്ല. അങ്ങനെ, ഉദയ് ധാരണാ പത്രത്തിൽ വിഭാവനം ചെയ്തതു പോലെ സ്മാർട്ട് മീറ്ററിംഗ് സംവിധാനം നടപ്പിലാക്കുക എന്ന ലക്ഷ്യം കൈവരിക്കാനായില്ല.

ഇഇഎസ്എൽ, ആർഇസി, പവർ ഡെവലപ്മെന്റ് ആൻഡ് കൺസൾട്ടൻസി ലിമിറ്റഡ്, പിഎഫ്സി കൺസൾട്ടിംഗ് ലിമിറ്റഡ് തുടങ്ങിയ വിവിധ ഏജൻസികൾ മുഖേന ഭാരത സർക്കാരിന്റെ സ്മാർട്ട് മീറ്റർ നാഷണൽ പ്രോഗ്രാമിന്[22] കീഴിൽ 22 സംസ്ഥാനങ്ങൾ/ കേന്ദ്ര ഭരണ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ ആയി (2021 ഡിസംബർ 24 വരെ)

[19] സ്മാർട്ട് മീറ്റർ വത്കരണം പരിമാണഘട്ടത്തിലാണെന്നതും, പൂർണ്ണമായ സൊല്യൂഷന്റെ ആകെ ചെലവ് കണക്കാക്കുന്നത് സാധ്യമായിരിക്കില്ല എന്നതും പരിഗണിച്ച് നിർദ്ദേശിച്ചത്.

[20] ₹0.94 കോടി റിയൽ ടൈം ഡാറ്റ അക്വിസിഷൻ സിസ്റ്റം പദ്ധതിക്കും ₹2.95 കോടി സബ് ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ സിസ്റ്റം ശക്തിപ്പെടുത്തുന്ന പദ്ധതിക്കും.

[21] എൻ.ടി.പി.സി. ലിമിറ്റഡ്, പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ ലിമിറ്റഡ്, ആർ.ഇ.സി. ലിമിറ്റഡ്, പി.എഫ്.സി. ലിമിറ്റഡ് എന്നിവയുടെ സംയുക്ത സംരംഭമായ പൊതുമേഖലാ സ്ഥാപനം. ഇത് നിരവധി സംസ്ഥാനങ്ങൾ/കേന്ദ്രഭരണ പ്രദേശങ്ങൾ എന്നിവയ്ക്കായി ടെൻഡറുകൾ ക്ഷണിക്കുകയും സംഭരിക്കുകയും ചെയ്തു കൊണ്ട്, സംഭരണച്ചെലവിൽ ഗണ്യമായ ലാഭം ഉറപ്പു വരുത്തുന്നു.

[22] എല്ലാ മൂലധന, പ്രവർത്തന ചെലവുകളും നടപ്പിലാക്കുന്ന ഏജൻസികൾ വഹിച്ചുകൊണ്ട് 'ബിൽഡ്, ഓൺ, ഓപ്പറേറ്റ് ആൻഡ് ട്രാൻസ്ഫർ' മാതൃകയിൽ നടപ്പിലാക്കിയത്. ഇതിൽ സംസ്ഥാനങ്ങൾക്ക്/ ഡിസ്കോമുകൾക്ക് മുൻകൂർ നിക്ഷേപം ഇല്ലായിരുന്നു.

34.25 ലക്ഷം സ്മാർട്ട് മീറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട് എന്നത് ഇക്കാര്യത്തിൽ എടുത്തു പറയേണ്ടതാണ്. ഇഇഎസ്എൽ മുഖേന ഒമ്പത് സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും സ്മാർട്ട് മീറ്ററുകൾ സ്ഥാപിച്ചത് ഡിസ്കോമുകളുടെ വരുമാനത്തിൽ ശരാശരി 20.50 ശതമാനം വർദ്ധനവും (പ്രതിവർഷം ₹264 കോടി), ബില്ലിംഗ് കാര്യക്ഷമതയിൽ 21 ശതമാനം വർദ്ധനവ്, എ ടി & സി നഷ്ടത്തിൽ 11 ശതമാനം മുതൽ 36 ശതമാനം വരെ കുറവ് എന്നിവക്ക് കാരണമായി.

കേരള സർക്കാർ (ഫെബ്രുവരി 2022) വസ്തുതകൾ സ്ഥിരീകരിച്ചുവെങ്കിലും സ്മാർട്ട് മീറ്ററിംഗ് നടപ്പിലാക്കുന്നതിനുള്ള ഭാവി പദ്ധതികൾ എന്തെങ്കിലും ഉള്ളതായി വ്യക്തമാക്കിയിട്ടില്ല.

ഉദയ് സ്കീമിൽ വിഭാവനം ചെയ്തതുപോലെ, സ്മാർട്ട് മീറ്ററിങ് നടപ്പാക്കുന്നതിലൂടെ മോഷണം കുറയ്ക്കൽ, ഡിമാൻഡ് സൈഡ് മാനേജ്മെന്റ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ, ഉപഭോക്തൃ സഹകരണം തുടങ്ങിയവ വഴി പ്രവർത്തനക്ഷമത മെച്ചപ്പെടുന്നതിന്റെ നേട്ടങ്ങൾ കൊയ്യാൻ കെഎസ്ഇബിഎല്ലിന് കഴിഞ്ഞില്ല എന്ന വസ്തുത നിലനിൽക്കുന്നു. വാണിജ്യ നഷ്ടം കുറയ്ക്കുന്നതിലൂടെ കൈവരിക്കാമായിരുന്ന ചെലവ് ചുരുക്കലിന്റെ മെച്ചവും കെഎസ്ഇബിഎല്ലിന് ലഭിച്ചില്ല. കൃത്യമായ ഒരു പ്രവർത്തന പദ്ധതിയുടെ അഭാവത്തിൽ, സ്മാർട്ട് മീറ്ററിംഗ് പദ്ധതി നടപ്പിലാക്കുമെന്ന് ഉറപ്പ് വരുത്താൻ ഓഡിറ്റിന് കഴിഞ്ഞില്ല, ഇത് ധാരണാപത്രത്തിന്റെ ലക്ഷ്യം പൂർത്തീകരിക്കപ്പെടാതാക്കി.

**ഇ.ആർ.പി സംവിധാനം നടപ്പാക്കുന്നതിലെ കാലതാമസം**

**2.9** ഉദയ് ധാരണാ പത്രത്തിൽ [ക്ലോസ് 1.3(ഇ)(xi)] പ്രകാരം, ചെലവ് കുറയ്ക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി മെച്ചപ്പെട്ടതും ഫലപ്രദവുമായ ഇൻവെന്ററി മാനേജ്മെന്റ്, പേഴ്സണൽ മാനേജ്മെന്റ് കൂടാതെ അക്കൗണ്ട്സ് മാനേജ്മെന്റ് തുടങ്ങിയവ ഉൾപെട്ട ഒരു ഇആർപി സംവിധാനം 2018 മാർച്ചോടെ നടപ്പിലാക്കാൻ കെഎസ്ഇബിഎൽ സമ്മതിച്ചിട്ടുണ്ട്.

കെഎസ്ഇബിഎൽ സെപ്റ്റംബർ 2016-ൽ ഇ.ആർ.പി പദ്ധതി നടപ്പാക്കുന്നതിന് ഐപിഡിഎസ് പദ്ധതിക്കു കീഴിൽ ഭാരത സർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭ്യമാക്കുകയോ അത് ലഭിക്കാത്തപക്ഷം സ്വന്തം ഫണ്ട് ഉപയോഗിക്കുകയോ ചെയ്യാമെന്നു തീരുമാനിച്ചു. കെഎസ്ഇബിഎൽ, 21 മാസത്തേക്ക് (ഒക്ടോബർ 2018 വരെ) ₹60 ലക്ഷം പ്രതിഫലത്തിലും അതിനുശേഷം ഉള്ള അധികരിക്കുന്ന ഓരോ മാസത്തേക്ക് പ്രതിമാസം ₹ അഞ്ച് ലക്ഷം എന്ന നിരക്കിലും കെപിഎംജിയെ പ്രോജക്ട് മാനേജ്മെന്റ് ഏജൻസി ആയി നിയമിച്ചു (ഒക്ടോബർ 2016). പ്രോജക്ട് നടപ്പിലാക്കുന്നതിന്റെയും പ്രവർത്തനക്ഷമമാക്കുന്നതിന്റെയും പ്രതീക്ഷിച്ച തീയതി 2018 മെയ് 28 ആയിരുന്നു. അംഗീകൃത ഡിപിആർ പ്രകാരം, മാനവ വിഭവശേഷി മാനേജ്മെന്റ്, ഫിനാൻസ്/അക്കൗണ്ട്സ്, മെറ്റീരിയൽസ് മാനേജ്മെന്റ് എന്നിവയ്ക്കായുള്ള മൊഡ്യൂളുകൾ ഉൾപ്പെടുന്ന പദ്ധതിയുടെ ഏകദേശ ചെലവ് ₹42.64[23] കോടിയായിരുന്നു.

കെഎസ്ഇബിഎൽ ഒരു ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയർ (എഫ്ഓഎസ്എസ്) അധിഷ്ഠിത ഇആർപി സംവിധാനം നടപ്പിലാക്കാൻ അർഹരായവരിൽ നിന്ന് ആർഎഫ്പി ക്ഷണിച്ചുവെങ്കിലും (നവംബർ 2018) അതിൽ ലേലക്കാർ ഒന്നും പങ്കെടുത്തില്ല എന്നാൽ വീണ്ടും ടെൻഡർ ചെയ്തിട്ടും ഒരു പ്രതികരണവും ലഭിച്ചില്ല. തൽഫലമായി, ഭാരത സർക്കാർ ഗ്രാന്റ് ആയ ₹22.76 കോടി (മാർച്ച് 2020-നവംബർ 2021) പ്രയോജനപ്പെടുത്തി, ഭാഗികമായി ടേൺകീ

[23] ഇആർപി ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിന് ₹29.00 കോടി, നടപ്പാക്കാൻ ₹9.84 കോടി, സെർവർ, സ്റ്റോറേജ്, യുപിഎസ്, കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ തുടങ്ങിയവ വാങ്ങുന്നതിന് ₹3.80 കോടി.

അടിസ്ഥാനത്തിൽ സ്വന്തം ജീവനക്കാരെ ഉപയോയാഗിച്ച്[24] സ്വതന്ത്രവും ഓപ്പൺ സോർസ്സ് സോഫ്റ്റ്‌വെയർ അടിസ്ഥാനമാക്കിയുള്ള ഇആർപി സിസ്റ്റം വികസിപ്പിക്കാനും നടപ്പിലാക്കാനും (2019 മെയ്) തീരുമാനിച്ചു.

ഷെഡ്യൂൾ ചെയ്ത പൂർത്തീകരണ സമയപരിധിക്കുള്ളിൽ ഇആർപി നടപ്പിലാക്കുന്നതിനുള്ള നടപടികൾ മുന്നോട്ട് പോയിഎങ്കിലും 2020 മാർച്ച് മുതൽ കോവിഡ്-19 മഹാമാരിയുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ കാരണം പ്രവർത്തനങ്ങൾ സ്തംഭിച്ചുവെന്ന് കേരള സർക്കാർ മറുപടി നൽകി (ഫെബ്രുവരി 2022).

മൂന്ന് വർഷത്തിലധികം കാലതാമസത്തിന് ശേഷമാണ് പ്രോജക്ട് പൂർത്തിയാക്കിയത് (ഡിസംബർ 2021) എന്ന വസ്തുത നിലനിൽക്കുന്നു. കൂടാതെ, ഒരു സംയോജിത ഇആർപി സംവിധാനത്തിലൂടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിന്റെ നേട്ടങ്ങൾ കെഎസ്ഇബിഎല്ലിന് ഇനിയും ലഭിക്കേണ്ടിയിരിക്കുന്നു.

**ഊർജ്ജ കാര്യക്ഷമതയും സംരക്ഷണവും**

**2.10** പുനരുപയോഗം സാധ്യമായ ഊർജ്ജത്തിന്റെ വികസനവും സംരക്ഷണവും ഉദയ് പദ്ധതിയുടെ ഒരു പ്രധാന ലക്ഷ്യമായിരുന്നു. ഉദയ് ധാരണാ പത്രത്തിന്റെ ക്ലോസ് 1.3(എഫ്) പ്രകാരം, പരമ്പരാഗത ഗാർഹിക ബൾബുകൾ, ദൈർഘ്യമേറിയ ആയുസ്സും ഊർജ്ജ കാര്യക്ഷമതയും മെച്ചപ്പെട്ട പാരിസ്ഥിതിക പ്രകടനവും ഉള്ള ലൈറ്റ് എമിറ്റിംഗ് ഡയോഡ് (എൽഇഡി) ബൾബുകൾ ഉപയോഗിച്ച് മാറ്റിസ്ഥാപിക്കുക, ഡിമാൻഡ് സൈഡ് മാനേജ്മെന്റ് (ഡിഎസ്എം) പ്രവർത്തനങ്ങൾ, ഊർജ്ജ കാര്യക്ഷമത ഉറപ്പ് വരുത്തൽ, തുടങ്ങിയ പ്രവർത്തികൾ ജനുവരി 2015-ൽ ഭാരത സർക്കാർ ആരംഭിച്ച ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാമിന് (ഡിഇഎൽപി) കീഴിൽ കെഎസ്ഇബിഎൽ ചെയ്യേണ്ടത് ആയിരുന്നു. 'എല്ലാവർക്കും താങ്ങാനാവുന്ന എൽഇഡികൾക്കുള്ള ഉന്നത്ത് ജ്യോതി' (ഉജാല) പദ്ധതിയായി ഡെൽപ് സ്കീം പുനരാരംഭിച്ചപ്പോൾ (മെയ് 2015), പ്രതിവർഷം 950 ദശലക്ഷം യൂണിറ്റ് ഊർജ്ജ ലാഭവും, വൈദ്യുതി ഉപഭോഗം കൂടിയസമയത്ത് പരമാവധി 670 മെഗാവാട്ട് ലാഭവും വിഭാവനം ചെയ്തു. വിഭവങ്ങളുടെ ഉത്തമ വിനിയോഗത്തിനായുള്ള ഉപഭോക്തൃ ബോധവൽക്കരണ പരിപാടികളും ദീർഘകാല സ്വഭാവമാറ്റങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നടപടികളും കൈകൊള്ളുന്നതിന് ധാരണാ പത്രത്തിലെ ക്ലോസ് 1.3 (എഫ്)(ii) കെഎസ്ഇബിഎല്ലിനെ ചുമതലപ്പെടുത്തി.

**ഉപഭോക്താക്കൾക്ക് എൽഇഡി ബൾബുകളുടെ വിതരണം**

**2.10.1** പ്രതിമാസം 120 യൂണിറ്റും അതിൽ താഴെയും ഉപഭോഗമുള്ള 71.53 ലക്ഷം ഗാർഹിക ഉപഭോക്താക്കൾക്ക് നിർവ്വഹണ ഏജൻസിയായ ഇഇഎസ്എൽ വഴി 1.50 കോടി എൽഇഡി ബൾബുകൾ വിതരണം ചെയ്യാൻ ആണ് കെഎസ്ഇബിഎൽ ഡെൽപ് പദ്ധതിക്കു കീഴിൽ വിഭാവനം ചെയ്തത് (ഫെബ്രുവരി 2015). എൽഇഡി ബൾബുകളുടെ വില രണ്ട് വർഷത്തിനുള്ളിൽ ഉപഭോക്താക്കളുടെ വൈദ്യുതി ബില്ലിലൂടെ ഈടാക്കാൻ തീരുമാനിച്ചു. ഈ ആവശ്യത്തിനായി ഇഇഎസ്എല്ലുമായി നടപ്പിലാക്കിയ ധാരണാപത്രം (മാർച്ച് 2015) പ്രകാരം, പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി (പിഎംസി) ആയി പ്രവർത്തിക്കാനും, മത്സരാധിഷ്ഠിത ബിഡ്ഡിംഗ് നടത്തുന്നതിനും,എൽഈഡിബൾബുകൾവിതരണംചെയ്യാനുംസംഭരിച്ചുവയ്ക്കാനും ഫീസായി പദ്ധതി ചെലവിന്റെ 1.5 ശതമാനം തുകയും വിതരണത്തിനും ഹാൻഡ്ലിംഗ് ചാർജ്ജുമായി ബൾബ് ഒന്നിന് ₹10-ും ഇഇഎസ്എൽ സമ്മതിച്ചു. ഇഇഎസ്എൽ-ന്റെ പരിധിയിൽ നിന്ന് സംഭരണവും വിതരണ പ്രവർത്തനവും ഒഴിവാക്കി ധാരണാപത്രം പിന്നീട് ഭേദഗതി ചെയ്തു (മാർച്ച് 2016), അതനുസരിച്ച് നൽകേണ്ട

[24] ഇതിനായി 118 സോഫ്റ്റ്‌വെയർ ഡെവലപ്പർമാർ/അനലിസ്റ്റുകൾ/ഡൊമെയ്ൻ വിദഗ്ധർ എന്നിവരടങ്ങുന്ന ഒരു പ്രത്യേക ഐടി പ്രോജക്ട് ടീമിനെ രൂപീകരിച്ച് അവരുടെ പ്രതിമാസ ചെലവുകൾ ഐപിഡിഎസ്-ന് കീഴിൽ ക്ലെയിം ചെയ്തു.

പിഎംസി ഫീസ് പദ്ധതി ചെലവിന്റെ ഒരു ശതമാനമായി കുറച്ചു. എൽഇഡി ബൾബുകളുടെ വിതരണം 2016 സെപ്തംബർ 30-നകം പൂർത്തിയാക്കേണ്ടതായിരുന്നു.

ഇഇഎസ്എല്ലുമായുള്ള ധാരണാപത്രം 2018 ജനുവരി വരെ നീട്ടുകയും മൂന്ന് തവണ കളിലായി വിതരണം ചെയ്ത 1.41 കോടി എൽഇഡി ബൾബുകൾക്കായി കെഎസ്ഇബിഎൽ (മേയ് 2016- ഓഗസ്റ്റ് 2018) ₹77.40 കോടി നൽകുകയും ചെയ്തു. എൽഇഡി വിതരണ ലക്ഷ്യം നേടിയതിലൂടെ പ്രതിവർഷം 20.03 ലക്ഷം മെഗാവാട്ട് മണിക്കൂർ ഊർജ്ജം ലാഭിക്കുന്നതിനും പുറംതള്ളപ്പെടുന്ന കാർബൺ ഡൈഓക്സൈഡിന്റെ അളവിൽ 16.23 ലക്ഷം ടൺ കുറവ് വരുത്തുന്നതിനും കാരണമായി.

ഇഇഎസ്എൽ അറിയിച്ച വാങ്ങിയ വില, പിഎംസി ഫീസ്, ഡിസ്ട്രിബ്യൂഷൻ ആൻഡ് ഹാൻഡ്ലിംഗ് ചാർജ്ജുകൾ, ഡിഎസ്എം ഫണ്ട് വിഹിതം, ബാധകമായ നികുതി എന്നിവ കണക്കിലെടുത്താണ് കെഎസ്ഇബിഎൽ എൽഇഡി ബൾബുകളുടെ വിൽപ്പന വില[25] നിശ്ചയിച്ചത്. 2016 ജനുവരി മുതൽ ഡിസംബർ വരെ വിതരണം ചെയ്ത 73.04 ലക്ഷം എൽഇഡി ബൾബുകളുടെ വിൽപ്പന വിലയായി ₹95 നിശ്ചയിച്ചതിൽ പിഴവ് സംഭവിച്ചത് ആയി ഓഡിറ്റ് നിരീക്ഷിച്ചു. എന്തെന്നാൽ ബൾബ് ഒന്നിന് നിശ്ചയിക്കേണ്ട പിഎംസി ഫീസ് ആയ ₹0.72-ന് (ഒരു ബൾബിന്റെ സംഭരണ വിലയായ ₹72.37-ന്റെ ഒരു ശതമാനം) പകരം ₹1.25 ആണ് കെഎസ്ഇബിഎൽ പരിഗണിച്ചത്. ഇതു ഉപഭോക്താക്കളിൽ നിന്ന് ₹38.71 ലക്ഷം[26] അധികം ഈടാക്കുന്നതിന് കാരണം ആയി. ഇഇഎസ്എലുമായി നടപ്പിലാക്കിയ ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ എൽഇഡി ബൾബിന് ₹10 വീതം വിതരണത്തിനും കൈകാര്യം ചെയ്യുന്നതിനുമുള്ള ചാർജ്ജുകൾ മാത്രം ഈടാക്കാൻ അർഹതയുണ്ടായിരുന്നുള്ളുവെങ്കിലും, ₹7.77 കോടി[27] ഡിഎസ്എം ഫണ്ട് വിഹിതവും ഉപഭോക്താക്കളിൽ നിന്ന് ₹1.42 കോടി[28] അധിക മാർജ്ജിനും കെഎസ്ഇബിഎൽ ഈടാക്കി. ഡിഎസ്എം ഫണ്ട് സംഭാവനയും ഉപഭോക്താക്കളിൽ നിന്നുള്ള അധിക മാർജ്ജിനും ശേഖരിക്കുന്നത് അനുചിതവും സ്കീമിൽ നിന്ന് (ഡി.ഇ.എൽ.പി) അനാവശ്യ ലാഭം നേടുന്നതിന് തുല്യവുമാണ്. എന്നാൽ, മുകളിൽ പറഞ്ഞ വിഷയങ്ങളിൽ കേരള സർക്കാർ മറുപടി നൽകിയില്ല.

**പുനരുപയോഗ സ്രോതസ്സിൽ നിന്നുള്ള വാങ്ങൽ ബാധ്യതയിൽ വന്ന പരാജയം**

**2.11** കൽക്കരിയുടെയും മറ്റ് ഫോസിൽ ഇന്ധനങ്ങളുടെയും ഉപഭോഗം കുറയ്ക്കുന്നതിനായി ഭാരത സർക്കാരിന്റെ പുതിയതും പുനരുപയോഗിക്കാവുന്നതുമായ ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ) 2022-ഓടെ 100 ജിഗാവാട്ട്[29] സൗരോർജ്ജം ഉൾപ്പെടെ 175 ജിഗാവാട്ട് പുനരുപയോഗിക്കാവുന്ന സ്രോതസ്സിൽ നിന്നുള്ള ഊർജ്ജശേഷി സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി നിരവധി സംരംഭങ്ങൾ ആരംഭിച്ചു. ഉദയ് പദ്ധതിയിൽ, 2012 ഏപ്രിൽ 1 മുതൽ കുടിശ്ശികയുള്ള പുനരുപയോഗ സ്രോതസ്സിൽ നിന്നുള്ള വാങ്ങൽ ബാധ്യതകൾ (ആർപിഒകൾ), ഡിസ്കോമുകൾ പാലിക്കേണ്ടതുണ്ട്.

2013-21 കാലയളവിൽ, 0.25 ശതമാനം മുതൽ 5.25 ശതമാനം വരെയുള്ള സോളാർ ആർപിഒകളും 3.58 ശതമാനം മുതൽ 9.00 ശതമാനം വരെയുള്ള സോളാറിതര

---

25 73.04 ലക്ഷം എൽഇഡി ബൾബുകളുടെ ആദ്യ ലോട്ടിന് ₹95 നിരക്കിലും (ജനുവരി 2016), രണ്ടാമത്തെ ലോട്ടിന് 22.18 ലക്ഷം ബൾബുകൾക്ക് 60 നിരക്കിലും (ജനുവരി 2017), 46.42 ലക്ഷം ബൾബുകളുടെ അവസാന ലോട്ടിന് ₹65 നിരക്കിലും (ഒക്ടോബർ 2017).

26 (₹1.25 – ₹0.72) X 73.04 ലക്ഷം ബൾബുകൾ

27 (73,04,532 ബൾബുകൾ X ബൾബ് ഒന്നിന് ₹5 രൂപ നിരക്കിൽ) + (68,59,633 ബൾബുകൾ ബൾബ് ഒന്നിന് ₹6 നിരക്കിൽ)

28 46,41,503 ബൾബുകൾ ബൾബ് ഒന്നിന് ₹3.07 നിരക്കിൽ

29 1 ജിഗാവാട്ട് (ജി ഡബ്ലിയു) = 1 ലക്ഷം മെഗാവാട്ട്.

ആർപിഒകളും കെഎസ്ഇബിഎൽ നിറവേറ്റണമെന്ന് കെഎസ്ഇആർസി വ്യക്തമാക്കിയിട്ടുണ്ട്. യൂണിറ്റിൽ ഉള്ള അളവനുസരിച്ച്, 2021 മാർച്ച് വരെ കെഎസ്ഇബിഎൽ നേടേണ്ട മൊത്തം ആർപിഓ-കൾ 9,728.18 ദശലക്ഷം യൂണിറ്റ് ആണ് (2,293.87 ദശലക്ഷം യൂണിറ്റ് സോളാർ ആർപിഓ-കളും 7,434.31 ദശലക്ഷം യൂണിറ്റ് സോളാറിതര ആർ പി ഓ-കളും). ആർപിഒ ലക്ഷ്യം നേടുന്നതിൽ വീഴ്ച വരുത്തിയാൽ പിഴയും കൂടാതെ/അല്ലെങ്കിൽ ഒരു തുക (സിഇആർസി നിർണ്ണയിച്ച സഹിഷ്ണുത വിലയിൽ കണക്കാക്കുന്നത്) ഒരു പ്രത്യേക ഫണ്ടിലേക്ക് പുനരുപയോഗ ഊർജ്ജ സർട്ടിഫിക്കറ്റുകൾ (ആർഇസികൾ) വാങ്ങുന്നതിനായി നിക്ഷേപിക്കണം.

ഓഫ് ഗ്രിഡ് സൗരോർജ്ജ ജനറേറ്ററുകൾക്ക് ഉത്പാദന അധിഷ്ഠിത ഇൻസെന്റീവ് (ജിബിഐ) നൽകിക്കൊണ്ട് പരമാവധി സൗരോർജ്ജ ഉത്പാദനം (ഓഫ് ഗ്രിഡ്, ഗ്രിഡ്-ടൈഡ്) ആർപിഒകൾക്കായി കണക്കാക്കുന്നതിനുള്ള ഒരു കർമ്മപദ്ധതി കെഎസ്ഇബിഎൽ രൂപീകരിക്കുകയും (ഡിസംബർ 2015/ ഫെബ്രുവരി 2016) അത് യൂണിറ്റ് ഒന്നിന് ഒരു രൂപ നിരക്കിൽ കെഎസ്ഇആർസി അംഗീകരിക്കുകയും (സെപ്റ്റംബർ 2016) ചെയ്തു. പുരപ്പുറ, സോളാർ പവർ പ്രോജക്ടുകൾ വികസിപ്പിക്കുന്നതിനും എംഎൻആർഇ വഴി കുറഞ്ഞ വിലയ്ക്ക് പുനരുപയോഗിക്കാവുന്ന ഊർജ്ജം വാങ്ങുന്നതിനുമുള്ള പ്രോജക്ടുകൾ/ പരിപാടികൾ[30] കെഎസ്ഇബിഎൽ ഏറ്റെടുത്തു. എന്നാൽ ഭൂമി ലഭ്യത പ്രശ്നങ്ങളും (ഗ്രൗണ്ട് മൗണ്ടഡ് സൗരോർജ്ജ ഉൽപ്പാദനത്തിന്), സാധ്യതയുടെയും ഫോറസ്റ്റ് ക്ലിയറൻസ് പ്രശ്നങ്ങളും (ഫ്ളോട്ടിംഗ് സൗരോർജ്ജ പദ്ധതികൾക്ക്), ടെൻഡറിൽ ബിഡർമാരുടെ പങ്കാളിത്തക്കുറവും (ഗ്രൗണ്ട്മൗണ്ടഡ്, പുരപ്പുറ സൗരോർജ്ജ പദ്ധതികൾക്ക്), കരാറുകളിൽ ഏർപ്പെട്ടിരുന്ന പദ്ധതികൾ നടക്കാതെ പോയതും കാരണം ആർപിഒ ലക്ഷ്യങ്ങൾ കൈവരിക്കാനായില്ല. കെഎസ്ഇബിഎൽ 2020-21 വരെയുള്ള കാലയളവിൽ 9,728.18 ദശലക്ഷം യൂണിറ്റ് എന്ന ലക്ഷ്യത്തിനെതിരായി 6,107.16 ദശലക്ഷം യൂണിറ്റ് (62.78 ശതമാനം) ആർ.പി.ഒ കൾ കൈവരിച്ചുവെങ്കിലും, 3,621.02 ദശലക്ഷം യൂണിറ്റിന്റെ കുറവ്[31] ഉണ്ടായി. അത് നികത്താൻ ആവശ്യമായ ആർഇസികളുടെ മൂല്യം ₹495.95[32] കോടിയാണ്.

ആർപിഒ ലക്ഷ്യം നേടാൻ കഴിയാത്തതിനാൽ അത് നികത്താൻ ആവശ്യമായ ആർഇസികളുടെ മൂല്യം ₹335.10 കോടിയായി കണക്കാക്കിയതായി കേരള സർക്കാർ മറുപടിയിൽ പറഞ്ഞു (ഫെബ്രുവരി 2022). എന്നാൽ മറുപടിയിലെ ഏകദേശ കണക്ക് 2013-14 മുതൽ കുടിശ്ശികയുള്ള മൊത്തം ആർപിഒകളെ സംബന്ധിക്കുന്നവ അല്ല പകരം 2015-21 കാലയളവിലെ ആർപിഒകൾ നേടുന്നതിലെ കുറവിന്റെ കണക്ക് അടിസ്ഥാനമാക്കി ഉള്ളതാണ്. ആർപിഒകൾക്കായി നിശ്ചയിച്ചിട്ടുള്ള ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും ആർപിഒകൾ വാങ്ങുന്നതിലെ കുറവ് പരിഹരിക്കുന്നതിനും സ്വീകരിക്കേണ്ട തന്ത്രത്തെക്കുറിച്ച് മറുപടി നിശബ്ദമായിരുന്നു.

**ഊർജ്ജ സംരക്ഷണത്തിനുള്ള നിഷ്ക്രിയ ശ്രമങ്ങൾ**

**2.12** ഉദയ് ധാരണാപത്രത്തിന്റെ ക്ലോസ് 1.3 (ഇ)(i) പ്രകാരം വൈദ്യുതി മോഷണം നിയന്ത്രിക്കുന്നതിന് കെഎസ്ഇബിഎൽ 'നെയിം ആന്റ് ഷെയിം' എന്ന പേരിൽ ഒരു കാംപയിൻ നടത്തണമായിരുന്നു. കൂടാതെ, ധാരണാപത്രത്തിന്റെ ക്ലോസ് 1.3(എഫ്)(iii) പ്രകാരം കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിന് കുറഞ്ഞത് 10 ശതമാനം എങ്കിലും പരമ്പരാഗത കാർഷിക പമ്പ് സെറ്റുകൾ മാറ്റി പകരം ഊർജ്ജക്ഷമതയുള്ളവ സ്ഥാപിക്കേണ്ടിയിരുന്നു.

[30] എനർജ്ജി സേവിംഗ്സ് & കോഓർഡിനേഷൻ ടീം, സൗര, ഊർജ്ജ കേരള മിഷൻ എന്നിവ.

[31] 2,282.54 ദശലക്ഷം യൂണിറ്റിന്റെ സോളാറിതര ആർപിഓകളും 1,338.48 ദശലക്ഷം യൂണിറ്റിന്റെ സോളാർ ആർപിഓ കളും.

[32] {(2,282.54 ദശലക്ഷം യൂണിറ്റ് x 1,000 കെഡബ്ല്യൂഎച്ച്) x സോളാറിതര പുനരുപയോഗ ഊർജ്ജ സർട്ടിഫിക്കറ്റ് ഒന്നിന് ₹1,000} + {(1,338.48 ദശലക്ഷം x 1,000 കെഡബ്ല്യൂഎച്ച്) x ഒരു സോളാർ പുനരുപയോഗ ഊർജ്ജ സർട്ടിഫിക്കറ്റ് ഒന്നിന് ₹2,000}

### വൈദ്യുതി മോഷണവും ദുരുപയോഗവും മൂലമുള്ള നഷ്ടം

**2.12.1** കെഎസ്ഇബിഎല്ലിന്റെ ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് (എപിടിഎസ്)/ വിജിലൻസ് ഡിപ്പാർട്ട്മെന്റ് 2015-21 കാലയളവിൽ 1,72,674 പരിശോധനകൾ നടത്തുകയും (ഒരു വർഷത്തിൽ ശരാശരി 28,779 പരിശോധനകൾ) 38,154 ക്രമക്കേടുകൾ/ മോഷണം/ ദുരുപയോഗം/ തെറ്റായ മൂല്യനിർണ്ണയം എന്നിവ കണ്ടെത്തുകയും ചെയ്തു. വാർഷിക പരിശോധനകളുടെ എണ്ണത്തിൽ ക്രമാനുഗതമായ കുറവുണ്ടായി (2015-16-ൽ 34,313-ൽ നിന്ന് 2020-21-ൽ 23,155-ലേക്ക് കുറഞ്ഞു), ഇത് കണ്ടെത്തുകയും റിപ്പോർട്ട് ചെയ്യുകയും ചെയ്ത കേസുകളുടെ എണ്ണത്തിൽ കുറവുണ്ടാക്കി (2015-16-ൽ 8,651-ൽ നിന്ന് 2020-ൽ 3,629 ആയി). 2015-21 കാലയളവിൽ ക്രമക്കേടുകൾ/ മോഷണം/ ഷോർട്ട് അസസ്മെന്റ്/ ക്രമക്കേടുകൾ എന്നിവ മൂലമുള്ള മൊത്തം നഷ്ടം ₹205.62 കോടിയായി കണക്കാക്കിയപ്പോൾ അതിൽ നിന്നു പിരിച്ചെടുത്തത് ₹112.47 കോടിയായിരുന്നു (54.70 ശതമാനം). എന്നിരുന്നാലും ഉപഭോക്താക്കൾ നിയമം അനുസരിക്കുന്നതിനാലും അവരുടെ വൈദ്യുതി കണക്ഷനുകൾ പൂർണ്ണമായി അളക്കുന്നതിനാലും സംസ്ഥാനത്ത് മോഷണം/ ദുഷ്പ്രവൃത്തികൾ വളരെ കുറവാണെന്ന കാരണം പറഞ്ഞ് 'നെയിം ആന്റ് ഷെയിം' എന്ന കാംപയിന്റെ ആവശ്യകതയെ കെഎസ്ഇബിഎൽ ലഘൂകരിച്ചു. 2015-21 കാലയളവിൽ എപിടിഎസ്/ വിജിലൻസ് ഡിപ്പാർട്ട്മെന്റ് റിപ്പോർട്ട് ചെയ്ത മോഷണം/ ക്രമക്കേടുകളുടെ വെളിച്ചത്തിൽ ഈ പ്രസ്താവന നിലനിൽക്കുന്നതല്ല.

2015-21 കാലയളവിലെ വാർഷിക പരിശോധനകളുടെ എണ്ണത്തിലും മോഷണക്കേസുകളും മറ്റ് ക്രമക്കേടുകളും കണ്ടെത്തുന്നതിലും കുറവുണ്ടായത് വെള്ളപ്പൊക്കവും കോവിഡ് -19 മഹാമാരി തുടങ്ങിയവ കാരണമാണെന്ന് കേരള സർക്കാർ മറുപടി നൽകി (ഫെബ്രുവരി 2022).

ഈ മറുപടി നിലനിൽക്കില്ല, കാരണം 2020-21 കാലയളവിൽ നടത്തിയ പരിശോധനകളുടെ എണ്ണം കുറവായതിനാലാണ് മോഷണവും മറ്റ് ക്രമക്കേടുകളും കാരണം കണക്കാക്കിയ നഷ്ടത്തിൽ കുറവുണ്ടായത്. കോവിഡ്-19 മഹാമാരിക്ക് മുമ്പുള്ള കാലയളവിൽ, അതായത് 2019-20 വരെ, കണക്കാക്കിയ നഷ്ടം ഗണ്യമായതാണ് (₹190.77 കോടി അല്ലെങ്കിൽ 92.78 ശതമാനം), ഇത് ഉദയ് ധാരണാപത്രത്തിൽ വിഭാവനം ചെയ്തിരിക്കുന്ന 'നെയിം ആന്റ് ഷെയിം' കാംപയിൻ ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകതയെ അടിവരയിടുന്നു.

### കാര്യക്ഷമതയില്ലാത്ത പമ്പ് സെറ്റുകൾ മാറ്റിസ്ഥാപിക്കാത്തത്

**2.12.2** ഊർജ്ജ കാര്യക്ഷമത ബ്യൂറോ (ബിഇഇ)-യുടെ അഗ്രികൾച്ചർ ഡിമാൻഡ് സൈഡ് മാനേജ്മെന്റ് (എജി-ജിഎസ്എം) പദ്ധതി[33] മൊത്തത്തിലുള്ള ഊർജ്ജ ഉപഭോഗം കുറയ്ക്കാനും കർഷകർക്ക് ഊർജ്ജ ബിൽ വെട്ടിക്കുറയ്ക്കാനും സംസ്ഥാനങ്ങൾ/ ഡിസ്കോമുകൾക്കുള്ള സബ്സിഡി ഭാരം കുറയ്ക്കാനും കാർഷിക പമ്പ് സെറ്റുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലൂടെ ഊർജ്ജ ക്ഷാമം ലഘൂകരിക്കാനും അവസരമൊരുക്കുന്നു. ഊർജ്ജ കാര്യക്ഷമതാ നടപടികൾ നടപ്പാക്കുന്നത് ഉദയ് നിർബന്ധമാക്കിയിട്ടുണ്ട്.

കേരള സംസ്ഥാന പ്രൊഡക്ടിവിറ്റി കൗൺസിൽ (കെഎസ്പിസി) നടത്തിയ (ജൂൺ 2018) പഠനത്തിൽ, സംസ്ഥാനത്തെ മിക്ക കാർഷിക പമ്പ് സെറ്റുകളും കാര്യക്ഷമമല്ലെന്നും[34] ഇത് ഉയർന്ന വൈദ്യുതി ഉപഭോഗത്തിനും കാർബൺ

[33] എട്ട് സംസ്ഥാനങ്ങളിലെ 11 ഡിസ്കോമുകൾക്കായി ഇഇഎസ്എൽ വഴി നടപ്പാക്കി. രണ്ട് സംസ്ഥാനങ്ങളിലായി 0.78 ലക്ഷം ഊർജ്ജക്ഷമതയുള്ള പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിലൂടെ 202.91 ദശലക്ഷം യൂണിറ്റിന്റെ ഊർജ്ജ ലാഭവും 38 മെഗാവാട്ട് പീക്ക് ലോഡ് ഡിമാൻഡ് 1.50 ടൺ കാർബൺ ഡൈ ഓക്സൈഡ് ബഹിർഗ്ഗമനം കുറയ്ക്കുകയും പ്രതിവർഷം ₹101 കോടി ചെലവ് കുറയ്ക്കുകയും ചെയ്തു.

[34] പമ്പ് സെറ്റുകളുടെ മൊത്തത്തിലുള്ള (ശരാശരി) കാര്യക്ഷമത 27.6 ശതമാനമാണ്, മൊത്തം പമ്പ് സെറ്റുകളുടെ 11 ശതമാനം മാത്രമാണ് മൊത്തത്തിലുള്ള കാര്യക്ഷമതയുടെ 40 ശതമാനത്തിന് മുകളിൽ പ്രവർത്തിച്ചത്.

പുറന്തള്ളലിനും കാരണമാകുന്നുവെന്നും കണ്ടെത്തി. ₹315 കോടി ചെലവഴിച്ചു കാര്യക്ഷമമല്ലാത്ത പമ്പ് സെറ്റുകൾ മാറ്റിസ്ഥാപിക്കുന്നതിലൂടെ പ്രതിവർഷം 69 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലാഭിക്കാമെന്നും കെഎസ്പിസി കണ്ടെത്തി. ഇത് മൂലം കാർഷിക ഉപഭോക്താക്കൾക്ക് പ്രതിവർഷം ₹13.67 കോടിയും കെ.എസ്.ഇ.ബി.എല്ലിന് പ്രതിവർഷം ₹42.38 കോടിയും ലാഭിക്കാമായിരുന്നു എന്ന് കണക്കാക്കപ്പെട്ടു.

സംസ്ഥാനത്ത് നിലവിലുള്ള അഞ്ച് ലക്ഷം കാർഷിക പമ്പ് സെറ്റുകളിൽ 25 എണ്ണം (0.50 ലക്ഷത്തിന് പകരം) മാത്രമാണ് മാറ്റിസ്ഥാപിക്കാൻ കെഎസ്ഇബിഎൽ നിർ ദ്ദേശിച്ചതെന്നും ഇഇഎസ്എൽ വഴി എജി-ഡിഎസ്എം പദ്ധതി നടപ്പാക്കുന്നതിനുള്ള ഒരു കർമ്മപദ്ധതിയും ആവിഷ്കരിച്ചിട്ടില്ലെന്നും ഓഡിറ്റ് നിരീക്ഷിച്ചു. അതുകാരണം ഊർജ്ജ സംരക്ഷണത്തിന്റെയും കാര്യക്ഷമതയുടെയും വരുമാനത്തിന്റെയും കാര്യത്തിൽ കെഎസ്പിസി കണക്കാക്കിയ പോലെ കിട്ടേണ്ട നേട്ടങ്ങൾ ലഭിച്ചില്ല.

കേരള സർക്കാരിന്റെ സാമ്പത്തിക പിന്തുണയോടെ കെഎസ്ഇബിഎൽ ഊർജ്ജ-കാര്യക്ഷമമായ കാർഷിക ഡീവാട്ടറിംഗ് സബ്മേഴ്സിബിൾ പമ്പിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടെന്നും വിതരണക്കാർക്കും ഉപഭോക്താക്കൾക്കും ആവശ്യമായ ഉൽപ്പന്നങ്ങളുടെ സാങ്കേതിക സവിശേഷതകളും സ്റ്റാർ റേറ്റിംഗും നൽകി സ്വയം രജിസ്റ്റർ ചെയ്യാവുന്ന ഒരു വെബ് പോർട്ടൽ വികസിപ്പിച്ചിട്ടുണ്ടെന്നും കേരള സർക്കാർ മറുപടി നൽകി (ഫെബ്രുവരി 2022).

എന്നാൽ, കാര്യക്ഷമമല്ലാത്ത കാർഷിക പമ്പ് സെറ്റുകൾ മാറ്റിസ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഉദയ് ധാരണാപത്രത്തിന് കീഴിലുള്ള പ്രതിജ്ഞാബദ്ധത കെഎസ്ഇബിഎൽ പാലിച്ചില്ല എന്ന വസ്തുത മറച്ചുവെക്കുന്നതാണ് മറുപടി.

**ടെൻഡർ ചെയ്യാതെ വൈദ്യുതിവാങ്ങൽ**

**2.13** മത്സരാധിഷ്ഠിത ബിഡ്ഡിംഗ്/ടെൻഡറിംഗ്, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള കേന്ദ്രീകൃത സംഭരണം, ഡിസ്കവറി ഓഫ് എഫിഷ്യന്റ് ഇലക്ട്രിസിറ്റി പ്രൈസ്[35] മുഖാന്തിരമുള്ള ഇ-ബിഡ്ഡിംഗ്/ ഇ-റിവേഴ്സ് ബിഡ്ഡിംഗ്, ഇലക്ട്രോണിക് സിസ്റ്റം അധിഷ്ഠിത പവർ ട്രേഡിംഗ് എക്സ്ചേഞ്ചുകൾ എന്നിവയിലൂടെ വൈദ്യുതിവാങ്ങലിലെ സുതാര്യത ഉറപ്പാക്കുന്നു. ഉദയ് ധാരണാപത്രത്തിലെ ക്ലോസ് 1.3(ജെ) യിൽ വൈദ്യുതി സംഭരണത്തിൽ സുതാര്യത വേണമെന്ന ആവശ്യം ഊന്നി പ്പറഞ്ഞു.

അഹല്യ ആൾട്ടർനേറ്റ് എനർജി പ്രൈവറ്റ് ലിമിറ്റഡിൽ (എഎഇപിഎൽ) നിന്ന് 8.40 മെഗാവാട്ട് ശേഷിയുള്ള നാല് കാറ്റാടി വൈദ്യുതി പദ്ധതികൾക്ക് ഗ്രിഡ് കണക്റ്റിവിറ്റി നൽകാൻ കെഎസ്ഇബിഎൽ ജനുവരി 2016 ൽ തീരുമാനിച്ചു. വൈദ്യുതിവാങ്ങൽ കരാറിന്റെ അംഗീകാരത്തിനും വൈദ്യുതി നിരക്ക് നിർണ്ണയിക്കുന്നതിനുമായി എഎഇപിഎൽ സമർപ്പിച്ച ഒരു നിവേദനത്തിൽ (ജൂൺ 2016), പ്രസ്തുത പദ്ധതികളിൽ നിന്ന് വിതരണം ചെയ്യുന്ന ഊർജ്ജത്തിന് യൂണിറ്റിന് ₹5.34 നിരക്കിൽ പൊതുവായ നിരക്ക് ഈടാക്കാൻ കെഎസ്ഇആർസി ഉത്തരവിടുകയും (ഫെബ്രുവരി 2017) 2016 മാർച്ച് മുതൽ 13 വർഷത്തേക്ക് വൈദ്യുതി വാങ്ങൽ കരാർ അംഗീകരിക്കുകയും ചെയ്തു. എന്നിരുന്നാലും, നിശ്ചയിച്ച നിരക്ക് ഒരു പരിധി വിലയാണെന്നും കക്ഷികൾക്ക് പരസ്പരം ചർച്ച ചെയ്തുകുറഞ്ഞ വിലയിൽകരാറിൽ ഏർപ്പെടാൻ സ്വാതന്ത്ര്യമുണ്ടെന്നും കെഎസ്ഇആർസി വ്യക്തമാക്കി.

ഗ്രിഡ് കണക്റ്റിവിറ്റി അനുവദിക്കുന്നതിന് മുമ്പ് പ്രോജക്റ്റ്-നിർദ്ദിഷ്ട നിരക്കിനായി കെഎസ്ഇആർസിക്ക് മുമ്പാകെ നിവേദനം നൽകാൻ കെഎസ്ഇബിഎൽ

[35] ഡിസ്കോമുകളുടെ ഹ്രസ്വകാല വൈദ്യുതി സംഭരണത്തിനായി ഊർജ്ജ മന്ത്രാലയത്തിന്റെ ഇ-ബിഡ്ഡിംഗ്, ഇ-റിവേഴ്സ് ലേല പോർട്ടലാണ് ''ഡിസ്കവറി ഓഫ് എഫിഷ്യന്റ് ഇലക്ട്രിസിറ്റി പ്രൈസ്'' അഥവാ ഡി.ഇ.ഇ.പി.

എഎഇപിഎല്ലിനോട് ആവശ്യപ്പെട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. കെഎസ്ഇബിഎൽ പ്രൊജക്റ്റ്-നിർദ്ദിഷ്ട നിരക്കിനായി കെഎസ്ഇആർസിക്ക് മുമ്പാകെ ഒരു നിവേദനം നൽകുന്നതിനായി എഎഇപിഎല്ലിനെ സമീപിച്ചത് (ഒക്ടോബർ 2017) കേരള സർക്കാർ നിർദ്ദേശിച്ചതിന് (ഓഗസ്റ്റ് 2017) ശേഷം മാത്രമാണ്. കൃത്യമായ നടപടിക്രമങ്ങൾ/ നിയമങ്ങൾ പാലിച്ചതിന് ശേഷം നിശ്ചയിച്ച നിരക്ക് പുനർനിർണയിക്കാൻ കഴിയില്ലെന്ന നിലപാടിൽ കെഎസ്ഇആർസി (ഡിസംബർ 2017) ഉറച്ചുനിന്നു.

കെഎസ്ഇആർസി അംഗീകരിച്ച പൊതുവായ നിരക്ക്, മത്സരാധിഷ്ഠിത ബിഡ്ഡിംഗിലൂടെ എംഎൻആർഇ കണ്ടെത്തിയ (ഫെബ്രുവരി/ഡിസംബർ 2017) യൂണിറ്റ് നിരക്കായ ₹3.46/ ₹2.64 എന്നതിനേക്കാൾ കൂടുതലാണെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. കെഎസ്ഇബിഎൽ മുൻ നിശ്ചയിച്ച നിരക്കായ യൂണിറ്റിന് ₹5.23 എന്ന വിലപേശൽ നിരക്കിന് (ജനുവരി 2018) സമ്മതിച്ചെങ്കിലും, 2017-18 കാലയളവിൽ അവർ വാങ്ങിയ വൈദ്യുതിയുടെ ശരാശരിചെലവ് യൂണിറ്റിന് ₹3.53 മാത്രമായിരുന്നു. എഎഇപിഎൽ-ൽ നിന്ന് വാങ്ങിയ പവനോർജ്ജം പുനരുപയോഗ സ്രോതസ്സിൽ നിന്നുള്ള വാങ്ങൽ ബാധ്യതയായി ഉപയോഗിക്കാനാകുമെന്നതിനാലും പുനരുപയോഗ ഊർജ്ജ സർട്ടിഫിക്കറ്റുകൾ യൂണിറ്റിന് ഒരു രൂപ എന്ന നാമമാത്രമായ വിലയിൽ ലഭ്യമായിരുന്നതിനാലും (പുനരുപയോഗ സ്രോതസ്സിൽനിന്നുള്ള വാങ്ങൽ ബാധ്യതയുടെ കുറവ് നികത്താൻ), എഎഇപിഎൽ-ൽ നിന്ന് വാങ്ങിയ വൈദ്യുതിയുടെ ഫലപ്രദമായ ചെലവ് യൂണിറ്റിന് ₹4.23 ആയി മാറി.

ടെൻഡർ ക്ഷണിക്കാതെ എഎഇപിഎൽ ഇൽ നിന്ന് വൈദ്യുതി വാങ്ങിയത് സുതാര്യത ഇല്ലായ്മയാണ്. കൂടാതെ, ₹6.60 കോടി[36] യുടെ അധികചെലവും വൈദ്യുതി വാങ്ങൽ കരാറിന്റെ ശേഷിക്കുന്ന കാലയളവിലേക്ക് ₹10.30 കോടി[37] യുടെ ബാധ്യതയും ഉണ്ടാക്കി.

പുനരുപയോഗിക്കാവുന്ന ഊർജ്ജം വാങ്ങുന്നതിനായി മത്സര ബിഡ്ഡിംഗിന് പോകാൻ 2017 ജൂലൈ വരെ കെഎസ്ഇബിഎല്ലിനോട് നിർദ്ദേശിച്ചിട്ടില്ലെന്ന് കേരള സർക്കാർ (ഫെബ്രുവരി 2022) മറുപടി നൽകി. എഎഇപിഎല്ലിനൊപ്പം വൈദ്യുതിവാങ്ങൽ കരാറിൽ ഏർപ്പെടുന്ന സമയത്ത് കാറ്റിൽ നിന്നുള്ള ഊർജ്ജത്തിന്റെ വിപണി നിരക്ക് ലഭ്യമല്ലായിരുന്നു എന്നും അവർ ഉദ്ധരിച്ചു. എഎഇപിഎല്ലുമായി നിരക്ക് സംബന്ധിച്ച ചർച്ചകൾ നടത്താൻ കെഎസ്ഇബിഎല്ലിന് വളരെ പരിമിതമായ സാധ്യതകളാണുണ്ടായിരുന്നതെന്നും എന്നാൽ വൈദ്യുതിവാങ്ങൽ കരാർ നടപ്പിലാക്കിയതിന് ശേഷം യഥാർത്ഥ ശേഷി വിനിയോഗ ഘടകത്തെ അടിസ്ഥാനമാക്കി പൊതുവായ നിരക്ക് പരിഷ്കരിക്കുന്നതിന് കെഎസ്ഇആർസിക്ക് അപേക്ഷ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും പ്രസ്താവിച്ചു.

കരാറിൽ ഏർപ്പെടുമ്പോഴോ പുനരുപയോഗ ഊർജ്ജം വാങ്ങാൻ തുടങ്ങുമ്പോഴോ കെഎസ്ഇബിഎൽ/ എഎഇപിഎൽ പ്രോജക്റ്റ്-നിർദ്ദിഷ്ട നിരക്കിനായി കെഎസ്ഇആർസിയെ സമീപിച്ചിട്ടില്ലാത്തതിനാൽ മറുപടി സ്വീകാര്യമല്ല. കൂടാതെ, സംഭരണത്തിന്റെ മികച്ച സമ്പ്രദായങ്ങൾ അനുസരിച്ചു സുതാര്യത ഉറപ്പാക്കുന്നതിനും ഏറ്റവും കുറഞ്ഞ നിരക്ക് കണ്ടെത്തുന്നതിനും മത്സരാധിഷ്ഠിത ബിഡ്ഡിംഗ് നടത്തേണ്ടതാണ്, ഇത്തരം മികച്ച രീതി സ്വീകരിക്കുന്നതിന് പ്രത്യേക നിർദേശങ്ങളുടെ ഒന്നും ആവശ്യമില്ല.

## ഉപസംഹാരം

ഡിസ്കോമുകളുടെ കടം സംസ്ഥാന സർക്കാരുകൾ ഏറ്റെടുക്കുന്നതിലൂടെ അവയ്ക്ക് സാമ്പത്തിക വഴിത്തിരിവ് ഉറപ്പാക്കുക എന്ന പ്രാഥമിക ലക്ഷ്യത്തോടെയാണ് ഭാരത

[36] {(₹5.23 - ₹1.00)- ₹3.53)} 2016-21 കാലയളവിൽ വാങ്ങിയ 94.22 ദശലക്ഷം യൂണിറ്റ് x 10,00,000 യൂണിറ്റ്.

[37] 8.4 മെഗാവാട്ട് x 8.76 ദശലക്ഷത്തിന്റെ പരിവർത്തന ഘടകം x 25 ശതമാനം പ്ലാന്റ് ഉത്പാദന ശേഷി x 8 വർഷം x ₹0.70 x 10,00,000 യൂണിറ്റ്.

സർക്കാർ ഉദയ് പദ്ധതി ആരംഭിച്ചത്. എന്നാൽ കേരള സർക്കാരും കെഎസ്ഇബിഎല്ലും ഉദയ് പദ്ധതിയുടെ സാമ്പത്തിക വഴിത്തിരിവ് ഘടകം തിരഞ്ഞെടുത്തില്ല, പകരം പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുന്നതിനായി മാത്രം ധാരണാപത്രത്തിൽ ഏർപ്പെട്ടു.

ജീവനക്കാരുടെ ആനുകൂല്യങ്ങൾക്കും വൈദ്യുതിവാങ്ങലിനുമായി കെഎസ്ഇബിഎൽ ചെലവാക്കിയ തുകയും 2015-21-ൽ ഗണ്യമായി വർദ്ധിച്ചുവെങ്കിലും, 2017-ലെ കണക്കുകൾ ട്രൂയിംഗ് അപ്പ് ചെയ്യുന്നതിനുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനിടെ 6,367 ജീവനക്കാരുടെ ശമ്പളത്തിനും അലവൻസുകൾക്കുമായി കെഎസ്ഇബിഎല്ലിന്റെ അവകാശവാദം കെഎസ്ഇആർസി അനുവദിക്കാത്തതിനാൽ ചെലവാക്കിയ തുക മുഴുവൻ വൈദ്യുതി നിരക്കിലൂടെ പൂർണ്ണമായി വീണ്ടെടുക്കാൻ കഴിഞ്ഞില്ല. കെഎസ്ഇബിഎല്ലിന്റെ ദീർഘകാലകടം 2015-16 ലെ ₹3,753.51 കോടിയിൽ നിന്ന് 318.72 ശതമാനം ഉയർന്ന് 2020-21-ൽ ₹15,716.79 കോടിയായി വർധിച്ചു, ഇത് പ്രധാന മായും ജീവനക്കാരുടെ പെൻഷൻ ബാധ്യത കാരണം ആയിരുന്നു.

ആകെയുള്ള എ ടി & സി നഷ്ടം കുറച്ചതിലൂടെയുള്ള നേട്ടം കെഎസ്ഇബിഎല്ലിന്റെ 2017-18, 2018-19 വർഷങ്ങളിലെ പ്രവർത്തന നഷ്ടം കുറയ്ക്കാൻ സഹായിച്ചുവെങ്കിലും 2020-21 കാലയളവിൽ ആ പ്രകടനം നിലനിർത്താൻ കെഎസ്ഇബിഎൽ-നു ആയില്ല. തിരഞ്ഞെടുത്ത ആർ എ പി ഡി ആർ പി പട്ടണങ്ങളിൽ എ ടി & സി നഷ്ടം കുറച്ചതിന്റെ നേട്ടം ദൃശ്യമായില്ല, കൂടാതെ ഇലക്ട്രിക്കൽ ഡിവിഷനുകളിലെ എ ടി & സി നഷ്ടം അളക്കാനും റിപ്പോർട്ടുചെയ്യാനുമുള്ള ഒരു സംവിധാനത്തിന്റെ അഭാവം ധാരണാപത്രത്തിൽ ഡിവിഷൻ തിരിച്ചുള്ള ലക്ഷ്യങ്ങൾ നിശ്ചയിച്ച പ്രവൃത്തി അർഥമില്ലാതെ ആക്കി. ജീവനക്കാരുടെ ചെലവുകൾ, വൈദ്യുതിവാങ്ങൽ, ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് ചെലവുകൾ എന്നിവയുടെ വർദ്ധനവ് കാരണം വൈദ്യുതിവിതരണ ചെലവും വരുമാനവും തമ്മിലുള്ള അന്തരം ഇല്ലാതാക്കാൻ കഴിഞ്ഞില്ല, ഉയർന്ന ചെലവ് കാരണം സ്മാർട്ട് മീറ്ററിംഗ് പ്രോജക്ട് നടപ്പിലാക്കിയില്ല.

അങ്ങനെ, ഉദയ് സ്കീം നടപ്പിലാക്കിയതുമൂലമുള്ള പ്രവർത്തനക്ഷമതയിലെ നേട്ടങ്ങൾ കെഎസ്ഇബിഎല്ലിനെ മെച്ചപ്പെട്ട സാമ്പത്തിക പ്രകടനത്തിലേക്ക് എത്തിച്ചില്ല. പദ്ധതിയുടെ സാമ്പത്തിക ഘടകം തിരഞ്ഞെടുക്കാത്തതിലൂടെ, കെഎസ്ഇബിഎൽ അതിന്റെ കുത്തനെയുള്ള നഷ്ടം തടയാനുള്ള അവസരം നഷ്ടപ്പെടുത്തി.

## ശുപാർശകൾ

**കേരള സർക്കാർ**

- ഭാവിയിൽ, സംസ്ഥാന സർക്കാർ സ്ഥാപനങ്ങളെ/ കമ്പനികളെ സാമ്പത്തികപരവും പ്രവർത്തനപരവുമായി ബാധിക്കുന്ന പദ്ധതികളെ പൂർണ്ണമായി വിശകലനം ചെയ്ത് എല്ലാ തരത്തിലും ഉള്ള ഗുണങ്ങൾ നേടിയെടുക്കുന്നു എന്ന് ഉറപ്പാക്കുക.

**കെഎസ്ഇബിഎൽ**

- ഭരണപരവും വൈദ്യുതി സംഭരണവുമായി ബന്ധപ്പെട്ടതുമായ ചെലവുകൾ വെട്ടിക്കുറയ്ക്കുന്നതിന് അനുയോജ്യമായ നടപടികൾ എടുക്കുക, കൂടാതെ വിഭവങ്ങൾ കാര്യക്ഷമമായി കൈകാര്യം ചെയ്തും എ ടി & സി നഷ്ടം ഇനിയും കുറച്ചുകൊണ്ടും ചെലവുകളുടെ വീണ്ടെടുക്കൽ ഉറപ്പാക്കുക.
- വൈദ്യുത ഡിവിഷനുകളിലെ എ ടി & സി നഷ്ടം അളക്കാൻ പ്രാപ്ത മാക്കുന്നതിനായി റിംഗ് ഫെൻസിംഗ് പ്രവൃത്തികളും വിവര ശേഖരണ ത്തിനും ഊർജ്ജ ഓഡിറ്റിങ്ങിനുമായി ഐടി മൊഡ്യൂളുകളുടെ വികസനവും വേഗത്തിലാക്കുക.

- എച്ച് ടി : എൽ ടി അനുപാതം മെച്ചപ്പെടുത്തുന്നതിന് നടപടികൾ കൈക്കൊള്ളുക, കൂടുതൽ സ്ഥലങ്ങളിൽ എച്ച്.വി.ഡി.എസ് നടപ്പിലാക്കുക, എല്ലാ ഉപഭോക്താക്കളുടെയും ജിഐഎസ് മാപ്പിംഗും ഇൻഡക്സിംഗും ഉറപ്പാക്കുക.
- വൈദ്യുതി വിതരണ പ്രവർത്തനങ്ങളുടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി സ്മാർട്ട് മീറ്ററിംഗ് നടപ്പിലാക്കുന്നത് പരിഗണിക്കുക.
- ഊർജ്ജ സംരക്ഷണത്തിൽ മികച്ച ഫലങ്ങൾ നേടുന്നതിന് ഡിഎസ്എം/എജി-ഡിഎസ്എം പദ്ധതിയും മറ്റ് ഊർജ്ജ കാര്യക്ഷമതാ പദ്ധതികളും നടപ്പിലാക്കുന്നതിനായി ബിഇഇ, ഇഇഎസ്എൽ എന്നിവയുമായി സഹകരിക്കുക.
- വർധിച്ചു വരുന്ന നഷ്ടങ്ങളുടെ കാരണങ്ങൾ വിശകലനം ചെയ്യുകയും അവ നിയന്ത്രണാതീതമാകുന്നതിന് മുൻപ് പരിഹരിക്കുകയും ചെയ്യുക.
- ജീവനക്കാരുടെ എണ്ണം യുക്തിപൂർവ്വം നിർണ്ണയിക്കുകയും ചെലവ് കാര്യക്ഷമവും സുസ്ഥിരവുമായ തലത്തിലേക്ക് കൊണ്ടുവരികയും ചെയ്യുക.

# അദ്ധ്യായം III

# നിരീക്ഷണവും വിലയിരുത്തലും

# അദ്ധ്യായം III

# നിരീക്ഷണവും വിലയിരുത്തലും

## നിരീക്ഷണം

**3.1** ഉദയ് ധാരണാപത്രത്തിന്റെ ക്ലോസുകൾ 1.2 (എഫ്), 1.2 (ജി) എന്നിവ പ്രകാരം ധാരണാപത്രത്തിൽ പറഞ്ഞിരിക്കുന്ന എല്ലാ പ്രവർത്തന ലക്ഷ്യങ്ങളും കൈവരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാൻ കേരളാസർക്കാർ ശ്രമിക്കണമെന്നും കെഎസ്ഇബിഎല്ലിന്റെ പ്രകടനത്തിന്റെ അവലോകനം സംസ്ഥാന സർക്കാർ തലത്തിൽ സംസ്ഥാന ധനകാര്യ പ്രതിനിധിയുടെ സാന്നിദ്ധ്യത്തിൽ പ്രതിമാസ അടിസ്ഥാനത്തിൽ നടത്തേണ്ടതുമാണ്.

**സംസ്ഥാന സർക്കാരിന്റെ കാര്യക്ഷമമല്ലാത്ത നിരീക്ഷണം**

**3.1.1** ഇന്ത്യ ഗവൺമെന്റിന്റെ ഊർജ്ജ മന്ത്രാലയത്തിന്റെ സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉദയ് മോണിറ്ററിംഗ് കമ്മിറ്റി (ഉദയ്-എംസി), ഉദയ് നടപ്പിലാക്കുന്നതിൽ സംസ്ഥാനങ്ങൾ/ കേന്ദ്രഭരണ പ്രദേശങ്ങൾ എന്നിവ കൈവരിച്ച പുരോഗതി ആനുകാലികമായി അവലോകനം ചെയ്തു. ഉദയ്-എംസിയുടെ നിർദ്ദേശാനുസരണം, ഉദയ് പദ്ധതിക്ക് കീഴിലുള്ള നിരീക്ഷണ ചട്ടക്കൂട് വികസിപ്പിക്കുന്നതിന് വേണ്ടി വൈദ്യുതിവകുപ്പിലെ അഡീഷണൽ ചീഫ് സെക്രട്ടറി ചെയർപേഴ്സണും മറ്റ് എട്ട് അംഗങ്ങളുമായി സംസ്ഥാനതല നിരീക്ഷണസമിതി (എസ്എൽഎംസി) കേരള സർക്കാർ സെപ്റ്റംബർ 2017ൽ രൂപീകരിച്ചു. ഉദയ് ധാരണാ പത്രം ഇത്തരമൊരു വ്യവസ്ഥ നിർബന്ധമാക്കിയിട്ടുണ്ടെങ്കിലും എസ്എൽഎംസിക്ക് സംസ്ഥാന ധനകാര്യ വകുപ്പിന്റെ പ്രതിനിധി ഇല്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. എസ്എൽഎംസിയുടെ ആദ്യ മീറ്റിംഗ് 2017 ഡിസംബറിൽ നടത്താൻ തീരുമാനിച്ചിരുന്നെങ്കിലും നടന്ന മീറ്റിംഗുകളും അതിന്റെ മിനിറ്റുകളും സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും പ്രോജക്ടുകളുടെയും ഫലപ്രദമായ നിരീക്ഷണത്തിനായി പ്രത്യേക ശ്രമങ്ങൾ നടക്കുന്നതായി ഫെബ്രുവരി 2022-ൽ കേരള സർക്കാർ മറുപടി നൽകി.

എന്നിരുന്നാലും, മുൻ അദ്ധ്യായത്തിൽ പ്രതിപാദിച്ച പോലെ ഇആർപി, സ്മാർട്ട്മീറ്ററിംഗ് സംവിധാനങ്ങൾ, ആർപിഒകൾ, എസിഎസ്എആർആർ വിടവ് ഇല്ലാതാക്കൽ എന്നിവയ്ക്കുള്ള ലക്ഷ്യങ്ങൾ കെഎസ്ഇബിഎൽ നേടിയില്ല എന്നത് ശ്രദ്ധേയമാണ്.

**ഉത്തരവാദിത്തം നിശ്ചയിക്കാതെ ഇരിക്കൽ**

**3.1.2** ഉദയ് ധാരണാപത്രത്തിന്റെ ക്ലോസ് 1.3(എച്ച്)(ii) ൽ, എ ടി & സി നഷ്ടം കുറയ്ക്കൽ, മീറ്ററിങ്/ബില്ലിംഗ്/പിരിച്ചെടുക്കൽ എന്നിവയുടെ കാര്യക്ഷമത മെച്ചപ്പെടുത്തൽ, എന്നീ മേഖലകളിൽ ചുമതലയുള്ള ഓരോ ഓഫീസർക്കും പ്രധാന പ്രകടന സൂചകങ്ങൾ രൂപപ്പെടുത്താമെന്നും. കെപിഐകൾ നേടുന്നതിലെ ഓരോ ഉദ്യോഗസ്ഥരുടെയും പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ പ്രോൽസാഹനം നൽകുകയോ പിഴ ഈടാക്കുകയോ ചെയ്യാം എന്നും കെഎസ്ഇബിഎൽ സമ്മതിച്ചിരുന്നു

ഉപഭോക്തൃ സേവനത്തിന്റെയും സേവനത്തിന്റെ ഗുണനിലവാരത്തിന്റെയും താഴെ പ്പറയുന്ന മേഖലകളിൽ കെഎസ്ഇബിഎൽ കെപിഐകൾ വികസിപ്പിച്ചെടുത്തുവെങ്കിലും കെപിഐകൾ അളക്കുന്നതിനും വിലയിരുത്തുന്നതിനുമുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കിയിട്ടില്ലായിരുന്നു. കെഎസ്ഇബിഎൽ വിഭാവനം ചെയ്ത കെപിഐകളിൽ നേടിയ നേട്ടം **പട്ടിക 6** കാണിക്കുന്നു.

## പട്ടിക 6: ഉദയ് പദ്ധതിക്കു മുൻപും ശേഷവും കെപിഐകളിൽ കൈവരിച്ച നേട്ടം

| കെപിഐ | നേട്ടം |
|---|---|
| ഉപഭോക്തൃ പരാതി പരിഹരിക്കൽ | ഉപഭോക്തൃ പരാതികളുടെ പരിഹാരം 2017-ൽ 94.49 ശതമാനത്തിൽ നിന്ന് 2021-ൽ 97.20 ശതമാനമായി മെച്ചപ്പെട്ടു |
| പുതിയ സേവന കണക്ഷനുകൾ നല്കൽ | പുതിയ സേവന കണക്ഷനുകളുടെ ശതമാനം 2017-ൽ 92.03-ൽ നിന്ന് 2021-ൽ 98.05 ആയി മെച്ചപ്പെട്ടു. |
| ഇ-പേയ്മെന്റ് സേവനം നടപ്പിലാക്കൽ | പേയ്മെന്റുകൾ സ്വീകരിക്കുന്നതിന് ഇലക്ട്രോണിക് മാർഗ്ഗങ്ങളുടെ ഉപയോഗം 2017-ൽ 6.31 ശതമാനത്തിൽ നിന്ന് 2021-ൽ 54.70 ശതമാനമായി വർദ്ധിച്ചു. |
| സുരക്ഷ വർദ്ധിപ്പിച്ച് അപകട മരണങ്ങൾ കുറയ്ക്കുക | അപകടങ്ങളുടെ എണ്ണത്തിൽ കുറവുണ്ടായില്ല, 2017-ൽ 41.63 ശതമാനവും 2021-ൽ 41.77 ശതമാനവും. |
| സിസ്റ്റം ആവറേജ് ഇന്ററപ്ഷൻ ഫ്രീക്വൻസി ഇൻഡക്സ് (എസ് എഐഎഫ്ഐ) | ഒരു വർഷത്തിൽ ഉപഭോക്താക്കൾ അനുഭവിക്കുന്ന ശരാശരി വൈദ്യുതി തടസ്സങ്ങൾ 2017-ൽ 7.51 മടങ്ങിൽ നിന്ന് 2021-ൽ 12.27 മടങ്ങായി വർദ്ധിച്ചു. |
| സിസ്റ്റം ആവറേജ് ഇന്ററപ്ഷൻ ഡ്യൂറേഷൻ ഇൻഡക്സ് (എസ് എഐഡിഐ) | ഒരു വർഷത്തിൽ ഉപഭോക്താക്കൾ അനുഭവിക്കുന്ന വൈദ്യുതി തടസ്സങ്ങളുടെ ശരാശരി ദൈർഘ്യം 2017-ൽ 61.77 മണിക്കൂറിൽ നിന്ന് 2021-ൽ 63.18 മണിക്കൂറായി വർദ്ധിച്ചു. |

*(സ്രോതസ്സ്: കെ.എസ്ഇബിഎൽ നൽകിയ വിവരങ്ങൾ)*

മേൽപ്പറഞ്ഞ പട്ടികയിൽ നിന്ന് കാണാൻ കഴിയുന്നത് പോലെ, ഉപഭോക്തൃ പരാതി പരിഹരിക്കുന്നതിലും, പുതിയ സേവന കണക്ഷനുകൾ നൽകുന്നതിലും, ഇ-പേയ്മെന്റ് സേവനം നടപ്പിലാക്കുന്നതിലും കെഎസ്ഇബിഎൽ അതിന്റെ പ്രകടനം മെച്ചപ്പെടുത്തി. എന്നാൽ, വിതരണ സംവിധാനത്തിലെ വൈദ്യുതി തടസ്സങ്ങൾ കുറയ്ക്കുന്നതിൽ അത് വിജയിച്ചില്ല.

മുകളിൽ പറഞ്ഞ കെപിഐ-കളുടെ വാർഷിക നേട്ടത്തിന്റെ അടിസ്ഥാനത്തിൽ കെഎസ്ഇബിഎൽ അതിന്റെ വിവിധ ഓഫീസുകളുടെ/യൂണിറ്റുകളുടെ പ്രകടനം വിലയിരുത്തിയതായി ഓഡിറ്റ് നിരീക്ഷിച്ചു. എന്നാൽ, കെപിഐകൾക്കുള്ള മാന ദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ലാത്തതിനാൽ, ഉദയ് ധാരണാപത്രത്തിൽ വിഭാവനം ചെയ്തിരിക്കുന്നതുപോലെ ഓഫീസുകളുടെയും ഓഫീസർമാരുടെയും പ്രകടനം വിലയിരുത്തി അവരെ പ്രോൽസാഹിപ്പിക്കുന്നതിനോ പിഴ ചുമത്തുന്നതിനോ കഴിഞ്ഞില്ല.

മഴ/കാറ്റ് എന്നിവയിൽ മരങ്ങൾ/കൊമ്പുകൾ വീണതുമൂലം വിതരണം തടസ്സപ്പെട്ടത് എസ്എഐഎഫ്ഐ മൂല്യം കുറയാൻ കാരണമായെന്നും അടുത്ത ബഹു-വാർഷിക പദ്ധതിയുടെയും നവീകരിച്ച വിതരണമേഖലാ പദ്ധതിയുടെയും ഭാഗമായി മൂടിയ കേബിളുകൾ, ഭൂഗർഭ കേബിളുകൾ, ഏരിയൽ ബഞ്ച്ഡ് കേബിളുകൾ എന്നിവ ഉപ യോഗിച്ച് എസ്എഐഎഫ്ഐ, എസ്എഐഡിഐ മൂല്യങ്ങൾ മെച്ചപ്പെടുത്തുമെന്നും കേരള സർക്കാർ മറുപടി നല്കി.

എന്നാൽ കെപിഐ-കൾ വഴി പ്രകടനം നിരീക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കേണ്ടതിന്റെ ആവശ്യകതയെകുറിച്ചും എ ടി & സി നഷ്ടം കുറയ്ക്കുന്നതിന് കെപിഐ-കൾ രൂപപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെകുറിച്ചും മറുപടി നിശബ്ദമാണ്.

**3.1.3** ഉദയ് ധാരണാപത്രത്തിന്റെ ക്ലോസ് 1.3(ഇ)(ii) പ്രകാരം കെഎസ്ഇബിഎൽ ഡിവിഷൻ/സർക്കിൾ/സോണൽ തലത്തിൽ നഷ്ടം കുറയ്ക്കുന്നതിനുള്ള ലക്ഷ്യങ്ങൾ തയ്യാറാക്കുകയും നഷ്ടം കുറയ്ക്കുന്നതിനുള്ള ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന്

ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുകയും വേണം. കൂടാതെ, ഡിവിഷൻ തിരിച്ചുള്ള ലക്ഷ്യങ്ങൾ ധാരണാ പത്രത്തിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട് (ധാരണാ പത്രത്തിലെ അനുബന്ധം എ). കെഎസ്ഇബിഎൽ ഇത് നടപ്പിലാക്കാൻ ഒരു കർമ്മ പദ്ധതിയും ആസൂത്രണം ചെയ്തിട്ടില്ല, എന്നാൽ ഇലക്ട്രിക്കൽ ഡിവിഷനുകളുടെ റിംഗ് ഫെൻസിങ് അപൂർണ്ണമായതിനാലും ഡാറ്റ അക്വിസിഷൻ മൊഡ്യൂളുകൾ ഇപ്പോഴും വികസിപ്പിച്ചുകൊണ്ടിരിക്കുന്നതിനാലും ഡിവിഷൻ തിരിച്ചുള്ള എ ടി & സി നഷ്ടം കണക്കാക്കുന്നത് പ്രായോഗികമല്ലെന്ന് പ്രസ്താവിച്ചു (ഏപ്രിൽ 2021). എ ടി & സി നഷ്ടങ്ങൾ ഡിവിഷൻ തിരിച്ച് കണക്കാക്കാത്തതിനാൽ, ഡിവിഷൻ തലത്തിലുള്ള ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തം നിശ്ചയിക്കുന്നത് സാധ്യമല്ലായിരുന്നു. ധാരണാ പത്രം അനുസരിച്ച്, ഡിവിഷൻ/സർക്കിൾ/സോണൽ തലങ്ങൾക്കുള്ള നഷ്ടം കുറയ്ക്കുന്നതിനുള്ള ലക്ഷ്യങ്ങൾ നിശ്ചയിക്കേണ്ടതുണ്ടായിരുന്നതിനാൽ കെഎസ്ഇബിഎല്ലിന്റെ മറുപടി സ്വീകാര്യമല്ല. ലക്ഷ്യം നേടാൻ കഴിയാതെവന്നാൽ അതിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന് ഉത്തരവാദിത്തം ഏൽപ്പിക്കാൻ ആ ഉദ്യോഗ സ്ഥർക്കായി കെപിഐകളൊന്നും രൂപപ്പെടുത്തിയിട്ടുണ്ടായിരുന്നില്ല. എ ടി & സി നഷ്ടം കുറയ്ക്കുന്നതിനുള്ള യോജിച്ച പ്രവർത്തനത്തിന്റെ അഭാവം ആണ് ഇത് സൂചിപ്പിക്കുന്നത്.

ഊർജ്ജമന്ത്രാലയം പ്രഖ്യാപിച്ച നവീകരിച്ച വിതരണമേഖല പദ്ധതിക്ക് കീഴിൽ ഡിവിഷൻ തിരിച്ചുള്ള നഷ്ടം കണക്കാക്കാൻ കൂടുതൽ ബോർഡർ മീറ്ററുകൾ സ്ഥാപി ക്കാൻ പദ്ധതിയിടുന്നതായി കേരള സർക്കാർ മറുപടി നൽകി (ഫെബ്രുവരി 2022).

**ഉപഭോക്താക്കളുടെ അപൂർണ്ണമായ സൂചികയും മാപ്പിംഗും**

**3.1.4** ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം (ജിഐഎസ്) അടിസ്ഥാനമാക്കിയുള്ള അസറ്റ് മാപ്പിംഗും ഉപഭോക്തൃസൂചികയും എല്ലാ ഇലക്ട്രിക്കൽ അസറ്റുകളുടെയും വൈദ്യുത കണക്റ്റിവിറ്റിയും ഭൂമിശാസ്ത്രപരമായ സ്ഥാനം തിരിച്ചറിയുകയും രജിസ്റ്റർചെയ്യുകയും വൈദ്യുതിവിതരണ ശൃംഖലയിലെ എല്ലാ ഉപഭോക്തൃ കണക്ഷനുൾ തിരിച്ചറിയുകയും ചെയ്യുന്നു. ഉദയ് പദ്ധതി അനുസരിച്ചു എല്ലാ ഡിസ്കോമുകളും 2018 സെപ്റ്റംബർ 30-നകം ഉപഭോക്തൃ സൂചികയും ജിഐഎസ് മാപ്പിംഗും പൂർത്തിയാക്കണമായിരുന്നു.

ആർ-എപിഡിആർപി ,ഐപിഡിഎസ് തുടങ്ങിയ പദ്ധതികൾക്ക് കീഴിൽ 2021 മാർച്ച് വരെ 252 (776-ൽ) ഇലക്ട്രിക്കൽ സെക്ഷനുകളിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ പോൾ-ലെവൽ കൺസ്യൂമർ സൂചികയും ജിഐഎസ് മാപ്പിംഗും പൂർത്തിയാക്കിയതായി കെഎസ്ഇബിഎൽ അറിയിച്ചു. ആർ-എപിഡിആർപി പട്ടണങ്ങളിലെ 32.47 ശതമാനം ഉപഭോക്താക്കളുടെ മാപ്പിംഗ് കെഎസ്ഇബിഎൽ പൂർത്തിയാക്കി, എന്നാൽ ഗ്രാമീണമേഖലയിലെ ഉപഭോക്താക്കളുടെ മാപ്പിംഗ് ഇനിയും ആരംഭിച്ചില്ല.

## വിലയിരുത്തൽ

**ദേശീയ സൂചകങ്ങൾക്കെതിരായ നേട്ടം**

**3.2** ഉദയ് പോർട്ടലിലെ ദേശീയ ഡാഷ്ബോർഡ് അനുസരിച്ചു (2021 മാർച്ച് 31 വരെ) ഉദയ് സൂചികകൾ കൈവരിക്കുന്നതിലെ പുരോഗതി/പ്രകടനം എന്നിവയുടെ അടിസ്ഥാനത്തിൽ ആകെ 32 സംസ്ഥാനങ്ങൾ/ കേന്ദ്ര ഭരണ പ്രദേശങ്ങളുടെ കൂട്ടത്തിൽ കേരളം നാലാം സ്ഥാനത്തും[38] 48 ഡിസ്കോമുകൾ/യൂട്ടിലിറ്റികളുടെ കൂട്ടത്തിൽ കെഎസ്ഇബിഎൽ 15-ാം സ്ഥാനത്തും ആണ്. കെഎസ്ഇബിഎൽ-ന്റെ ബില്ലിംഗ് കാര്യക്ഷമതയും ഊർജ്ജവിൽപ്പനയും 2020-21-ൽ മെച്ചപ്പെട്ടെങ്കിലും, മുൻ വർഷങ്ങളെ അപേക്ഷിച്ച് മൊത്തത്തിലുള്ള എ ടി & സി നഷ്ടത്തിലും എസിഎസ്-എആർആർ വിടവിലും വർദ്ധനവ് ഉണ്ടായിരുന്നു. 2020-21 സാമ്പത്തിക വർഷത്തിന്റെ

[38] 14 പ്രധാന സൂചകങ്ങളുടെ കാര്യത്തിൽ കൈവരിച്ച പുരോഗതിക്ക് എംഒപി നൽകിയ മാർക്കിന്റെ അടിസ്ഥാനത്തിൽ ഗുജറാത്ത്, കർണാടക, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളാണ് ആദ്യ മൂന്ന് സ്ഥാനങ്ങൾ വഹിച്ചത്.

അവസാനം ദേശീയ ബാരോമീറ്ററിനെതിരെ ഉള്ള കെഎസ്ഇബിഎല്ലിന്റെ പ്രകടനം **ചാർട്ട് 4**-ൽ കാണിച്ചിരിക്കുന്നു.

### ചാർട്ട് 4: 2021 മാർച്ച് 31-ലെ കെഎസ്ഇബിഎല്ലിന്റെ പ്രകടനം




മൊത്തത്തിലുള്ള എ ടി & സി നഷ്ടംകുറയ്ക്കൽ, ഗ്രാമീണ മേഖലയിൽ ഡിടി മീറ്ററിംഗ് നടപ്പിലാക്കൽ, ഫീഡർ മീറ്ററിംഗ്, കണക്ഷനില്ലാത്ത വീടുകളിലേക്കുള്ള വൈദ്യുതി ലഭ്യത, ഗ്രാമീണ ഫീഡർ ഓഡിറ്റ്, ഡിഇഎൽപി പദ്ധതിക്കു കീഴിൽ എൽഇഡി ബൾബുകളുടെ വിതരണം എന്നിവയിൽ കെഎസ്ഇബിഎൽ ദേശീയ ബാരോമീറ്ററിന്റെ ഒപ്പംഎത്തുകയോ മറികടക്കുകയോ ചെയ്തു. പ്രധാന പ്രവർത്തന പരമായ സൂചികകളിലെ പ്രകടനത്തെ അടിസ്ഥാനമാക്കി, ഊർജ്ജമന്ത്രാലയം കെഎസ്ഇബിഎല്ലിന് ജൂലൈ 2021 ൽ ശരാശരി പ്രകടനത്തെയും കൂടുതൽ പ്രകടനം മെച്ചപ്പെടുത്താനുള്ള സാധ്യതയും സൂചിപ്പിക്കുന്ന 'ബി+' റേറ്റിംഗ് നൽകി.[39]

## ഉപസംഹാരം

വിവിധ പദ്ധതികൾ/പരിപാടികൾ നടപ്പിലാക്കുന്നതിലെ പുരോഗതി വിലയിരുത്താൻ എസ്എൽഎംസിയുടെ പതിവ് യോഗങ്ങൾ ഇല്ലാത്തതിനാൽ കെഎസ്ഇബിഎല്ലിന്റെ പ്രകടനത്തിന്റെ നിരീക്ഷണം കാര്യക്ഷമമല്ലായിരുന്നു. കെഎസ്ഇബിഎൽ എ ടി & സി നഷ്ടം കുറയ്ക്കുന്നതിന് കെപിഐ-കൾ രൂപകൽപന ചെയ്യുകയോ നിലവിലുള്ളതിന് മാനദണ്ഡങ്ങൾ നിശ്ചയിക്കുകയോ ചെയ്തില്ല. എസിഎസ്-എആർആർ വിടവ് ഇല്ലാതാക്കുന്നതിനും സ്മാർട്ട് മീറ്ററിംഗ്, ഊർജ്ജസംരക്ഷണ പരിപാടികൾ നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ കൈക്കൊണ്ടുകൊണ്ട് പ്രകടനം മെച്ചപ്പെടുത്തുന്നതിനുള്ള സാധ്യതകൾ ഉണ്ടായിരുന്നു.

## ശുപാർശ

വിവിധ സർക്കാർ പദ്ധതികൾക്ക്/ പരിപാടികൾക്ക് കീഴിൽ കെഎസ്ഇബിഎൽ ഏറ്റെടുത്തിരിക്കുന്ന പ്രധാന പദ്ധതികളുടെയും/ പ്രവൃത്തികളുടെയും പുരോഗതി ആനുകാലികമായി നിരീക്ഷിക്കുക.

[39] 50-നും 65-നും ഇടയിൽ സ്കോറുള്ള ഡിസ്കോമുകളെ അവയുടെ നിലവിലെ പ്രകടന നിലവാരത്തിന്റെയും പ്രവർത്തനപരവും പരിഷ്ക്കരണപരവുമായ സൂചികകൾ (43 ശതമാനം വെയ്റ്റേജ്), സാമ്പത്തിക സൂചികകൾ (42 ശതമാനം വെയ്റ്റേജ്), ബാഹ്യ സൂചികകൾ (15 ശതമാനം വെയിറ്റേജ്) എന്നിവയിലെ ആപേക്ഷിക മെച്ചപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ 'ബി+' എന്ന് റേറ്റു ചെയ്തു.

# അദ്ധ്യായം IV

## ഉപസംഹാരവും ശുപാർശകളും

# അദ്ധ്യായം IV

# ഉപസംഹാരവും ശുപാർശകളും

## ഉപസംഹാരം

നിലവിലുള്ള കടങ്ങളുടെ പ്രശ്നത്തിന് സുസ്ഥിരമായ പരിഹാരം ഉറപ്പാക്കുന്നതിനും വൈദ്യുതി ഉൽപ്പാദനം, പ്രസരണം, വിതരണം കൂടാതെ ഊർജ്ജ കാര്യക്ഷമത എന്നീ മേഖലകളിലെ പരിഷ്കാരങ്ങളിലൂടെ ഡിസ്കോമുകളുടെ ഭാവിയിലെ നഷ്ടം പരിഹരിക്കുന്നതിനുമാണ് ഭാരത സർക്കാർ ഉദയ് പദ്ധതി ആരംഭിച്ചത്. ഡിസ്കോമുകളുടെ കടം സംസ്ഥാന സർക്കാരുകൾ ഏറ്റെടുക്കുന്നതിലൂടെ അവരുടെ സാമ്പത്തിക വഴിത്തിരിവ് സാധ്യമാക്കുക എന്നതായിരുന്നു ഉദയ് പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം.

എന്നാൽ, കേരള സർക്കാരും കെഎസ്ഇബിഎല്ലും ഉദയ് പദ്ധതിക്കായി ധാരണാപത്രം നടപ്പിലാക്കിയത് സാമ്പത്തിക വഴിത്തിരിവ് കൈവരിക്കുന്നതിനായിരുന്നില്ല പകരം പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുന്നതിന് വേണ്ടി മാത്രമായിരുന്നു. കെഎസ്ഇബി എല്ലിന്റെ ദീർഘകാലകടം 2015-16 ലെ ₹3,753.51 കോടിയിൽ നിന്ന് 318.72 ശതമാനം വർധിച്ചു 2020-21-ൽ ₹15,716.79 കോടിയായി, ഇതിന് പ്രധാന കാരണം ജീവനക്കാരുടെ പെൻഷൻ ബാധ്യതയായിരുന്നു. ഉദയ് ധാരണാ പത്രത്തിൽ സാമ്പത്തിക വഴിത്തിരിവിനായുള്ള കാര്യങ്ങൾ ഉൾപ്പെടുത്താതത്തിനാൽ കെഎസ്ഇബിഎല്ലിന്റെ കടം കേരളാസർക്കാർ ഏറ്റെടുത്തില്ല.

ജീവനക്കാരുടെ ആനുകൂല്യങ്ങൾക്കും വൈദ്യുതി വാങ്ങലിനുമായി കെഎസ്ഇബിഎൽ ചെലവാക്കിയ തുക 2015-21-ൽ ഗണ്യമായി വർധിച്ചുവെങ്കിലും 2017-18-ലെ കണക്കുകൾ ട്രൂയിംഗ് അപ്പ് ചെയ്യുന്നതിനുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനിടെ 6,367 ജീവനക്കാരുടെ ശമ്പളത്തിനും അലവൻസുകൾക്കുമായി കെഎസ്ഇബിഎൽ ക്ലെയിം ചെയ്ത തുക കെഎസ്ഇആർസി നിരാകരിച്ചതിനാൽ അത് താരിഫ് വഴി പൂർണ്ണമായി വീണ്ടെടുക്കാൻ കഴിഞ്ഞില്ല. പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുന്നതിനു വേണ്ടി മാത്രം ഉദയ് ധാരണാപത്രത്തിൽ ഒപ്പ് വച്ചതിനാൽ കെഎസ്ഇബിഎൽ-ന്റെ കടം സർക്കാർ ഏറ്റെടുക്കാതെ പോവുകയും പദ്ധതിയുടെ ഉദ്ദേശിച്ച പ്രയോജനം കെഎസ്ഇബിഎൽ-നു ലഭിക്കാതെയാകുകയും ചെയ്തു.

കെഎസ്ഇബിഎൽ, ഉദയ് പദ്ധതിക്കു കീഴിൽ സ്വയം പ്രതിജ്ഞാബദ്ധമാക്കിയ എ ടി & സി നഷ്ടങ്ങളുടെ കാര്യത്തിൽ പ്രധാന പ്രവർത്തന സൂചികകൾ കൈവരിച്ചുവെങ്കിലും എ ടി & സി നഷ്ടം കുറയ്ക്കുന്നതിന്റെ നേട്ടം ഉദയ് പദ്ധതി കാലയളവിന് ശേഷം നിലനിർത്താനായില്ല. ഇലക്ട്രിക്കൽ ഡിവിഷനുകളിൽ എ ടി & സി നഷ്ടം അളക്കാനും റിപ്പോർട്ട് ചെയ്യാനും സംവിധാനം ഇല്ലാതിരുന്നപ്പോൾ നഷ്ടം അളക്കാൻ സാധിച്ച തിരഞ്ഞെടുത്ത ആർ-എപിഡിആർപി പട്ടണങ്ങളിൽ എ ടി & സി നഷ്ടം കുറയ്ക്കുന്നതിൽ ശ്രദ്ധേയമായ പ്രകടനം കാഴ്ചവക്കാൻ കെഎസ്ഇബിഎല്ലിനു കഴിഞ്ഞില്ല. വിതരണശൃംഖല ശക്തിപ്പെടുത്തലും ഡിടി മീറ്ററിംഗ് ജോലികളും ഉദയ് പദ്ധതി കാലയളവിന് ശേഷം നന്നായി പുരോഗമിച്ചു, കൂടാതെ വീടുകളുടെ സമ്പൂർണ്ണ വൈദ്യുതീകരണത്തിലും ഉപഭോക്താക്കൾക്ക് എൽഇഡി ബൾബുകളുടെ വിതരണത്തിലും ഗണ്യമായ മുന്നേറ്റമുണ്ടായി.

ജീവനക്കാരുടെ ചെലവുകൾ, വൈദ്യുതിവാങ്ങൽ ചെലവ്, ഒ & എം ചെലവുകൾ എന്നിവയിലെ വർദ്ധനവ് കാരണം എസിഎസ് - എആർആർ വിടവ് ഉദയ് കാലയളവിന് ശേഷമുള്ള കാലയളവിലും വർദ്ധിച്ചുകൊണ്ടിരുന്നു, ഇത് മൊത്തത്തിലുള്ള ഉപഭോക്തൃ മീറ്ററിംഗിന്റെയും മതിയായ വൈദ്യുതി വിതരണത്തിന്റെയും നേട്ടങ്ങളെ ഇല്ലാതെയാക്കി. വൈദ്യുതി വിതരണ ചെലവും വരുമാനവും തമ്മിലുള്ള അന്തരം ഇല്ലാതാക്കാൻ കെ.എസ്.ഇ.ബി.എല്ലിനു കഴിയാഞ്ഞതിനാൽ അത് അതിന്റെ

സാമ്പത്തിക പ്രകടനത്തെ ബാധിച്ചു. ധനലഭ്യതക്കുറവ് കാരണം സ്മാർട്ട് മീറ്ററിംഗ് നടപ്പാക്കൽ, ഇലക്ട്രിക്കൽ ഡിവിഷനുകളുടെ റിംഗ് ഫെൻസിങ് എന്നിവ ചെയ്യാൻ കഴിയാഞ്ഞതിനാൽ സാങ്കേതികവിദ്യാധിഷ്ഠിത പ്രക്രിയകളുടെയും ഓട്ടോമേഷൻ കൊണ്ടുള്ളതുമായ നേട്ടങ്ങൾ കെഎസ്ഇബിഎല്ലിന് കിട്ടാതെ പോയി. പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുന്നതിനുള്ള എല്ലാ പ്രധാന പദ്ധതികളും/ പ്രവർത്തനങ്ങളും മറ്റ് സ്കീമുകളായ ആർ-എപിഡിആർപി,ഐപിഡിഎസ്, ഡിഡിയുജിജെവൈ മുതലായ സ്കീമുകൾക്ക് കീഴിൽ നടപ്പിലാക്കിയ തിനാൽ ഉദയ് പദ്ധതിക്കു കീഴിലുള്ള മിക്ക പ്രകടന സൂചകങ്ങളും കൈവരിക്കാൻ കെഎസ്ഇബിഎൽ-നു കഴിഞ്ഞു.

അങ്ങനെ, ഉദയ് ധാരണാപത്രത്തിൽ വിഭാവനം ചെയ്തിട്ടുള്ള ചില പ്രവർത്തന സൂചകങ്ങൾ കെഎസ്ഇബിഎൽ നേടിയെങ്കിലും, കെഎസ്ഇബിഎൽ-ന്റെ സാമ്പത്തികവും പ്രവർത്തനപരവുമായ പ്രകടനം മെച്ചപ്പെടുത്തുന്നതിൽ ഉദയ് പദ്ധതിക്കു ആഴത്തിലുള്ള സ്വാധീനം ചെലുത്താനായില്ല. സാമ്പത്തിക വഴിത്തിരിവിനുള്ള പ്രവർത്തനങ്ങൾ തിരഞ്ഞെടുക്കാത്തതിനാൽ, കെഎസ്ഇബിഎല്ലിന് സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താനുള്ള അവസരം നഷ്ടമായി.

## ശുപാർശകൾ

ഭാരത സർക്കാരിന്റെ സ്കീമുകളുടെ ഉദ്ദേശിച്ച പ്രയോജനം സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ/കമ്പനികൾക്ക് പൂർണ്ണമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ കേരള സർക്കാർ

- ഭാവിയിൽ, സംസ്ഥാന സർക്കാർ സ്ഥാപനങ്ങളെ/ കമ്പനികളെ സാമ്പത്തികപരവും പ്രവർത്തനപരവുമായി ബാധിക്കുന്ന പദ്ധതികളെ പൂർണ്ണമായി വിശകലനം ചെയ്ത് എല്ലാ തരത്തിലും ഉള്ള ഗുണങ്ങൾ നേടിയെടുക്കുന്നു എന്ന് ഉറപ്പാക്കുക.
- വിവിധ പദ്ധതികൾക്ക്/ പരിപാടികൾക്ക് കീഴിൽ ഏറ്റെടുത്തിരിക്കുന്ന പ്രധാന പദ്ധതികളുടെയും/ പ്രവൃത്തികളുടെയും പുരോഗതി ആനുകാലികമായി നിരീക്ഷിക്കുക.

പ്രവർത്തന ക്ഷമതയും സാമ്പത്തിക പ്രകടനവും മെച്ചപ്പെടുത്തുന്നതിന്, കെഎസ്ഇബിഎൽ

- ഭരണപരവും വൈദ്യുതി സംഭരണവുമായി ബന്ധപ്പെട്ടതുമായ ചെലവുകൾ വെട്ടിക്കുറയ്ക്കുന്നതിന് അനുയോജ്യമായ നടപടികൾ എടുക്കുക, കൂടാതെ വിഭവങ്ങൾ കാര്യക്ഷമമായി കൈകാര്യം ചെയ്തും എ ടി & സി നഷ്ടം ഇനിയും കുറച്ചുകൊണ്ടും ചെലവുകളുടെ വീണ്ടെടുക്കൽ ഉറപ്പാക്കുക.
- വൈദ്യുത ഡിവിഷനുകളിലെ എ ടി & സി നഷ്ടം അളക്കാൻ പ്രാപ്തമാക്കുന്നതിനായി റിംഗ് ഫെൻസിംഗ് പ്രവൃത്തികളും വിവര ശേഖരണത്തിനും ഊർജ്ജ ഓഡിറ്റിങ്ങിനുമായി ഐടി മൊഡ്യൂളുകളുടെ വികസനവും വേഗത്തിലാക്കുക.
- എച്ച് ടി : എൽ ടി അനുപാതം മെച്ചപ്പെടുത്തുന്നതിന് നടപടികൾ കൈക്കൊള്ളുക, കൂടുതൽ സ്ഥലങ്ങളിൽ എച്ച്.വി.ഡി.എസ് നടപ്പിലാക്കുക, എല്ലാ ഉപഭോക്താക്കളുടെയും ജിഐഎസ് മാപ്പിംഗും ഇൻഡക്സിംഗും ഉറപ്പാക്കുക, മാനദണ്ഡങ്ങളോടെ കെപിഐ-കൾ രൂപപ്പെടുത്തുക.
- വൈദ്യുതി വിതരണ പ്രവർത്തനങ്ങളുടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി സ്മാർട്ട് മീറ്ററിംഗ് നടപ്പിലാക്കുന്നത് പരിഗണിക്കുക.

- ഊർജ്ജ സംരക്ഷണത്തിൽ മികച്ച ഫലങ്ങൾ നേടുന്നതിന് ഡിഎസ്എം/എജി-ഡിഎസ്എം പദ്ധതിയും മറ്റ് ഊർജ്ജ കാര്യക്ഷമതാ പദ്ധതികളും നടപ്പിലാക്കുന്നതിനായി ബിഇഇ, ഇഇഎസ്എൽ എന്നിവയുമായി സഹകരിക്കുക.
- വർധിച്ചു വരുന്ന നഷ്ടങ്ങളുടെ കാരണങ്ങൾ വിശകലനം ചെയ്യുകയും അവ നിയന്ത്രണാതീതമാകുന്നതിന് മുൻപ് പരിഹരിക്കുകയും ചെയ്യുക.
- ജീവനക്കാരുടെ എണ്ണം യുക്തിപൂർവ്വം നിർണ്ണയിക്കുകയും ചെലവ് കാര്യക്ഷമവും സുസ്ഥിരവുമായ തലത്തിലേക്ക് കൊണ്ടുവരികയും ചെയ്യുക.

**തിരുവനന്തപുരം,** **(ഡോ. ബിജു ജേക്കബ്)**
**തീയതി 29 ജൂലൈ 2022** **പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II), കേരള**

**മേലൊപ്പിട്ടത്**

**ന്യൂഡൽഹി,** **(ഗിരീഷ് ചന്ദ്ര മുർമു)**
**തീയതി 17 ഓഗസ്റ്റ് 2022** **കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ**

# അനുബന്ധങ്ങൾ

# അനുബന്ധം 1

*(ഖണ്ഡിക 2.3-ൽ പരാമർശിച്ചിരിക്കുന്നു)*

## 2015-21 കാലയളവിൽ കെഎസ്ഇബിഎൽ-ന്റെ സാമ്പത്തിക പ്രകടനം

(₹കോടിയിൽ)

| വിവരണം | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 |
|---|---|---|---|---|---|---|
| പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം | 10,914.44 | 11,218.82 | 12,318.17 | 13,837.02 | 14,644.44 | 14,420.63 |
| മറ്റ് വരുമാനം | 316.03 | 400.78 | 347.28 | 152.86 | 210.16 | 748.76 |
| **മൊത്തം വരുമാനം** | **11,230.47** | **11619.60** | **12,665.45** | **13,989.88** | **14,854.60** | **15,169.39** |
| വൈദ്യുതി വാങ്ങൽ | 6,494.91 | 7,393.32 | 7,526.03 | 7,873.39 | 8,680.00 | 8,057.93 |
| വൈദ്യുതി ഉത്പാദനം | 104.26 | 23.45 | 2.08 | 3.28 | 5.71 | 4.80 |
| ജീവനക്കാരുടെ ആനുകൂല്യ ചെലവുകൾ | 3,104.55 | 3,360.77 | 2,638.06 | 2,912.88 | 3,047.48 | 5,153.17 |
| മറ്റ് ചെലവുകൾ | 2,223.71 | 23,36.69 | 3,283.37 | 3,319.06 | 3,362.36 | 3,757.23 |
| **മൊത്തം ചെലവ്** | **11,927.43** | **13,114.23** | **13,449.54** | **14,108.61** | **15,095.55** | **16,973.13** |
| അസാധാരണമായ ഇനങ്ങൾ | 0 | 0 | 0 | 15.95 | 28.60 | 18.61 |
| **ലാഭം/(നഷ്ടം)*** | **(696.96)** | **(1,494.63)** | **(784.09)** | **(134.68)** | **(269.55)** | **(1,822.35)** |

*ന്യായവില നിർണ്ണയത്തിലെ മാറ്റങ്ങളും മറ്റ് ക്രമീകരണങ്ങളും ഉൾപ്പെടുന്നു

*(സ്രോതസ്സ്: കെ.എസ്.ഇ.ബി.എൽ.-ന്റെ ഓഡിറ്റ് ചെയ്യപ്പെട്ട വാർഷിക കണക്കുകൾ)*

# അനുബന്ധം 2

*(ഖണ്ഡിക 2.6.3–ൽ പരാമർശിച്ചിരിക്കുന്നു)*

**തെരഞ്ഞെടുത്ത 12 ആർ – എ.പി.ഡി.ആർ.പി. പട്ടണങ്ങളുടെ 2017–21 കാലയളവിലെ എ ടി & സി നഷ്ടവും ബില്ലിംഗ്, കളക്ഷൻ കാര്യക്ഷമതയും**

| ക്രമ നം. | ആർ – എ.പി.ഡി. ആർ.പി. ടൗൺ | എ.ടി. &സി നഷ്ടം (ശതമാനം) | | | | ബില്ലിംഗ് കാര്യക്ഷമത (ശതമാനം) | | | | ബില്ലിംഗ് കാര്യക്ഷമത (ശതമാനം) | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 2017-18 | 2018-19 | 2019-20 | 2020-21 | 2017-18 | 2018-19 | 2019-20 | 2020-21 | 2017-18 | 2018-19 | 2019-20 | 2020-21 |
| 1 | തിരുവനന്തപുരം | 97.57 | -5.11 | 13.44 | 14.41 | 2.45 | **106.05** | 87.68 | 90.07 | 99.17 | **99.11** | **98.73** | 95.03 |
| 2 | എറണാകുളം/കൊച്ചി | 98.65 | 23.39 | 30.98 | 17.00 | 1.35 | 77.17 | 69.92 | 89.94 | 99.78 | **99.27** | **98.71** | 92.29 |
| 3 | കൊല്ലം | 95.20 | 14.91 | 11.98 | 13.64 | 4.88 | 86.28 | 89.05 | **90.53** | 99.27 | 98.62 | **98.85** | 95.39 |
| 4 | പറവൂർ | 12.38 | 14.28 | 11.12 | 13.55 | 88.28 | 86.88 | 90.14 | **90.21** | 99.24 | 98.66 | 98.61 | 95.84 |
| 5 | കൊയിലാണ്ടി | 3.06 | 19.42 | **9.55** | 13.95 | 97.11 | 81.52 | **90.69** | 89.16 | 99.82 | **98.84** | **99.73** | 96.51 |
| 6 | പുനലൂർ | 26.40 | **9.85** | 35.34 | 24.46 | 83.40 | **91.62** | **90.84** | **90.38** | 88.25 | 98.39 | 71.19 | 83.58 |
| 7 | പാലക്കാട് | 99.71 | 13.30 | 12.10 | 12.38 | 0.30 | 87.78 | **90.56** | **91.34** | 97.94 | **98.77** | 97.07 | 95.93 |
| 8 | തൊടുപുഴ | 40.70 | **10.98** | **8.39** | 14.75 | 61.55 | **90.68** | **96.13** | **91.87** | 96.34 | 98.17 | 95.30 | 92.79 |
| 9 | ഒറ്റപ്പാലം | 10.75 | **7.11** | **10.91** | 14.74 | 90.79 | **94.40** | **92.15** | **91.61** | 98.30 | 98.40 | 96.69 | 93.08 |
| 10 | താളിപറമ്പ | 7.29 | **10.90** | 11.69 | 14.25 | 92.96 | 90.04 | 88.74 | 88.60 | 99.73 | **98.96** | **99.51** | 96.78 |
| 11 | തിരുവല്ല | 11.73 | **8.39** | 12.08 | 13.17 | 91.71 | **92.78** | **91.42** | **91.38** | 96.26 | **98.73** | 96.17 | 95.02 |
| 12 | മട്ടന്നൂർ | 36.86 | 18.14 | 42.31 | 27.94 | 80.68 | 82.64 | 84.59 | 88.91 | 78.26 | **99.05** | 68.20 | 81.05 |
| | ഡിസ്കോമിന്റെ ലക്ഷ്യം (ഉദയ് ധാരണാപത്രം പ്രകാരം | | **11.00 →** | | | | **90.17 →** | | | | **98.70 →** | | |

*(സ്രോതസ്സ്: ഉദയ് ധാരണാപത്രവും കെഎസ്ഇബിഎൽ നൽകിയ വിവരങ്ങളും)*

# പ്രധാന പദങ്ങളുടെയും നിർവ്വചനങ്ങളുടെയും സഞ്ചലനം

# പ്രധാന പദങ്ങളുടെയും നിർവ്വചനങ്ങളുടെയും സഞ്ചലനം

| | |
|---|---|
| മൊത്തം വരുമാന ആവശ്യകത | അനുവദനീയമായ ചെലവുകളും വിതരണ ബിസിനസ്സിന്റെ/ലൈസൻസിയുടെ ഇക്വിറ്റി ഓഹരിമൂലധനത്തിൻമേലുള്ള/അറ്റ ആസ്തിയിന്മേലുള്ള ആദായം താരിഫിലൂടെ തിരിച്ചു പിടിക്കുന്നതാണ് വാർഷികവരുമാന ആവശ്യകത. |
| മൊത്തം സാങ്കേതിക & വാണിജ്യ (എടി&സി) നഷ്ടം | വിതരണ ശൃംഖലയിൽ സംഭവിക്കുന്ന വൈദ്യുതിയുടെ സാങ്കേതികവും വാണിജ്യപരവുമായ മൊത്തം നഷ്ടത്തിന്റെ അളവ്. സാങ്കേതിക നഷ്ടം എന്നത് വൈദ്യുതോർജ്ജ വിതരണത്തിൽ അന്തർലീനമായ നെറ്റ് വർക്ക് നഷ്ടത്തെ സൂചിപ്പിക്കുന്നു, കൂടാതെ കണ്ടക്ടറുകൾ, ട്രാൻസ്ഫോർമറുകൾ, സ്വിച്ച് ഗിയറുകൾ, മെഷർമെന്റ് സിസ്റ്റം എന്നിവയിലെ നഷ്ടങ്ങളും ഉൾപ്പെടുന്നു. വൈദ്യുതിമോഷണം, മീറ്ററിംഗ് പോരായ്മകൾ, ബില്ലിംഗ്, ശേഖരണ സംവിധാനത്തിലെ തുടങ്ങിയ ബാഹ്യ ഘടകങ്ങൾ മൂലമുണ്ടാകുന്ന ഊർജ്ജനഷ്ടത്തെ ആണ് വാണിജ്യനഷ്ടം പ്രതിനിധീകരിക്കുന്നത്. |
| വിതരണത്തിന്റെ ശരാശരി ചെലവ് (എ.സി.എസ്) | മൊത്തം ചെലവിന്റെയും (വൈദ്യുതി ഉൽപാദനച്ചെലവ്, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ, പലിശയിനത്തിലെ ചെലവുകൾ, നാണയപ്പെരുപ്പം മുതലായവ ഉൾപ്പെടെ) മൊത്തം ഇൻപുട്ട് എനർജ്ജിയുടെയും (പ്രസരണനഷ്ടം, വ്യാപാരം ചെയ്തത്, വിറ്റത് എന്നിവ ഒഴികെ) അനുപാതം |
| നേടിയെടുത്ത ശരാശരി വരുമാനം (എ.ആർ.ആർ.) | വൈദ്യുതി വിൽപ്പനയിൽ നിന്നും മറ്റ് വരുമാനത്തിൽ നിന്നും ലഭിക്കുന്ന വരുമാനത്തിന്റെയും, മൊത്തം ഇൻപുട്ട് ഊർജ്ജത്തിന്റെയും അനുപാതം. |
| കാരിയിംഗ് കോസ്റ്റ് | വരുമാന വിടവ് നികത്തുന്നതിനായി ഡിസ്കോം പണം ലഭ്യമാക്കിയതിന് വന്ന ചെലവ്. |
| ഉപഭോക്തൃ സൂചികവത്കരണം | വൈദ്യുത ശൃംഖലയിലെ ഉപഭോക്താക്കളെ തിരിച്ചറിയുകയും ക്രോഡീകരിക്കുകയും നെറ്റ്വർക്ക് അസറ്റുകളുമായി ബന്ധപ്പെടുത്തുകയും ചെയ്യുക. |
| ഡിമാൻഡ് സൈഡ് മാനേജ്മെന്റ് (ഡി.എസ്.എം.) | ഉപഭോക്താക്കളെ അവരുടെ വൈദ്യുതി ഉപഭോഗ ശീലങ്ങളിൽ മാറ്റം വരുത്തുന്നതിനും വൈദ്യുതി കൂടുതൽ കാര്യക്ഷമമായി ഉപയോഗിക്കാൻ സഹായിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളുടെ ആസൂത്രണം, നടപ്പാക്കൽ, നിരീക്ഷണം എന്നിവ ഉൾപ്പെടുന്നു. |
| വിതരണ ട്രാൻസ്ഫോർമർ (ഡി.ടി.) | ഉപഭോക്താവ് ഉപയോഗിക്കുന്ന തലത്തിലേക്ക് വോൾട്ടേജ് കുറയ്ക്കുന്നതിന് വിതരണ സംവിധാനത്തിലെ അവസാന വോൾട്ടേജ് പരിവർത്തനം |
| ഈടാക്കുന്ന ചാർജ്ജുകളിൽ നിന്ന് പ്രതീക്ഷിക്കുന്ന വരുമാനം (ഇ.ആർ.സി.) | നിലവിലുള്ള താരിഫിന്റെ അടിസ്ഥാനത്തിൽ അനുമാനിക്കുന്ന വരുമാനം. ഏ.ആർ.ആർ., ഇ.ആർ.സി.യെ അധികരിച്ചാൽ, മറ്റ് മാർഗങ്ങളിലൂടെ വിടവ് നികത്താൻ കഴിയുന്നില്ലെങ്കിൽ, താരിഫ് പരിഷ്കരണം അനുവദിച്ചേക്കാം. |

| | |
|---|---|
| ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം (ജിഐഎസ്) | ഉപഭോക്താവിന്റെയും ശൃംഖലയുടെയും ജിയോ റഫറൻസ് ചെയ്ത ഭൂപടങ്ങൾ വികസിപ്പിക്കുന്നതിനുള്ള ഒരു ഉപാധി. ഇത്, നെറ്റ്‌വർക്ക് ആസൂത്രണം ചെയ്യുന്നതിനും ഉപഭോക്താക്കൾക്ക് മികച്ച സേവനങ്ങൾ നൽകുന്നതിനും സഹായിക്കുന്നു. |
| എച്ച് ടി: എൽ ടി അനുപാതം | ഒരു വിതരണ ശൃംഖലയിലെ ഹൈ ടെൻഷൻ ലൈനുകളുടെ നീളവും ലോ ടെൻഷൻ ലൈനുകളുടെ നീളവും തമ്മിലുള്ള അനുപാതം. |
| ഹൈ ടെൻഷൻ (എച്ച്.ടി.) ഉപഭോക്താവ് | കെഎസ്ഇബിഎൽ ഉയർന്ന വോൾട്ടേജിൽ (33000 വോൾട്ടിൽ കൂടാത്ത, എന്നാൽ,650 വോൾട്ട് വോൾട്ടിൽ കൂടുതൽ) വൈദ്യുതോർജ്ജം നൽകുന്ന ഒരു ഉപഭോക്താവ് |
| ഹൈ വോൾട്ടേജ് വിതരണ സംവിധാനം (എച്ച്‌വിഡിഎസ്) | വൈദ്യുത വിതരണത്തിന്റെ ഗുണനിലവാരം (വോൾട്ടേജ് പ്രൊഫൈൽ) മെച്ചപ്പെടുത്തുന്നതിനും നഷ്ടം കുറയ്ക്കുന്നതിനും 11 കെവി ലൈനുകൾ ലോഡ് സെന്റർ വരെ അല്ലെങ്കിൽ ആവുന്നത്ര അടുത്തേക്ക് നീട്ടി 10 kVA മുതൽ 100 kVA വരെയുള്ള ചെറിയ വലിപ്പത്തിലുള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുച്ചു (ലോഡ് ആവശ്യകതയെ ആശ്രയിച്ച്) ഉപഭോക്താക്കൾക്ക് വൈദ്യുതി വിതരണം ചെയ്യുന്ന രീതി. |
| ജല വൈദ്യുതി | ചലിക്കുന്ന ജലത്തിന്റെ ശക്തി ഉപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്ന പുനരുപയോഗ ഊർജത്തിന്റെ ഒരു രൂപം |
| പ്രധാന പ്രകടന സൂചകങ്ങൾ (കെ.പി.ഐ.-കൾ) | എന്റിറ്റികൾ, യൂണിറ്റുകൾ/ ടീമുകൾ കൂടാതെ/ അല്ലെങ്കിൽ ജീവനക്കാരുടെ പ്രവർത്തനപരവും സാമ്പത്തികവുമായ പ്രകടനം അളക്കാൻ ഉപയോഗിക്കുന്ന മാന ദണ്ഡങ്ങൾ അല്ലെങ്കിൽ അളവുകോലുകൾ. മേൽനോട്ടം വഹിക്കുന്നവർക്കും ലൈൻ മാനേജർമാർക്കും ആവശ്യമായ വിവരങ്ങൾ നൽകാനും മെച്ചപ്പെടുത്തൽ പ്രോഗ്രാമുകളുടെ പുരോഗതി നിരീക്ഷിക്കാൻ മാനേജ്മെന്റിനെ അനുവദിക്കാനും അവ ഉപയോഗിക്കുന്നു. |
| ലോ ടെൻഷൻ (എൽ.ടി) ഉപഭോക്താവ് | കുറഞ്ഞ വോൾട്ടേജിൽ (250 വോൾട്ടിൽ കൂടാതെ) അല്ലെങ്കിൽ ഇടത്തരം വോൾട്ടേജിൽ (250 വോൾട്ടിൽ കൂടുതലും എന്നാൽ 650 വോൾട്ടിൽ കൂടാത്തതും) വൈദ്യുതോർജ്ജം നല്കപ്പെടുന്ന ഒരു ഉപഭോക്താവ് |
| ആർ-എ.പി.ഡി. ആർ.പി പട്ടണങ്ങൾ | ബേസ് ലൈൻ ഡാറ്റ ശേഖരിക്കുന്നതിനും, എനർജി അക്കൗണ്ടിംഗ്/ഓഡിറ്റിംഗ് എന്നിവക്കും സ്വയം പ്രവർത്തിഗത സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനും വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും ഭാരത സർക്കാരിന്റെ റീസ്ട്രക്ചെർഡ് - ആക്സിലറേറ്റഡ് പവർ ഡെവലപ്മെന്റ് & റിഫോംസ് പ്രോഗ്രാം (ആർ-എ.പി.ഡി.ആർ.പി) നടപ്പിലാക്കിയ മേഖലകൾ |
| റേഡിയോ ഫ്രീക്വൻസി (ആർ.എഫ്.) | നേരിട്ടുള്ള വൈദ്യുത ബന്ധമില്ലാത്ത സർക്യൂട്ടുകൾക്കിടയിൽ വൈദ്യുതകാന്തിക വികിരണം ഉപയോഗിക്കുന്ന ഒരു സാങ്കേതികവിദ്യ |

| | |
|---|---|
| പുനർ നിർമ്മിക്കാവുന്ന ഊർജ്ജം | കാറ്റ്, സൗരോർജ്ജം, ബയോമാസ്, ജൈവ ഇന്ധനം, നഗര/ മുനിസിപ്പൽ മാലിന്യങ്ങൾ, ചെറുകിട, മിനി, മൈക്രോ ജലവൈദ്യുത സ്രോതസ്സുകൾ എന്നിവയിൽ നിന്ന് ഉത്പാദിപ്പിക്കുന്ന ഊർജ്ജം. കൂടാതെ, എം.എൻ.ആർ.ഇ അംഗീകരിച്ച മറ്റ് സ്രോതസ്സുകളും ഉൾപ്പെടുന്നു. |
| റിന്യൂവബിൾ എനർജി സർട്ടിഫിക്കറ്റ് (ആർ.ഇ.സി.) | പുനരുപയോഗ ഊർജ്ജം പ്രോത്സാഹിപ്പിക്കുന്നതിനും ആർ.പി.ഒ പാലിക്കൽ സുഗമമാക്കുന്നതിനുമായി യോഗ്യരായ പുനരുപയോഗ ഊർജ്ജ ഉത്പാദകർക്ക് സംസ്ഥാന നോഡൽ ഏജൻസി പുറപ്പെടുവിക്കുന്ന വിപണി അടിസ്ഥാനമാക്കിയുള്ള പത്രം/ ഉപകരണം. ഒരു ആർ.ഇ.സി 100 എം.യു. പുനരുപയോഗ ഊർജ്ജത്തിന് തുല്യമായിരുന്നു. |
| പുനരുപയോഗ വാങ്ങൽ ബാധ്യതകൾ (ആർ.പി.ഒ -കൾ) | ബാധ്യസ്ഥരായ സ്ഥാപനങ്ങൾക്ക് (ഡിസ്ട്രിബ്യൂഷൻ ലൈസൻസികൾ/ ഓപ്പൺ ആക്സസ് ഉപഭോക്താക്കൾ/ ക്യാപ്റ്റീവ് ഉപയോക്താക്കൾ) നിയുക്തമാക്കിയിട്ടുള്ള ലക്ഷ്യങ്ങൾ. ഇത്,ഒരു വർഷത്തിൽ അവർ ഉപയോഗിക്കുന്ന മൊത്തം ഊർജ്ജത്തിന്റെ ഒരു വിഹിതമായി പുനരുപയോഗിക്കാവുന്ന ഊർജ്ജം ഉപയോഗിക്കുന്നതിന് അവരെ നിയമപരമായി ബാധ്യസ്ഥരാക്കുന്നു. |
| റിംഗ് ഫെൻസിങ് | നെറ്റ് ഇൻപുട്ട് എനർജി അളക്കാൻ ഒരു വിതരണ ഏരിയയുടെ അതിർത്തിയിലും പ്രത്യേക ഫീഡറുകളിലും 33 kV/ 11 kV സബ്-സ്റ്റേഷൻ ലൈനുകളിലും ഇറക്കുമതി/ കയറ്റുമതി മീറ്ററുകൾ സ്ഥാപിക്കൽ. |
| സ്മാർട്ട് മീറ്ററിംഗ് സിസ്റ്റം | ഊർജ്ജ ഉപയോഗത്തെയും വിശകലനത്തെയും കുറിച്ചുള്ള തത്സമയ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ഒരു ദ്വിദിശ ആശയവിനിമയ ശൃംഖല.ഇത് ടൈം-ഓഫ്-ഡേ/ ടൈം-ഓഫ്-യൂസ് ബില്ലിംഗ്, പീക്ക് ഡിമാൻഡ് പ്രവചിക്കലും മാനേജ്മെന്റും, വൈദ്യുതി ഉപഭോഗത്തിൽ ഉപഭോക്തൃ നിയന്ത്രണം, പ്രീപെയ്ഡ് ബില്ലിംഗ് സൗകര്യം, റിമോട്ട് കണക്ഷൻ/ ലോഡ് വിച്ഛേദിക്കൽ, കൃത്യമായ ബില്ലിംഗ് തുടങ്ങിയവ പ്രാപ്തമാക്കുന്നു. |
| സിസ്റ്റം ആവറേജ് ഇന്ററപ്ഷൻ ഡ്യൂറേഷൻ ഇൻഡക്സ് (എസ്.എ.ഐ.ഡി.ഐ.) | ഒരു വർഷത്തിനിടയിൽ ഉപഭോക്താക്കൾ അനുഭവിച്ച തടസ്സങ്ങളുടെ ശരാശരി ദൈർഘ്യം. വാർഷിക ദൈർഘ്യം അല്ലെങ്കിൽ തുടർച്ചയായ തടസ്സങ്ങളുടെ മണിക്കൂറുകളുടെയും മൊത്തം ഉപഭോക്താക്കളുടെ എണ്ണത്തിന്റെയും അനുപാതമായി പ്രകടിപ്പിക്കുന്നു. |
| സിസ്റ്റം ആവറേജ് ഇന്ററപ്ഷൻ ഫ്രീക്വൻസി ഇൻഡക്സ് (എസ്.എ.ഐ.എഫ്.ഐ.) | ഡിസ്കോമിന്റെ വിതരണ സംവിധാനത്തിന്റെ വിശ്വാസ്യതയുടെയോ, ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന വൈദ്യുതിയുടെ ഗുണമേന്മയുടെയോ അളവുകോൽ. ഇത് ഒരു വർഷത്തിൽ ഉപഭോക്തൃ തടസ്സങ്ങളുടെ എണ്ണവും സേവിക്കപ്പെടുന്ന മൊത്തം ഉപഭോക്താക്കളുടെ എണ്ണവും തമ്മിലുള്ള അനുപാതമാണ്. |

| | |
|---|---|
| താരിഫ് | ഉചിതമായ റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചതോ, ലൈസൻസി അല്ലെങ്കിൽ വൈദ്യുതി ഉത്പാദന കമ്പനി നിർദ്ദേശിച്ചതോ ആയ വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനും പ്രക്ഷേപണം ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള ചാർജ്ജുകളുടെ ഷെഡ്യൂൾ (നിബന്ധനകളും വ്യവസ്ഥകളും അടക്കം). |
| ട്രൂയിംഗ് അപ്പ് | ഓഡിറ്റ് ചെയ്യപ്പെട്ട കണക്കുകളെ അടിസ്ഥാനമാക്കി ഒരു സാമ്പത്തിക വർഷത്തേക്കുള്ള വരുമാന മിച്ചം/വിടവ് ഉറപ്പിക്കുന്നതിനുള്ള ഒരു പ്രക്രിയ. |



© ഇന്ത്യയുടെ കംപ്ട്രോളർ ആൻഡ്
ഓഡിറ്റർ ജനറൽ
https://cag.gov.in

https://cag.gov.in/ag2/kerala/en